Reg. No. M. 2293

ഓരോപ്രതി 2ണ

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 29 | 1956 ജൂലൈ 4—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 മിഥുനം 20 | ലക്കം 44

## ഭാരതശ്ലീഹാ മാർത്തോമ്മാ നീണാൾ വിജയിപ്പൂതാക!

## മാർത്തോമ്മാശ്ലീഹായുടെ സംപൂജ്യാവശിഷ്ടങ്ങൾ

(റവ. ഫാദർ തോമസ് മുത്തേടൻ എം. എ., ഡി. ഡി.)

പൗരസ്ത്യതിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി കേരളം സന്ദർശിച്ച സന്ദർഭത്തിൽ ഓർട്ടോണായിൽനിന്നു കൊണ്ടുവന്നിരുന്ന മാർത്തോമ്മാശ്ലീഹായുടെ ഒരസ്ഥി കൊടുങ്ങല്ലൂരു ശ്ലീഹാ വന്നിറങ്ങിയതെന്നു കരുതപ്പെടുന്ന സ്ഥലത്തു നിർമ്മിതമായ കപ്പേളയിൽ സ്ഥാപിച്ചിട്ടുള്ളതു് മറക്കാൻമാത്രം പഴക്കമായിട്ടില്ലല്ലോ. പ്രസ്തുത തിരുശേഷിപ്പിന്റെ ചരിത്രം ഫാദർ ഹെമ്മന്റെ ഗ്രന്ഥത്തിൽനിന്നു സംക്ഷിപ്തമായി ഇവിടെ വിവരിക്കാം.

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിനുശേഷം അവിടുത്തെ തിരുശരീരം ഭക്തജനങ്ങൾ ചിന്നമലയിൽനിന്നെടുത്തു് അന്നും ഇന്നും ക്രിസ്ത്യാനികൾ കൂടുതലായി നിവസിച്ചിരുന്ന മൈലാപ്പൂരപട്ടണത്തിൽ സംസ്കരിച്ചു. സെന്റ് എഫ്രേം, അസെമ്മാനി തുടങ്ങിയ പ്രസിദ്ധ സുറിയാനി ചരിത്രകാരന്മാരും ഗ്രീക്ക ക്രിസ്തീയസാഹിത്യകാരന്മാരും പൊതുവെ അഭിപ്രായപ്പെടുന്നതു ശ്ലീഹായുടെ ശരീരം നാലാം ശതാബ്ദത്തിൽ എഡെസ്സായിലേക്കു കൊണ്ടുപോയെന്നാണ്. ഹബ്ബാൻ എന്നൊരു എഡേസൻ വ്യാപാരിയാണ തിരുശരീരം എടുപ്പിച്ചുകൊണ്ടുപോയതു്.

ആധുനിക ടർക്കിയിൽ സ്ഥിതിചെയ്യുന്ന ഉർഫാ (Urfa) എന്ന നഗരമാണു ചരിത്രപ്രസിദ്ധമായ എഡേസാ എന്നു പറയപ്പെടുന്നു. പേർഷ്യൻ സമരങ്ങളിലും ഗ്രിക്കറോമൻ യുദ്ധങ്ങളിലും ഈ നഗരം വലിയ ഒരു ഭാഗം വഹിച്ചിട്ടുണ്ട്. തിരുസ്സഭാചരിത്രത്തിൽ ഒരു ദൈവശാസ്ത്രപഠനകേന്ദ്രമായി അതു വിരാജിക്കുന്നു. പ്രളയവും ഭൂകമ്പവും നിമിത്തം നഗരം ക്രമേണ നശിച്ചുപോയി. 718-ലെ ഭൂകമ്പംകൊണ്ടു അതു ഭൂമിശാസ്ത്രത്തിൽനിന്നു തിരോഭവിച്ചു. അതിന്റെ സ്ഥാനത്താണ് അനന്തരകാലങ്ങളിൽ ഉർഫാനഗരം ഉയർന്നുവന്നതെന്നു വില്യം സ്മിത്തു പ്രസ്താവിച്ചുകാണുന്നു.

സെന്റ് എഫ്രേമിന്റെ ജീവിതകാലത്തു് (300—373) എഡേസയിൽ മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ ഒരു ദൈവാലയമുണ്ടായിരുന്നു. അവിടെയാണു ഹബ്ബാൻ ശ്ലീഹായുടെ തിരുശേഷിപ്പു സ്ഥാപിച്ചതു്. ഹബ്ബാനെപ്പററി സെന്റ് എഫ്രേം എഴുതിയിട്ടുള്ള ഒരു പദ്യം ഇവിടെ പരിഭാഷപ്പെടുത്തി ചേർക്കാം:

“ഹബ്ബാൻ പല വ്യാപാരങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്; ഇന്ത്യയിലേക്ക പല യാത്രകൾ ചെയ്തിട്ടുണ്ട്. അവിടെ കണ്ട ധനമെല്ലാം അഴുക്കായി അവൻ കരുതി. ഓ! മാർത്തോമ്മാ, അങ്ങയുടെ തിരുവസ്ഥിയോളം അമൂല്യമായി യാതൊന്നും അവിടെനിന്നു അവനു കിട്ടിയില്ല.”



ചേരലോകം ക്രിസ്തുധർമ്മോപചിത വിമലവിശ്വാസമാം “സത്യദീപം”
കാലേ കൂട്ടിക്കൊളുത്തിപ്പുരുകരുണയൊടേകിക്കേരളത്തെസ്സഹാർദ്ദം
മേലേ മേലേ തുണയ്ക്കും ഗുരുവര, “ഗുരുവോടൊത്തുടൻ പോയ് മരിക്കാം
ചാലേ നമ്മൾക്കു”മെന്നോതിയ തവ മൊഴി കാട്ടട്ടെ ഞങ്ങൾക്കു മാർഗ്ഗം

1144-ൽ മുഹമ്മദിയർ എഡേസ ആക്രമിച്ചു. ഭക്തജനങ്ങൾ ശ്ലീഹായുടെ ശരീരം കിയോസ് (Chios) എന്നൊരു ദ്വീപിലേക്ക മാററി. സംപൂജ്യമായ ശ്ലീഹായുടെ അവശിഷ്ടങ്ങളുടെമേൽ ഒരു കല്ലു വച്ചിരുന്നു. അതിൽ ശ്ലീഹായുടെ പേരും മുഖചിത്രവും മുദ്രണം ചെയ്തിരുന്നുവെന്നു സ്മർത്തവ്യമാണ്. ആ കല്ലു് ഇന്നും ഓർട്ടോണായിലെ കത്തീഡ്റലിൽ കാണാം.

1258-ലാണ് കിയോസ്ദ്വീപിൽനിന്നു ലിയോ അക്കാച്ചിയോളി (Leo Accaciyoli) ശ്ലീഹായുടെ ശരീരം ഓർട്ടോണായിലേക്കു സംവഹിച്ചുകൊണ്ടുപോയതു്. ഓർട്ടോണാ ഇററലിയിലെ ഒരു ചെറിയതുറമുഖപട്ടണമാണ്. റോമാനഗരത്തിൽനിന്നു സുമാർ 35 നാഴിക വടക്കുകിഴക്കു സ്ഥിതിചെയ്യുന്ന ഈ കൊച്ചുപട്ടണം. ആദ്യം നോർമൻകാരും അനന്തരം 1556-ൽ തുർക്കികളും ഈ പട്ടണം ആക്രമിക്കുകയും കത്തീഡ്റൽ വെടിമരുന്നിട്ടു കത്തിച്ചു ദഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആക്രമണംനിമിത്തം തിരുശേഷിപ്പുകൾ വച്ചിരുന്ന പെട്ടിയുടെ മീതെയുണ്ടായിരുന്ന ബലിപീഠം തകർന്നുവീഴുകയും കിയോസിൽനിന്നു കൊണ്ടുവന്ന കല്ലു പൊട്ടിപ്പോകുകയും ശ്ലീഹായുടെ തിരുശിരസ്സ് ഛിന്നഭിന്നമാകുകയും ചെയ്തു. ശ്രമകരമായ അന്വേഷണം നടത്തി കഷണങ്ങൾ എല്ലാം കണ്ടുപിടിച്ചു യോജിപ്പിച്ചുവച്ചു. വെള്ളികൊണ്ടു് ഉണ്ടാക്കിയ ഒരു അർദ്ധകായപ്രതിമയിൽ തലയോടു് ഇന്നു യോജിപ്പിച്ചുവച്ചിരിക്കയാണ്. ശേഷം അസ്ഥികളെല്ലാം ഒരു ഓട്ടുപാത്രത്തിൽവച്ചു പൂട്ടി ഒരു മാർബിൾ അൾത്താരയുടെ കീഴ സൂക്ഷിച്ചുവന്നിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിൽ ഓർട്ടോണാ കത്തീഡ്റൽ വീണ്ടും ആക്രമണത്തിനു വിധേയമായി. 1943 ഡിസംബർ 21-ാംനു ശ്ലീഹായുടെ തിരുനാൾദിവസം തന്നെ കത്തീഡ്റലിനു ഡൈനമൈറു വച്ചു വലിയ ഒരു ഭാഗം നിലംപതിപ്പിച്ചു. ശ്ലീഹായുടെ തിരുശേഷിപ്പു സൂക്ഷിച്ചുവച്ചിരുന്ന ബലിപീഠം തകർന്നുപോയെങ്കിലും തിരുശേഷിപ്പു സൂക്ഷിച്ചുവച്ചിരുന്ന പെട്ടിക്കു കേടുപാടൊന്നും വന്നില്ല. അതു് ഇന്നു പള്ളിക്കാര്യംവക ഒരു മുറിയിൽ ഭദ്രമായി സൂക്ഷിച്ചുവച്ചിരിക്കയാണ്. തലയോടിരിക്കുന്ന വെള്ളിപ്രതിമ ആർക്കും കാണാൻ പാടില്ലാത്ത വിധം കല്ലുകെട്ടി അടച്ചിരിക്കുന്നു. പ്രതിമ ഇരിക്കുന്ന സ്ഥലം എവിടെയാണെന്നുള്ളതു രഹസ്യമാണ്.

ഓർട്ടോണാ നിവാസികൾക്കു ശ്ലീഹായുടെ തിരുശേഷിപ്പുകളോടു് അഗാധഭക്തിയാണുള്ളതു്. അവിടെ പല അത്ഭുതങ്ങളും നടക്കുന്നതായി അവർ പറയുന്നുമുണ്ട്. 1905-ൽ മൈലാപ്പൂര മെത്രാനച്ചൻ ഓർട്ടോണാ സന്ദർശിച്ച അവസരത്തിൽ ജനങ്ങൾ പ്രദർശിപ്പിച്ച ഭക്തിബഹുമാനങ്ങൾ ഒരു ഇടയലേഖനത്തിൽ അദ്ദേഹം രേഖപ്പെടുത്തിക്കാണുന്നു. മൈലാപ്പൂരുനിന്നുവന്ന തിരുശേഷിപ്പാണു തങ്ങളുടെ കൈവശമിരിക്കുന്നതെന്നുള്ള ബോദ്ധ്യമാണു് ഇത്രയധികം ബഹുമാനം തന്നോടു കാണിക്കുന്നതിനു് ഇടവരുത്തിയതെന്നു പ്രസ്തുത ഇടയലേഖനത്തിൽ പറയുന്നുണ്ട്.

ഓർട്ടോണായിൽ സവിശേഷമായ ബഹുമാനത്തിനു വിധേയമായിരിക്കുന്ന ശ്ലീഹായുടെ സംപൂജ്യ അവശിഷ്ടങ്ങളിൽനിന്നാണു് അവിടുത്തെ കരത്തിലെ ഒരസ്ഥി നമുക്കായി ഓർട്ടോണായിൽനിന്നു വാങ്ങി കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി 1953 നവംബർ 11-ാംനു ഇവിടെ കൊണ്ടുവന്നതു്. അതു് ഇന്നു കൊടുങ്ങല്ലൂരു മനോഹരമായ ഒരു കപ്പേളയിൽ സൂക്ഷിച്ചുവരുന്നു. ശ്ലീഹാ നമ്മോടുകൂടെയുണ്ടെന്നുള്ള ഒരു പ്രതീതി അന്നു മുതൽ നമുക്കുണ്ട്. തലശ്ശേരിരൂപത ഉടലെടുത്തു. കേരളസുറിയാനി ഹയരാർക്കിയുടെ അതിർത്തികൾ ഒപ്പിച്ചു മാററിവച്ചു.

വിമർശനപംക്തി

# അന്ധവിശ്വാസികൾ

(തുടർച്ച)

ഇടവം ലക്കം യുക്തിവാദിയിൽ എം. സി. എഴുതിയിരുന്ന "നീരുറവയുടെ അത്ഭുതസിദ്ധി" എന്ന ലേഖനത്തിൽ കൊള്ളിച്ചിരുന്ന ചില അന്ധവിശ്വാസങ്ങളെപ്പററി കഴിഞ്ഞലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. ചിലതുകൂടി ചൂണ്ടിക്കാണിക്കാം:-

6. ലൂർദ്ദിൽ ബെർണ്ണദീത്താഷ്ക്കു പ്രത്യക്ഷപ്പെട്ട കന്യകാമറിയം "സമീപമുള്ള നീരുറവയിൽ കുടിക്കുകയും കുളിക്കുകയും ചെയ്യുവാൻ" ബാലികയോടു പറഞ്ഞുവെന്നു യുക്തിവാദിപ്പത്രാധിപർ പറയുന്നു. ഇതു മനഃപൂർവ്വമായ കൃത്രിമമല്ലെങ്കിൽ, കേവലമായ അന്ധവിശ്വാസമാണ്. എന്തെന്നാൽ സമീപമുള്ള നീരുറവയിൽ കുളിക്കാനും കുടിക്കാനുമല്ലാ പരിശുദ്ധകന്യകാമറിയം ആവശ്യപ്പെട്ടതു്. എന്നുതന്നെയല്ലാ സമീപമുള്ള നീരുറവയിൽനിന്നും കുടിക്കരുതെന്നു പരിശുദ്ധമറിയം ഖണ്ഡിതമായി ആവശ്യപ്പെടുകപോലും ചെയ്തു.

പരിശുദ്ധമറിയം 1858 ഫെബ്രുവരി 25-ാംതിയതി പ്രത്യക്ഷപ്പെട്ടപ്പോൾ, അടുത്തുള്ള ഉറവയിൽനിന്നും കുടിക്കുവാൻ ബെർണ്ണദീത്തായോടു ആവശ്യപ്പെട്ട ഉറവ കാണാഞ്ഞതിനാൽ സമീപമുള്ള നീരുറവയിലേക്കു അവൾ പുറപ്പെട്ടു. അവിടെനിന്നല്ലാ കുടിക്കേണ്ടതെന്നു കന്യകാമറിയം ഖണ്ഡിതമായി അവളോടു കല്പിച്ചു. അവൾ ചുററുംനോക്കി. ഉറവ കാണാനില്ല. ഒരു ചെറുചെടി ചൂണ്ടിക്കാണിച്ചുകൊണ്ടു അതു തിന്നുവാൻ കന്യകാമറിയം അവളോടു പറഞ്ഞു. അവൾ അതനുസരിക്കുകയും ആ ചെടിനിന്ന സ്ഥലത്തു് അല്പം കുഴിക്കുകയും ചെയ്തു. അവിടെ സ്വല്പം കലക്കവെള്ളം കണ്ടു. അവൾ അതു കുടിച്ചു. ആ കുഴിയിൽനിന്നു് ഒരു ഉറവ പുറപ്പെട്ടു. അതാണു ലൂർദ്ദിലെ പ്രസിദ്ധമായ ഉറവ. 1858 വരെ അവിടെ ഉറവ ഉണ്ടായിരുന്നില്ല. അനേകായിരം ജനങ്ങളുടെ സാന്നിദ്ധ്യത്തിലാണു ഇതു സംഭവിച്ചതു്. അതുതന്നെ ഒരത്ഭുതമല്ലേ? നിരക്ഷരകുക്ഷിയായ ഒരു ബാലിക ഒരു ചെറുകുഴി കുഴിക്കുക, അവിടെനിന്നും ഇദംപ്രഥമമായി ഒരു ഉറവ പുറപ്പെടുക, അതു കഴിഞ്ഞ 100 കൊല്ലങ്ങളായി അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരിക്കുക. ഈ വസ്തുതകൾ ഗോപനം ചെയ്യുവാനാണു "സമീപമുള്ള നീരുറവ"യെന്നു യുക്തിവാദി പറഞ്ഞൊഴിയുന്നതു്.

7. "നീരുറവയിൽ ചെന്നു കുളിക്കുകയും കുടിക്കുകയും ചെയ്യവർക്കു അത്ഭുതരോഗശാന്തി ലഭിക്കുന്നു എന്ന വർത്തമാനം സഫലമായി പരത്താൻ അവിടത്തെ മതമേധാവികൾക്കു സാധിച്ചു" എന്നു എം. സി. പറയുന്നതും മനഃപൂർവ്വമായ വഞ്ചനയല്ലെങ്കിൽ ഗർഹണീയമായ അന്ധവിശ്വാസമാണ്. എന്തെന്നാൽ ശ്രേനകുഥയുമായി തന്നെ സമീപിച്ച ബാലികയെ ചൂരലെടുത്തു തല്ലുമെന്നു പറഞ്ഞു ആട്ടിയോടിക്കുകയാണു ലൂർദ്ദിലെ മതാധികാരി ചെയ്തതു്. ഫാദർ ഡോമിനിക്ക് പെയ്റാമൽ അവസാനംവരെ ആ ബാലികയെ വിശ്വസിച്ചില്ലെന്നുള്ളതു കുപ്രസിദ്ധമാണ്: മഞ്ഞുനിറഞ്ഞ ആ ഹേമന്തകാലത്തു്, മെസാബെല്ലിയ്ക്കു പാറക്കെട്ടിൽ ഒരു റോസച്ചെടി പുഷ്പിച്ചുകാണാതെ താൻ വിശ്വസിക്കുകയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രത്യുത്തരം. 1862 വരെ സ്ഥലത്തെ മെത്രാൻ ഈ ദർശനങ്ങളെപ്പററി യാതൊരു അഭിപ്രായവും രേഖപ്പെടുത്തിയില്ല, വൈദികരാരും അവിടേക്കു പോകരുതെന്നു കല്പിച്ചിരുന്നതൊഴിച്ചു്. അത്ഭുതരോഗശാന്തിയെപ്പററിയുള്ള വർത്തമാനം പരത്താൻ മതമേധാവികൾ ശ്രമിച്ചു് എന്നു്, വസ്തുതകൾക്കെതിരായി, എം. സി. ഇപ്പോഴും വിശ്വസിക്കുന്നുണ്ടെങ്കിൽ അതു അന്ധവിശ്വാസമാകുന്നു.

8 "ലൂർദ്ദിന്റെ അത്ഭുതസിദ്ധിയെപ്പററി പ്രകീർത്തിക്കാൻ സ്ഥാപിതതാല്പര്യമുള്ളവരാണു കത്തോലിക്കാമതമേധാവികളും ആ പട്ടണവാസികളെല്ലാവരും." എന്നതു മറെറാരു അന്ധവിശ്വാസമാണ്. എന്തുകൊണ്ടെന്നാൽ മറിച്ചായിരുന്നു അനുഭവം. ലൂർദ്ദിൽ പരിശുദ്ധകന്യക പ്രത്യക്ഷപ്പെട്ടുവെന്ന കാരണംകൊണ്ടുതന്നെ ആ ബാലികയും ലൂർദ്ദിലെ ജനങ്ങളും പലവിധ മർദ്ദനങ്ങളും അധികാരികളിൽനിന്നു് അനുഭവിക്കേണ്ടിവന്നു. ആ പട്ടണവാസികളായിരുന്നെങ്കിൽ, സ്വാധീനശക്തിയുള്ളവരെല്ലാംതന്നെ അവിശ്വാസികളായിരുന്നതിനാൽ, ലൂർദ്ദിന്റെ അത്ഭുതസിദ്ധിയെ നിസ്സാരീകരിക്കുവാനാണു് അവർ ശ്രമിച്ചതു്. മതമേധാവികളുടെകാര്യം മുൻപേ പറഞ്ഞുവല്ലോ.

9. "ഒരു വെറും നീരുറവയല്ല, ആ പട്ടണത്തിനും കത്തോലിക്കാമതത്തിനും ഒരു വലിയ പണമുറവതന്നെ കണ്ടുപിടിച്ചുകൊടുത്ത അവളെ ഒരു കന്യാസ്ത്രീയാക്കി സകലവിധ സുഖസൗകര്യങ്ങളോടെ പൂജ്യനിലയിലാണു മതാധികാരികൾ പരിപാലിച്ചിരുന്നതു്" എന്നുള്ള യുക്തിവാദിയുടെ അഭിപ്രായം പതിരില്ലാത്ത ഒരന്ധവിശ്വാസമാണ്. ബെർണ്ണദീത്താ ഒരു കന്യാസ്ത്രീയായി എന്നതു ശരി. "സകലവിധ സുഖസൗകര്യങ്ങളോടെ പൂജ്യനിലയിൽ പരിപാലിച്ചു" എന്നതു പച്ചക്കള്ളം. കന്യാസ്ത്രീമഠത്തിൽ പാത്രങ്ങൾ കഴുകിയും, ആശുപത്രിയിൽ രോഗികളെ ശുശ്രൂഷിച്ചും കഴിഞ്ഞിരുന്ന ഒരു ഉപവിയുടെ കന്യാസ്ത്രീയുടെ സകലവിധ സുഖസൗകര്യങ്ങൾ എന്തൊക്കെയെന്നു അനുകരസിദ്ധമല്ലേ? പോരെങ്കിൽ സഹകന്യാസ്ത്രീകളുടെ ഭത്സനവും പരിഹാസവുംകൂടെയാകുമ്പോൾ!! എന്നാലും "ഒരു മാനസികരോഗിണിയും അസാധ്യംനിറഞ്ഞ ശരീരപ്രകൃതക്കാരിയു"മായ ബെർണ്ണദീത്താ, 14-ാമത്തെ വയസ്സിൽ "ആ പട്ടണത്തിനും കത്തോലിക്കാമതത്തിനും ഒരു വലിയ പണമുറവ" കണ്ടുപിടിച്ചുകൊടുത്തെങ്കിൽ അതുതന്നെ ഒരത്ഭുതമല്ലേ?

10. "ദിവ്യനീരുറവകൊണ്ടു് അവൾക്കു ഗുണം സിദ്ധിക്കാതെ, 35-ാമത്തെ വയസ്സിൽ അരിഷ്ടിച്ചുകിടന്നു മരിച്ചുപോയതാൻ മാത്രമുള്ളതമായിരുന്നു അവൾക്കുണ്ടായ ദൈവാനുഗ്രഹവും ദൈവമാതാവിന്റെ ദർശനവും" എന്നതു മറെറാരു അന്ധവിശ്വാസമാണ്. ഈ വാചകത്തിന്റെ നേരെ മുകളിലത്തെ വാചകത്തിലാണു സകലവിധ സുഖസൗകര്യങ്ങളോടെ പൂജ്യനിലയിൽ ബെർണ്ണദീത്താ കഴിഞ്ഞുപോന്നിരുന്നുവെന്നു യുക്തിവാദി പറയുന്നതു്. ഇതു പൂർവ്വാപരവിരുദ്ധമല്ലയെന്നൊന്നും ചോദിക്കരുതു്. ഇത്തരം വാദഗതികൾ യുക്തിവാദിക്കു സഹജമാണ്. ഇതില്ലെങ്കിൽ അവർക്കു നിലനില്പുതന്നെയില്ല. അവൾ വളരെ കഷ്ടപ്പെടേണ്ടിവന്നുവെന്നതു ശരിതന്നെ. പക്ഷെ അതുതന്നെ അവൾക്കുണ്ടായ ദൈവാനുഗ്രഹത്തിന്റെ ഫലമായിരുന്നു. എന്തെന്നാൽ മൂന്നാമത്തെ ദർശനവേളയിൽ കന്യകാമറിയം അവൾക്കുറപ്പുനൽകിയതു്: "നിന്നെ മാന്യവതിയാക്കാമെന്നു ഞാൻ ഉറപ്പുനൽകുന്നു; പക്ഷെ ഈ ലോകത്തിലല്ലാ, പരലോകത്തിൽ" എന്നായിരുന്നു. കന്യക ആ ഉറപ്പനുസരിച്ചുതന്നെ പ്രവർത്തിച്ചു. വിശുദ്ധയായ ബെർണ്ണദീത്തായുടെ ശവശരീരം നെവേഴ്സിലെ കന്യകാമഠകപ്പേളയിൽ അക്ഷതമായി സ്ഥിതിചെയ്യുന്നു; അവളോ സ്വർഗ്ഗത്തിലും.

11. "69 കർദ്ദിനാളന്മാരും 19 പാത്രിയർക്കീസ്മാരും 10 ആർച്ചുബിഷപ്പുമാരും 546 ബിഷപ്പുമാരും ഉൾപ്പെടെ 2013 പുരോഹിതർ അടങ്ങിയ ഒരു ബൃഹത്തായ വൈദികവ്യൂഹമാണു് ലൂർദ്ദിലേക്കുള്ള ആദ്യത്തെ ദേശീയതീർത്ഥാടകസംഘത്തെ സംഘടിപ്പിച്ചതും നയിച്ചതും" എന്നുള്ള യുക്തിവാദിയുടെ പ്രസ്താവം പച്ചക്കള്ളമാണ്. നിൽക്കക്കള്ളിയില്ലാത്ത സ്വാന്തം വികത്ഥനങ്ങൾക്കു പിന്താങ്ങായി പച്ചക്കള്ളങ്ങൾ ഉദ്ധരിക്കുക യുക്തിവാദി എന്നും സ്വീകരിക്കുന്ന ഒരടവാണ്. എന്താണു വസ്തുത? ലൂർദ്ദിലെ ദർശനങ്ങളുടെ കനകജൂബിലി 1908ൽ ആഘോഷിക്കുകയുണ്ടായി. ആ ജൂബിലിവർഷത്തിന്റെ അവസാനമായപ്പോഴേക്കും "69 കർദ്ദിനാളന്മാരും 19 പാത്രിയർക്കീസുമാരും 10 പ്രൈമേററുമാരും 546 ആർച്ചുബിഷപ്പുമാരും ഉൾപ്പെടെ 2013 വൈദികർ ലൂർദ്ദിലേക്കു തീർത്ഥയാത്ര ചെയ്യുകയുണ്ടായി" എന്നു "കാത്തലിക് എൻസൈക്ലോപീഡിയാ" പറയുന്നുണ്ടു്.

ഒരു കൊല്ലംകൊണ്ടു ഇത്ര പേർ ലൂർദ്ദിലേക്കു തീർത്ഥയാത്ര പോയി എന്നു പറയുന്നതും ഇത്രയും പേർ കൂടി "ആദ്യത്തെ ദേശീയതീർത്ഥാടകസംഘത്തെ സംഘടിപ്പിക്കുകയും നയിക്കുകയും ചെയ്തു"വെന്നു പറയുന്നതും തമ്മിലുള്ള വ്യത്യാസം യുക്തിവാദിക്കു് അറിഞ്ഞുകൂടെന്നു വരുമോ? മതാധികാരികളാണു് തീർത്ഥയാത്രകൾ സംഘടിപ്പിക്കുന്നതെന്നു വരുത്തണം. അതിനാണു് ഈവിധമായ ഒരു കൃത്രിമം പ്രയോഗിക്കുവാൻ അവർ മുതിന്നതു്. 1873 ലാണു് ആദ്യത്തെ ദേശീയതീർത്ഥാടനസംഘം ലൂർദ്ദിലേക്കു പോയതു്. അന്നു അതുകൂടി 69 കർദ്ദിനാളന്മാർ കത്തോലിക്കാസഭയിലുണ്ടായിരുന്നില്ല. നോക്കുക "യുക്തിവാദി"യുടെ അന്ധവിശ്വാസങ്ങൾ!

—o—

# നിര്യാതനായി



കൈപ്പട്ടൂർ ഇടവകാംഗമായ റവ. ഡീക്കൻ ജോർജ്ജ് തേലക്കാട്ടുപറമ്പിൽ അവർകൾ വെല്ലൂർ ആസ്പത്രിയിൽവച്ചു ജൂൺ 17-ാം തിയതി നിര്യാതനായിരിക്കുന്നു. ഉദരസംബന്ധമായ രോഗത്തിനു വേണ്ടി നടത്തിയ ശസ്ത്രക്രിയയെ തുടർന്നു രണ്ടു മാസക്കാലമായി അവിടെ ചികിത്സയിലായിരുന്നു പരേതൻ. മൃതദേഹം പിറേറദിവസം കാർമ്മാഗ്ഗം സ്വന്തം ഇടവകയിലേക്കു കൊണ്ടുവരികയും വെരി റവ. ഫാദർ മാത്യു വടക്കേൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും അനേകം വൈദികരുടെയും പരേതന്റെ സഹപാഠികളായ ഡീക്കൻമാരുടെയും സഹകരണത്തിലും വമ്പിച്ചൊരു ജനാവലിയുടെ സാന്നിദ്ധ്യത്തിലും യഥാവിധി സംസ്കരിക്കുകയും ചെയ്തു. നേരത്തെ പള്ളിയിൽവച്ചു് എറണാകുളം പെററിസെമ്മിനാരി റെക്ടർ റവ. ഫാദർ ഗീവർഗീസ് മൊതകുന്നേൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങൾ നടത്തപ്പെടുകയുണ്ടായി. വെരി റവ. ഫാദർ ജി. പുത്തൻകര, റവ. സേവ്യർ ഓലിക്കൽ, റവ. ഫാദർ മല്ലശ്ശേരി എന്നിവർ ചരമപ്രസംഗങ്ങൾ നടത്തി. മംഗലപ്പുഴ അപ്പസ്തോലിക് സെമിനാരിയിൽ വൈദികവിദ്യാഭ്യാസം നടത്തിവരികയായിരുന്ന പരേതൻ ഇക്കഴിഞ്ഞ മാർച്ചിലാണു് ആറാംപട്ടം സ്വീകരിച്ചതു്. ഈ ബ്ര. ശെമ്മാശ്ശന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ദുഃഖിതരായ എല്ലാവരേയും അനുശോചിക്കുകയും ചെയ്തുകൊള്ളുന്നു.

R. I. P.

# പ്രഥമ ചരമവാർഷികം



ശ്രീ ചേറൂർ ചാക്കോ തൊമ്മൻ പെരിങ്ങഴ

മരണം 4—7—1955

"ദയാപരനായ ഈശോ, ഈ ആത്മാവിനു നിത്യാശ്വാസം നൽകണമെ."

R. I. P.

By his beloved Son.

പ്രത്യക്ഷമായതുതന്നെയായിട്ടാണു് ഈ സംഭവത്തെ ഞാൻ വീക്ഷിക്കുന്നതു്. ശ്ലീഹായുടെ പ്രതിനിധികളായി അവിടുത്തെ സന്താനങ്ങൾ കന്യാകുമാരിമുതൽ ഹിമാലയംവരെയും അതിനപ്പുറം എത്തിയോപ്പിയാവരെയും മതപ്രസംഗവേലയിൽ സഹകരിച്ചുവരുന്നു. ഈ അത്ഭുതം ഇന്നത്തെ വേദിയിൽ പുരോഗമിക്കുകയാണെങ്കിൽ ശ്ലീഹായുടെ പ്രേഷിതതപത്തിന്റെ നവോത്ഥാനമായി പരിണമിക്കും. 1952-ലെ ശതാബ്ദാഘോഷവും 1953-ലെ തിരുശേഷിപ്പുസ്ഥാപനവും കഴിഞ്ഞുവരുന്ന ഈ കാലഘട്ടം. എന്നാൽ ഈ നവോത്ഥാനത്തിന്റെ വിജയം കേരളീയരായ അവിടുത്തെ മക്കളെയാണു് ആശ്രയിച്ചുനില്ക്കുന്നതു്. ശ്ലീഹായുടെ ചൈതന്യം അവരുടെ സിരകളിൽ ഒഴുകണം, നാവിലോ തൂലികയിലോ വർത്തിച്ചാൽ പോരാ. "നമുക്കും പോയി അവിടുത്തോടുകൂടെ മരിക്കാം" എന്നാണു ശ്ലീഹാ പറഞ്ഞുവന്നിരുന്നതു്; പ്രവൃത്തികൊണ്ടു് അവസാനം ഉദാഹരിച്ചതും. ജൂലായ് 3-ാംനു ആഘോഷിക്കുന്ന ശ്ലീഹായുടെ രക്തസാക്ഷിത്വത്തിനാൽ നൽകുന്ന ആഹ്വാനം ഇതാണു്. ചിലർ പറയും ജൂലായ് 3-ാംനു ശ്ലീഹായുടെ "ശരീരമാററ"ത്തിരുനാളാണെന്നു്. റോമൻ മാർട്ടിറോളജിയും സാക്ഷ്യമായി ഉദ്ധരിക്കും. എന്നാൽ ഞാൻ ചോദിക്കുന്നു; ശ്ലീഹായുടെ തിരുശേഷിപ്പ് ഇവിടെനിന്നു കൊണ്ടുപോകുമ്പോൾ നമുക്കു ദുഃഖമാണോ തിരുനാളാഘോഷമാണോ കരണീയം? എടുത്തുകൊണ്ടുപോകുന്ന സമയത്തു നമ്മൾ ഇറങ്ങിപ്പുറപ്പെട്ടാൽ അനുവദിക്കുമോ; എന്നിട്ടു് അതിന്റെ വാർഷികം തിരുനാളായി ആഘോഷിക്കുമോ? അതോ അതിന്റെ നഷ്ടത്തിൽ ദുഃഖം ആചരിക്കുമോ? അതിനാൽ കേരളസുറിയാനികളുടെ ജൂലായ് 3-ാംതിയതിയിലെ തിരുനാൾ "ദുക്റാന"യാണു്; അതായതു രക്തസാക്ഷിത്വമാണു്. പ്രസ്തുത സ്മരണ ഹൃദയപൂർവ്വം തിരുസ്സമരണം ചെയ്യുവാൻ സർവ്വരേയും ഉത്തേജിപ്പിക്കട്ടെ.



കൊടുങ്ങല്ലൂരിൽ മാർത്തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന പേടകം

# ആരാണീ യഹോവായുടെ സാക്ഷികൾ?

(റവ. ജോൺ ഏ. ഒബ്രയൻ)

ഒരു വില്പനക്കാരൻ നിങ്ങളുടെ വീട്ടുവാതില്ക്കൽവന്നു മുട്ടുകയും, ലോകാവസാനവും ആർമഗെഡോൺസമരവും, ലോകത്തിൽ ഒരു സ്വർഗ്ഗീയരാജ്യത്തിന്റെ സ്ഥാപനവും അത്യാസന്നമായിരിക്കുന്നുവെന്നു പറയുന്ന ഒരു പുതിയ തരം താർക്കികമതം നിങ്ങൾക്കു വില്ക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടോ? ആത്മാവുകളുടെ രക്ഷയും, "വാച്ച് ടവർ ആൻറ് എവേക്ക്" മാസികകളും വില്ക്കുവാൻ വീടുതോറും നടക്കുന്ന ഇയാൾ യഹോവായുടെ സാക്ഷികൾ (Jehovah's Witnesses) എന്നറിയപ്പെടുന്ന ഒരു സമൂഹത്തിന്റെ സ്വയംപ്രേരിതനായ ഒരു ശുശ്രൂഷകനാണ്.

ആരാണീ യഹോവായുടെ സാക്ഷികൾ? ഈ വിചിത്രസമൂഹത്തിന്റെ സ്ഥാപകൻ ആരാണ്? അവർ പഠിപ്പിക്കുന്നതെന്താണ്? അവരുടെ മിഷനറി ശുഷ്കാന്തിയുടെ രഹസ്യമെന്താണ്? പലരുടേയും മനസ്സിൽ ഉദിച്ചേക്കാവുന്ന ചോദ്യങ്ങളാണിവ. അമേരിക്കയിൽ വിരിഞ്ഞുണ്ടായിട്ടുള്ളതിൽ ഏററവും വിചിത്രവും ഏററവും സാങ്കല്പികവുമായ ഒരു സമൂഹമാണിതു്. വിശ്വാസത്തിന്റെ വിലക്ഷണപരവും അവിശ്വസനീയവുമായ സ്വഭാവത്തിൽ മാത്രമല്ല, അതിന്റെ അംഗങ്ങളുടെ കുരിശുയുദ്ധപരമായ ശുഷ്കാന്തിയിലും യഹോവായുടെ സാക്ഷികൾ അമേരിക്കയിൽതന്നെയുണ്ടായ മററു രണ്ടു മതസംഘടനകളായ മോർമണിസത്തോടും ക്രിസ്ത്യൻ സയൻസിനോടും മത്സരിക്കുകയാണ്.

പെൻസിൽവാനിയായിലെ അലിഗെനിയിലുള്ള ഒരു ജവുളിക്കച്ചവടക്കാരനായ ചാറത്സ് ടേസ് റസ്സലാണു 1872-ൽ ഇതു സ്ഥാപിച്ചതു്. ഇക്കാലത്തിനിടയ്ക്കു് ഈ സമൂഹം പല പേരുകളിലൂടെ കടന്നുപോന്നിട്ടുണ്ടു്. "സഹസ്രാബ്ദോദയം" എന്നു റസ്സൽ നാമകരണംചെയ്ത ഒരു സിദ്ധാന്തത്തെപ്പററി അദ്ദേഹം പ്രസംഗിച്ചിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ അനുഗാമികളെ "സഹസ്രാബ്ദോദയക്കാർ" (Millenial Dawnists) എന്നു വിളിച്ചിരുന്നു. പിന്നീടു് റസ്സൽമതക്കാർ, വാച്ച്ടവർ ബൈബിൾക്കാർ, സ്വർഗ്ഗരാജ്യബൈബിൾവിദ്യാർത്ഥി അസോസിയേഷൻ, റതർഫോർഡൈറുകൾ, ഒടുവിൽ അദ്ദേഹത്തിന്റെ മരണത്തിനുശേഷം, യഹോവായുടെ സാക്ഷികൾ എന്നീ പേരുകളിൽ അറിയപ്പെട്ടു.

1852-ൽ പിററ്സ്ബർഗ്ഗിൽ ഭൂജാതനായ ചാറത്സ് ടി റസ്സൽ, ജോസഫ് എൽ. റസ്സൽ, അന്ന എലിസാ റസ്സൽ എന്നീ ദമ്പതികളുടെ രണ്ടാമത്തെ പുത്രനായിരുന്നു. പ്രസ്ബിറേററിയൻ എന്ന പ്രൊട്ടസ്റ്റൻറു സഭാവിഭാഗത്തിലാണു ചെറുപ്പത്തിൽ അദ്ദേഹം വളർത്തപ്പെട്ടതു്. എന്നാൽ പിന്നീടു കോൺഗ്രിഗേഷനൽ എന്ന പ്രൊട്ടസ്റ്റൻറുവിഭാഗത്തിലെ ഒരു അംഗമായിത്തീർന്നു. യാതൊരു കോളേജിലും പഠിക്കാൻ അവസരമുണ്ടായിട്ടില്ല. ജവുളിവ്യാപാരത്തിൽ പിതാവിന്റെ സഹായിയായി ജോലിയിൽ ഏർപ്പെട്ടു.

## 2

തന്റെ പിതാവിന്റെ തൊഴിൽസംബന്ധിച്ചുള്ള സഞ്ചാരത്തിനിടയിൽ ഒരിക്കൽ ഒരു സമ്മേളനമുറിയിൽ പ്രവേശിക്കുന്നതുവരെ റസ്സൽ ഒരു ഒന്നാംതരം കോൺഗ്രിഗേഷനലിസ്റ്റായിരുന്നുവെന്നാണു പഴയ "സാക്ഷിക"ളുടെയിടയിൽ പരക്കെയുള്ള അഭിപ്രായം. ആ മുറിയിൽവെച്ചു വേദപുസ്തകവിഷയങ്ങളെപ്പററി—പ്രത്യേകിച്ചു് നരകത്തെക്കുറിച്ചുള്ള സിദ്ധാന്തത്തെപ്പററി—അയാൾ ഒരു വാദപ്രതിവാദത്തിലേർപ്പെട്ടു. ഈ സിദ്ധാന്തത്തിലുള്ള റസ്സലിന്റെ വിശ്വാസത്തെ എതിരാളി തകർത്തുകളഞ്ഞു. ക്രിസ്തീയവിശ്വാസത്തിലെ മററു സിദ്ധാന്തങ്ങളേയും ചോദ്യംചെയ്യുന്നതിനും, പിന്നീടു നിഷേധിക്കുന്നതിനും ഇതു റസ്സലിനു പ്രചോദനം നൽകി.

ഏതാണ്ടിക്കാലത്തു്, 1829-ൽ വില്യം മില്ലർ എന്നയാൾ സ്ഥാപിച്ച "സെക്കണ്ട്ഡേ അഡ്വെൻറിസ്റ്റ്സ്" എന്ന സമൂഹത്തിന്റെ ആശയങ്ങളാൽ റസ്സൽ വളരെയധികം ആകൃഷ്ടനായി. ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനം 1840-ൽ കൃത്യമായി സംഭവിക്കുമെന്നുള്ളതായിരുന്നു സെക്കണ്ട്ഡേ അഡ്വെൻറിസ്റ്റുകാരുടെ പ്രത്യേകമായ വിശ്വാസം. ഇതു സംഭവിക്കാതെ വന്നപ്പോൾ, മിക്ക അനുഗാമികളും നഷ്ടവിശ്വാസികളായി ആ സമൂഹത്തിൽനിന്നും പിന്മാറി. പിന്നേയും ആ വിശ്വാസത്തോടു പററിക്കൂടിനിന്നവരുമായി റസ്സൽ പരിചയത്തിലായി എന്നും, അവരിൽനിന്നും ലോകത്തിന്റെ അത്യാസന്നമായ അവസാനത്തേയും, സഹസ്രാബ്ദവാഴ്ചയുടെ ആസന്നതയേയുംപററിയുള്ള ആശയങ്ങൾ കരസ്ഥമാക്കിയെന്നും വിശ്വസിക്കപ്പെടുന്നു.

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടംകൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി,
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്

1872-ൽ, 20-ാമത്തെ വയസ്സിൽ, ചാറത്സ് ഒരു പുതിയ മതത്തിന്റെ "സുവിശേഷം" പ്രസംഗിക്കാൻതുടങ്ങി. ആ മതം നരകത്തിന്റെ അസ്തിത്വത്തേയും ആത്മാവിന്റെ അമർത്ത്യതയേയും നിഷേധിക്കുന്നതും, ഭൂമിയിൽ ഒരു സ്വർഗ്ഗീയരാജ്യം ഉടൻതന്നെ സ്ഥാപിതമാകുമെന്നു പ്രഖ്യാപിക്കുന്നതുമായിരുന്നു. അയാളും ചില യുവസ്നേഹിതന്മാരുംകൂടി ഒരു ബൈബിൾക്ലാസ്സ് തുടങ്ങി. തങ്ങളുടെ സ്വന്തം ബാലിശമായ രീതിയിൽ വിവിധ വേദപുസ്തകവാക്യങ്ങളെ വ്യാഖ്യാനിക്കാനുമാരംഭിച്ചു. സ്വപിതാവു സംഭാവന നൽകിയ ആയിരം ഡോളറിന്റെ സഹായത്തോടുകൂടി ചാറത്സ് ഒരു ലഘുലേഖ പരസ്യംചെയ്തു: "ക്രിസ്തുവിന്റെ പ്രത്യാഗമനത്തിന്റെ ഉദ്ദേശ്യവും രീതിയും" എന്ന പേരിൽ.

ക്രിസ്തുവിന്റെ ആഗമനം അത്യാസന്നമാണെന്നും, എന്നാൽ അതു ശാരീരികമല്ല, പ്രത്യുത ആദ്ധ്യാത്മികമായ ഒരു വെളിപ്പെടുത്തൽമാത്രമായിരിക്കുമെന്നും, ആ ഭയങ്കരമായ വേളയിൽ ലോകം നശിപ്പിക്കപ്പെടുമെന്നു വിശ്വസിക്കുന്നതു അബദ്ധമാണെന്നും ഈ ലഘുലേഖ പ്രഖ്യാപനംചെയ്തു. ഈ ലഘുലേഖയുടെ 59,000 കോപ്പികൾ പ്രചരിച്ചു. അങ്ങനെ പ്രസംഗവും പ്രസിദ്ധീകരണവുമെന്ന തൊഴിലിൽ ചാറത്സ് അറിയാതെതന്നെ ചെന്നുചേർന്നു. മരണപര്യന്തം ആ തൊഴിലിൽതന്നെ അദ്ദേഹം വ്യാപൃതനായിരുന്നു.

## 3

ഏഴുകൊല്ലങ്ങൾക്കുശേഷം, 1879-ൽ തന്റെ പുതിയ മതം പ്രചരിപ്പിക്കുന്നതിനായി റസ്സൽ വാച്ച് ടവർ മാസിക ആരംഭിച്ചു. അതഃപരം ആ മതവിഭാഗക്കാരുടെ പ്രധാന ജിഹ്വയായി ആ മാസിക തുടർന്നുപോരുന്നു. 1881-ൽ, അലിഗെനിയിൽ ഹെഡ്ക്വാർട്ടേഴ്സായി "സീയോൻസ് വാച്ച് ടവർ ട്രാക്റ്റ് സൊസൈററി" എന്നൊരു സ്ഥാപനമേർപ്പെടുത്തുകയും, താൻതന്നെ പ്രസിഡൻറായി അതു ആദായം വിതരിക്കാത്ത ഒരു കോർപ്പൊറേഷനായി റജിസ്റ്റർചെയ്യുകയുംചെയ്തു. 1896-ൽ അതിന്റെ പേരു് "വാച്ച് ടവർ ബൈബിൾ ആൻറ് ട്രാക്റ്റ് സൊസൈററി" എന്നായി മാററി. യഹോവായുടെ സാക്ഷികളുടെ കേന്ദ്രത്തിലുള്ളതും തങ്ങളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതുമായ സംഘടന ഇന്നും അതുതന്നെയായിരിക്കുന്നു.

1878-ൽ, 26-ാമത്തെ വയസ്സിൽ, പിററ്സ്ബർഗ്ഗിൽ റസ്സൽ ഒരു കോൺഗ്രിഗേഷൻ സംഘടിപ്പിച്ചു് സ്വയം അതിന്റെ പാസ്റ്റർ (പുരോഹിതൻ) ആയി പ്രഖ്യാപനംചെയ്തു. ലേഖനരചനയും തുടർന്നുകൊണ്ടിരുന്നു. "ദിവസോദയം" എന്ന പേരിൽ ജെ. എച്ച്. പേററൺ എന്നയാൾ പ്രസിദ്ധപ്പെടുത്തിയിരുന്ന കൃതികളിലെ ആശയങ്ങളെയാണു റസ്സൽ അധികവും ആലംബമാക്കിയതു്. ഈ ആശയങ്ങളെ തനിക്കു ദൈവനിവേശനമനുസരിച്ചു് ലഭിച്ച സിദ്ധാന്തങ്ങളായി അദ്ദേഹം പ്രഖ്യാപിച്ചു. "ദിവസോദയം" എന്നതിനുപകരം "സഹസ്രാബ്ദോദയം" എന്നു തലക്കെട്ടു ഭേദപ്പെടുത്തുകമാത്രംചെയ്തു. പേററൻറതിൽനിന്നു തന്റെ പദ്ധതിയെ വേർതിരിച്ചുകാണിക്കാനാണു് ഇങ്ങനെ ചെയ്തതു്. പിന്നീടു് ആ തലക്കെട്ടു "വേദപുസ്തകപഠനങ്ങൾ" എന്നായി മാററി.

റസ്സൽ അക്ഷീണനായ ഒരു പ്രചാരകനായിരുന്നു. ആയാളുടെ മതം കാനഡായിലേക്കും വിദേശങ്ങളിലേക്കും വ്യാപിച്ചു. 1909-ൽ ന്യൂയോർക്കിൽ ഒരു പ്രസംഗമണ്ഡപം—ബ്രൂക്ക്ളിൻ ടാബർനാക്കിൾ—ആയാൾ കരസ്ഥമാക്കി. അങ്ങനെ പ്രധാനപ്രസിദ്ധീകരണകേന്ദ്രം ബ്രൂക്ക്ളിനിൽ സ്ഥാപിതമായി. ലഘുലേഖകൾ, മാസികകൾ, പുസ്തകങ്ങൾ എന്നീ രൂപങ്ങളിലായി അനേകം പ്രചരണപത്രികകൾ അവിടെനിന്നും തുടരെ പ്രസിദ്ധം ചെയ്തുകൊണ്ടിരുന്നു.

അമേരിക്കയിലും വിദേശങ്ങളിലുമായി തങ്ങൾക്കു 2000 പള്ളികളുണ്ടെന്നു ഇക്കൂട്ടർ വികത്ഥനം ചെയ്തിരുന്നു. എന്നാൽ ഒരു അന്വേഷണം നടത്തിയതിൽനിന്നു് ആ "പള്ളികൾ" മിക്കതും തന്നെ കൂലിക്കെടുത്ത പ്രാർത്ഥനാമുറികളാണെന്നു തെളിഞ്ഞു. അവിടത്തെ പാസ്റ്റർ, അവരുടെ പ്രസിദ്ധീകരണങ്ങൾ വില്ക്കുന്നവരുടെ സൂപ്രവൈസർ ആണെന്നും.

അനിയന്ത്രിതനും, "പാസ്റ്റർ" വേഷധാരിയുമായ റസ്സൽ, മററെല്ലാ മതങ്ങളെയും ആക്രമിക്കുകയും തന്റേതുമാത്രമാണു യഥാർത്ഥത്തിൽ സത്യമായ ഏകമതമെന്നു തുടരെ പ്രഖ്യാപിക്കുകയും ചെയ്തു. എസക്കിയേൽ പ്രവാചകന്റെ പുസ്തകം 9-ാം അദ്ധ്യായത്തിൽ പറയുന്ന ഏഴാമത്തെ ദൂതൻ അഥവാ മാലാഖാ താൻതന്നെയാണെന്നു് ആയാൾ അഭിമാനിച്ചു. ചരിത്രത്തിന്റെ ഗതിയിൽ ദിവ്യരഹസ്യങ്ങൾ "തുറന്നുകാണിക്കേ"ണ്ട ആവശ്യം നേരിട്ടിരിക്കുന്നുവെന്നും, അതു് ആവിഷ്കരിക്കുവാൻ അറിയാവുന്ന ഏകവ്യക്തി താനാണെന്നും ആയാൾ പ്രഖ്യാപിച്ചു.

## 4

ഈ വിലക്ഷണസമൂഹത്തിന്റെ സ്ഥാപകനായ റസ്സൽ എങ്ങനെയുള്ള ഒരു മനുഷ്യനായിരുന്നു? ആയാളുടെ ഭാര്യ, ആയാളുമായുള്ള വിവാഹബന്ധം വേർപെടുത്തി. സ്വന്തം സിക്രട്ടറിയുമായും ഒരു വേലക്കാരിപ്പെണ്ണുമായും അസാന്മാർഗ്ഗിക ജീവിതത്തിൽ വ്യാപൃതനായിരിക്കുന്നുവെന്ന കാരണത്തിനാണു ഭാര്യ വിവാഹമോചനത്തിനു് അപേക്ഷിച്ചതു്. കോടതിവിധിയെപ്പററി റസ്സൽ അഞ്ചുതവണ അപ്പീൽ കൊടുത്തുവെങ്കിലും ഓരോ പ്രാവശ്യവും ആയാൾ തോല്ക്കുകയാണു ചെയ്തതു്. 1911 ഒക്ടോബർമാസത്തിലുണ്ടായ അവസാനത്തെ വിധിയിൽ, റസ്സലിന്റെ ഭാര്യയോടുള്ള പെരുമാററം "മൃദുലപ്രകൃതിയായ ഒരു ക്രിസ്തീയവനിതയുടെ ജീവിതം ഒരു ഭാരവും, അവളുടെ സ്ഥിതി അസഹനീയവുമാക്കിത്തീർക്കത്തക്ക ഗത്യന്തരമില്ലാത്തവണ്ണം നിരന്തരം അധികാരപ്രമത്തപരമായിരുന്നു" എന്നു പ്രസ്താവം വിച്ഛിരിക്കുന്നു.




റസ്സൽ ഉടൻതന്നെ തന്റെ സ്വത്തുകൾ—അതു 240,000 ഡോളറിലധികം വിലമതിക്കപ്പെട്ടിരുന്നു—വാച്ച്ടവർ ബൈബിൾ ആൻറു ട്രാക്റ്റു സൊസൈററിയുടെ പേരിലേക്കുമാററി. അതിന്റെ നിയന്താവു് യഥാർത്ഥത്തിൽ അദ്ദേഹമായിരുന്നല്ലോ. കോടതി വിധിച്ച ജീവനാംശം ഭാര്യക്കു കൊടുക്കാതിരിക്കുന്നതിനാണു് ഇങ്ങനെ ചെയ്തതെന്നു പറയപ്പെടുന്നു.

"അത്ഭുതകോതമ്പു്" വില്പനകാര്യത്തിലും റസ്സലിനു വളരെയധികം അപകീർത്തിയുണ്ടായി. ബ്രൂക്ക്ളിൻ ടാബർനാക്ക്ളിൽവെച്ചു ബുഷലിനു 60 ഡോളർ വിലയ്ക്കു് ആയാൾ ഇതു വിററിരുന്നു. യഥാർത്ഥത്തിൽ കോതമ്പിനു അന്നു് ബുഷലിനു ഉദ്ദേശം ഒരു ഡോളർ വിലയേ ഉണ്ടായിരുന്നുള്ളു. "ബ്രൂക്ക്ളിൻ ഈഗിൾ" എന്ന പത്രം ഈ വഞ്ചന വെളിച്ചത്താക്കുകയും, ഏററവും അപകീർത്തികരമായ ഒരു ഹാസ്യചിത്രം പ്രസിദ്ധീകരിക്കുകയും ചെയ്തു. റസ്സൽ ആ പത്രത്തിന്റെ പേരിൽ കേസുകൊടുത്തു. കോടതി പത്രത്തിനു് അനുകൂലമായി വിധിക്കുകയും ചെയ്തു.

"അർബുദരോഗശമന"കാര്യത്തിൽ ഇതിനേക്കാൾ കഷ്ടമായ ദുഷ്കീർത്തിയാണു റസ്സലിനുണ്ടായതു്. (അർബുദം സുഖപ്പെടുത്തുന്ന ഒരു അത്ഭുതമരുന്നു ആയാൾ വിററുകൊണ്ടിരുന്നു). സിങ്ക് ക്ലോറൈഡ് ചേർന്ന ഒരു കുഴമ്പുമാത്രമാണതെന്നു തെളിയിക്കപ്പെട്ടു. ആ കൂട്ടു് നിരുപയോഗമാണെന്നുമാത്രമല്ല, തീർച്ചയായും ഹാനികരമാണെന്നും, അതുപയോഗിച്ചതുകൊണ്ടാണു നിർഭാഗ്യരായ ചില രോഗികൾ പെട്ടെന്നു മരിക്കാനിടയായതെന്നും പരിശോധനയിൽ തെളിഞ്ഞു.

ഒരു മാന്ത്രികമുറിവൈദ്യനായിരുന്ന റസ്സൽ മററൊരു അത്ഭുതമരുന്നും— അപ്പൻറിസൈറിസിനു ഒന്നാംതരമാണെന്നു പറഞ്ഞു "സാൻേറാമെൻ"നും— വിററുകൊണ്ടിരുന്നു. "വിരയിൽനിന്നുണ്ടാകുന്ന മററൊരു ദീനമായ സന്നിപാതജ്വരത്തിനും അതു നല്ലൊരു പ്രതിവിധിയായി ശുപാർശചെയ്യപ്പെട്ടി"രുന്നു. അർബ്ബുദരോഗത്തിനുള്ള മരുന്നുപോലെതന്നെ ഇതും "നിഷ്"പ്രയോജനമായ ഒന്നാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതുപോലെതന്നെ കുപ്രസിദ്ധമായിരുന്നു ആയാളുടെ "സഹസ്രാബ്ദപ്പയർ". മററെല്ലാ ഇനങ്ങളെക്കാളും വേഗത്തിലും ധാരാളമായും ഇതു വളരുമെന്നു ആയാൾ അവകാശപ്പെട്ടു. ആയാളുടെ "അത്ഭുതകരമായ പരുത്തിവിത്തു്" പരുത്തി ഉല്പാദനത്തിൽ ഒരു വിപ്ലവംതന്നെ ഉണ്ടാക്കുമെന്നു് ആയാൾ വാദിച്ചു. പക്ഷെ ഒന്നും ഉണ്ടായില്ല.

## 5

താൻ ഒരു വേദപുസ്തകപണ്ഡിതനാണെന്നു റസ്സൽ നടിച്ചിരുന്നു. തന്റെ ലേഖനങ്ങളിൽ ഗ്രീക്കുഭാഷയിൽനിന്നു് ഉദ്ധരണങ്ങൾ ചേർക്കുകയും, അവയ്ക്കു ഇല്ലാത്ത പ്രത്യേകാർത്ഥങ്ങൾ ഉണ്ടെന്നു പലപ്പോഴും ഭാവിക്കുകയും ചെയ്തു. 1913-ൽ, കാനഡായിൽ ഹാമിൽട്ടണിലെ ഒരു കോടതിയിൽവെച്ചു താൻ ഒരു വേദപുസ്തകപണ്ഡിതനാണെന്നും, തനിക്കു ഗ്രീക്കുഭാഷ അറിയാമെന്നും ആയാൾ സത്യത്തിന്മേൽ മൊഴികൊടുത്തു. അതിനെ ചോദ്യംചെയ്തുകൊണ്ടു് ഒരു ഗ്രീക്കു പുതിയനിയമം ആയാളുടെ കൈയിൽ കൊടുത്തപ്പോൾ, തനിക്കു ഗ്രീക്കു അക്ഷരമാലപോലും അറിഞ്ഞുകൂടെന്നു ലജ്ജാപൂർവ്വം സമ്മതിക്കുവാൻ ആയാൾ നിർബന്ധിതനായി. ഹീബ്രുവും ലത്തീനും അറിയാമെന്നു നടിച്ചിരുന്നുവെങ്കിലും ആ ഭാഷകളും അറിഞ്ഞുകൂടെന്നു ആയാൾ ഏററുപറഞ്ഞു. അങ്ങനെ ആയാൾ ഒരു കള്ളസ്സത്യക്കാരനും, വഞ്ചകനും, കപടവൈദ്യനും, ദാംഭികനും, വഞ്ചനീയരായ തന്റെ അനുഗാമികളുടെ അജ്ഞതയെ ചൂഷണംചെയ്യുന്നവനുമാണെന്നു തെളിയിക്കപ്പെട്ടു.

ടെക്സാസിൽനിന്നു തീവണ്ടിയിൽ യാത്രചെയ്യുമ്പോൾ റസ്സൽ രോഗബാധിതനാകുകയും 1916 ഒക്ടോബർ 31-ാംനു മൃതിയടയുകയും ചെയ്തു. ജീവിതത്തിന്റെ അവസാനനാളുകളിൽ കൂടുതലായി ആയാളിൽ പ്രകടമായി കണ്ട അഹങ്കാരപൂർണ്ണമായ പ്രതാപഭാവത്തേര, ആയാൾ അവസാനമായി ഉച്ചരിച്ച വാക്കുകളിൽ അതിന്റെ മൂർദ്ധന്യത്തെ പ്രാപിക്കുകയുണ്ടായി. "എന്നെ ഒരു റോമൻ നിലയങ്കിയിൽ പൊതിയുക," എന്നായിരുന്നു അതു്. അങ്ങനെ, ആരംഭകാലപ്പോലെതന്നെ വിചിത്രവും സാങ്കല്പികവുമായ ഈ മതവിഭാഗത്തിന്റെ വിഷമനായ സ്ഥാപകൻ ലോകത്തോടു യാത്രപറഞ്ഞു.

ആയാളെ ഏററവും നന്നായി അറിഞ്ഞിരുന്നയാൾ ആയാളുടെ ഭാര്യയായിരുന്നു. അവർ ആയാളെ അറിയുകയും ആയാളോടുകൂടി ജീവിക്കുവാൻ നിർബന്ധിതയാകുകയും ചെയ്തു. പ്രശംസായോഗ്യവും, കാര്യമാത്രപ്രസക്തവും, വ്യക്തിവിദ്വേഷത്തിന്റെ യാതൊ

അനുഭവകഥാകഥനം

# എന്റെ പുനരൈക്യചരിത്രം

(ടി. കെ. ജോൺ, തേക്കുംപറമ്പിൽ)

(തുടർച്ച)

ഞാൻ തയ്യാറാക്കിയ പ്രത്യേക പരിപാടി അനുസരിച്ചു 1936 നവംബർ 26-ാംനു തിരുവല്ലായിൽനിന്നു കാൽനടയായി കൈയിൽ ഒരു കാശുമില്ലാതെ കേവലം ഭിക്ഷാംദേഹിയായി യാത്രതിരിച്ചു. വളരെ കഷ്ടങ്ങൾ സഹിച്ചു 4 ദിവസംകൊണ്ടു 140-ൽപരം മൈൽ ദൂരം നടന്നു കോട്ടാറു പള്ളിയിൽ എത്തി. നവംബർ 30-ാംനു അർദ്ധരാത്രിയാണു ഞാൻ കോട്ടാററിൽ എത്തുന്നതു്. അതേദിവസംതന്നെ പബ്ലിക്ക സർവ്വീസ് കമ്മീഷണർ എന്നെ ഒരു അദ്ധ്യാപകനായി നിയമിച്ചു ഉത്തരവു് എന്റെ വീട്ടിലേക്കു അയച്ചുകഴിഞ്ഞു. എന്റെ തീർത്ഥയാത്ര കഴിഞ്ഞു ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ എന്റെ ഉദ്യോഗ ആർഡർ എന്നെ നോക്കി പാർത്തിരിക്കുകയായിരുന്നു. എന്തൊരത്ഭുതം! രണ്ടാമത്തെ നിയോഗമായ കല്ലുങ്കൽ നിവാസികളുടെ പുനരൈക്യവും ഇപ്പോൾ സാധിച്ചിരിക്കുകയാണു്. അവിടെ ഇപ്പോൾ 200-ൽപരം കത്തോലിക്കർ ഉണ്ടെന്നു മുൻലേഖനത്തിൽ പ്രതിപാദിച്ചിരുന്നതു വായനക്കാർ ഓർമ്മിക്കുമല്ലോ? എന്റെ വീട്ടുകാരുടെ മാനസാന്തരത്തിനു ഞാൻ സ്വീകരിച്ച പരിപാടി താഴെ പറയുംപ്രകാരമായിരുന്നു. എന്റെ വീട്ടിൽ മാതാപിതാക്കന്മാരെക്കൂടാതെ എനിക്കു രണ്ടു സോദരന്മാരും ഒരു സോദരിയുമാണുണ്ടായിരുന്നതു്. സഹോദരി പ്രായമായപ്പോൾ അവളെ കത്തോലിക്കാസഭയിൽ വിവാഹം കഴിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചു അങ്ങനെ ചെയ്താൽ ഒരാൾ കൂടി കത്തോലിക്കാ സഭാംഗമാകുമല്ലോ. അകത്തോലിക്കർ പ്രത്യേകിച്ചു യാക്കോബായക്കാർ അവരുടെ പെൺമക്കളെ എവിടെ വേണമെങ്കിലും കെട്ടിച്ചുവിടുന്നതിനു മടിയില്ല. അവരുടെ വെ. വികാരിമാർ ആവശ്യമായ കുറിയും കൊടുക്കും. ആദായം കുറയാതെ കിട്ടണമെന്നുമാത്രമേയുള്ളു. ഞാൻ ഒരു ഉദ്യോഗസ്ഥനായിത്തീർന്നപ്പോൾ വീട്ടിൽ കൊള്ളാവുന്നവനായി. എന്റെ അഭിപ്രായങ്ങൾക്കു അവിടെ ഘനവും ഉണ്ടായി. യാതൊരു തടസ്സവുംകൂടാതെ സഹോദരിയെ കത്തോലിക്കാസഭയിൽ കെട്ടിക്കുവാൻ സാധിച്ചു. അതുപോലെതന്നെ ഒരു അനുജൻ കത്തോലിക്കാസഭയിൽനിന്നു് സൗകര്യമായി ഒരു കല്യാണം ആലോചിച്ചു. അതും നടന്നു. അങ്ങിനെ രണ്ടു പേരുകൂടി സഭയിൽ ചേർന്നു. ഏററം ഇളയ സഹോദരൻ അന്നു എം. ജി. എം. ൽ പഠിക്കുന്നുണ്ടായിരുന്നു. കത്തോലിക്കാസഭയുടെ മാഹാത്മ്യത്തെപ്പററി അയാളോടു ഞാൻ പറയുക പതിവായിരുന്നു. കത്തോലിക്കാസഭയിലെ ഒരു വൈദികനാകുന്നതു് എത്രയോ മഹനീയമാണെന്നും ലൗകികരാജാക്കന്മാരുടെയും ചക്രവർത്തികളുടെയും ഉദ്യോഗത്തെക്കാൾ എത്രയോ അഭിമാനകരമാണെന്നും ഞാൻ ഉൽബോധിപ്പിച്ചുപോന്നു. അനുജൻ അതു സമ്മതിക്കുകയുംചെയ്തു. അക്കൊല്ലം അനുജൻ സ്കൂൾ ഫൈനൽ പാസ്സായി. കത്തോലിക്കനാകയും തിരുവല്ലാ മൈനർ സെമ്മിനാരിയിൽ വൈദികപഠനാർത്ഥം ചേരുകയും ചെയ്തു. റവ. ഫാദർ പീററർ തേക്കുംപറമ്പിൽ ബി. എ., എൽ. പി. എച്ച്. എൽ. ഡി. അദ്ദേഹമാണു്. അദ്ദേഹം പെററിസെമ്മിനാരി പഠനം കഴിഞ്ഞു കാൻഡി മേജർ സെമ്മിനാരിയിലേക്കു പോകുവാൻ തിരിച്ചപ്പെട്ടതിയപ്പോൾ മാതാപിതാക്കന്മാരെ സന്ദർശിച്ചു ഇപ്രകാരം പറഞ്ഞു: "ഞാൻ ഒരു കത്തോലിക്കാ വൈദികനാകാൻ മേജർസെമ്മിനാരിയിൽ പോകയാണു്. എന്റെ മാതാപിതാക്കന്മാർ കത്തോലിക്കരല്ല; ശീശ്മസഭയായ യാക്കോബായ സഭാംഗങ്ങളാണു് എന്നു പറയാൻ ഇടയാകുന്നതിൽപരം നിർഭാഗ്യം എനിക്കു വേറെ എന്തുണ്ടു്? അതിനാൽ ഇപ്പോഴെങ്കിലും നിങ്ങൾ കത്തോലിക്കരാകുന്നതാണു് എനിക്കാഗ്രഹം." എന്റെ പിതാവു കുഞ്ഞുമകന്റെ ഈ അഭീഷ്ടം അങ്ങനെ സാധിച്ചു. മാതാവും പിതാവിനെ അനുഗമിച്ചു. അങ്ങനെ ഞങ്ങളുടെ കുടുംബം മുഴുവൻ കത്തോലിക്കാ സഭാംഗങ്ങളാകുവാനുള്ള ഭാഗ്യം ഉണ്ടായി.

സമീപപ്രദേശത്തുള്ള സ്വന്തം പള്ളി വിട്ടു് വിദൂരത്തിലുള്ള കത്തോലിക്കാപ്പള്ളിയിൽ പോകുവാനുള്ള ശാരീരക്ലേശങ്ങളും, വീട്ടുകാരുടേയും നാട്ടുകാരുടേയും ബന്ധുക്കളുടേയും ആക്ഷേപപരികാരങ്ങളും, എല്ലാററിലും ഉപരിയായി അനുഭവപ്പെട്ട സാമ്പത്തികദുരിതങ്ങളുംനിമിത്തം അവർണ്ണനീയവും ദുസ്സഹവുമായ വിഷമങ്ങളാണു് അപ്പനും കുടുംബവും സഹിച്ചതു്. ദൈവം എപ്പോഴും തന്റെ പ്രിയപ്പെട്ട മക്കൾക്കു ഇങ്ങനെയുള്ള കുരിശുകൾ അയക്കുക സാധാരണമാണല്ലോ. ക്ഷമയോടും സന്തോഷത്തോടും എന്റെ അപ്പൻ സർവ്വകഷ്ടപ്പാടുകളും സഹിച്ചു. ആദ്ധ്യാത്മികകാര്യങ്ങളിൽ ഉത്തരോത്തരം ശ്രദ്ധാന്തിപ്രാപിക്കയുമാണു ചെയ്തിരുന്നതു്. തൽഫലമായി വളരെ സൗഭാഗ്യകരമായ ഒരു മരണം അദ്ദേഹത്തിനു സിദ്ധിച്ചു. 1954 മാർച്ചു 28-ാംനു അപ്പൻ ഇഹലോകവാസം വെടിഞ്ഞു. രണ്ടു വൈദികശ്രേഷ്ഠന്മാരുടെ മാഹനീയസാന്നിദ്ധ്യത്തിൽ സുബോധത്തോടെ അന്ത്യകൂദാശകൾ സ്വീകരിക്കുന്നതിനുള്ള അനന്യസുലഭമായ മഹാഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു. മരണസമയം ബ. വൈദികരുടെ സാന്നിദ്ധ്യംകൊണ്ടും മററു പല ദിവ്യചടങ്ങുകൾകൊണ്ടും അതൊരു ഭാഗ്യമരണമായി അയല്ക്കാരായ അകത്തോലിക്കർക്കു പരമബോദ്ധ്യമായി. കത്തോലിക്കാവൈദികരുടെ ത്യാഗസേവനം അന്നാണവർക്കു ബോദ്ധ്യമായതു്. അവരുടെ വൈദികരുടേതുമായി കത്തോലിക്കാവൈദികരുടെ നിസ്വാർത്ഥവും മഹനീയവുമായ സേവനസന്നദ്ധതയെ അവർ താരതമ്യപ്പെടുത്തിനോക്കി യാക്കോബായ്ക്കു് അവിടെ രണ്ടു പള്ളികളുണ്ടു്. രണ്ടു പള്ളിക്കും വേറെവേറെ അച്ചന്മാരുണ്ടു്. പക്ഷേ അന്ത്യകൂദാശ കൈക്കൊണ്ടു മരണമടയാൻ ഭാഗ്യംസിദ്ധിച്ചവർ ആ സ്ഥലത്തു അധികമുണ്ടോ എന്നു സംശയമാണു്. എന്തിനേറെ വിസ്തരിക്കുന്നു. എന്റെ അപ്പന്റെ മരണത്തിന്റെ നാല്പതാം അടിയന്തിരദിവസം ആ സ്ഥലത്തു് ഒരു കത്തോലിക്കാദേവാലയം ഉയർന്നു. അന്നവിടെ വിശുദ്ധ കുർബാനചൊല്ലി. ഇരുനൂറോളം പേർ പുനരൈക്യപ്പെട്ടു. ദൈവത്തിന്റെ പ്രവൃത്തികൾ എത്ര അത്ഭുതകരമായിരിക്കുന്നു. വി. ശൗര്യാർപുണ്യവാന്റെ നാമത്തിൽ ഞാൻ നടത്തിയ തീർത്ഥയാത്ര ഫലവത്തായി. പരിശുദ്ധന്മാരോടപേക്ഷിക്കുന്നതു് മൌഢ്യമാണെന്നാണു് ചില അകത്തോലിക്കരുടെ വാദം. ദൈവം അവരുടെ കണ്ണു തുറപ്പിക്കട്ടെ.

സാധാരണയായി കത്തോലിക്കാസഭയിൽ ചേരുന്നവരെ അകത്തോലിക്കർ ആക്ഷേപിക്കാറുണ്ടു്. പണത്തിനുവേണ്ടി, ഉദ്യോഗത്തിനുവേണ്ടി, മററു ലൗകികഗുണങ്ങൾക്കുവേണ്ടിയാണു് "റോമയിൽ" ചേരുന്നതെന്നു്. എന്നാൽ എന്റേയും എന്റെ കുടുംബത്തിന്റേയും എന്റെ നാട്ടുകാരുടേയും പുനരൈക്യം ഇത്തരത്തിലുള്ള ആക്ഷേപങ്ങൾക്കു വിധേയമാണോയെന്നു വായനക്കാർ വിധിക്കട്ടെ. ഉദ്യോഗംകിട്ടാതെ എത്രയോനാൾ ഞാൻ കത്തോലിക്കനായി ജീവിച്ചു. എം. ജി. എം. ൽ ഒരുദ്യോഗംകിട്ടാൻ സാദ്ധ്യതയുണ്ടായിരുന്നു, ഞാൻ യാക്കോബായസഭയിൽ തിരികെ ചെന്നിരുന്നെങ്കിൽ. പക്ഷെ ഞാൻ എന്റെ ലൗകികമേൽഗതിക്കു കൈവന്ന ആ സുവർണ്ണാവസരത്തെ സാവജ്ഞം പിൻകാലുകൊണ്ടു തള്ളുകമാത്രമേ ചെയ്തുള്ളു. എന്റെ മാതാപിതാക്കന്മാർ പണത്തിനുവേണ്ടി കത്തോലിക്കാസഭയുമായി ഒരിക്കലും പോരിയിട്ടില്ല. മരണംവരെ എന്റെ പിതാവു പണത്തിനു ബുദ്ധിമുട്ടുള്ളവനായിതന്നെ ഇരുന്നുവെന്നുള്ളതിനു് അടുത്തവാസികളായ സകല അകത്തോലിക്കരും സാക്ഷികളാണു്. കല്ലുങ്കൽനിന്നു പുനരൈക്യപ്പെട്ട മററുള്ളവരും മേൽപ്പറഞ്ഞ ആരോപണങ്ങൾക്കു വിധേയമല്ല എന്നു യാക്കോബായസഭയിലെ ഒരു മെത്രാനായ മാർ ദീവന്നാസ്യോസ് തിരുമേനി സാക്ഷ്യംവഹിക്കും. ഇന്നവർ ഭാഗ്യവാന്മാരാണു്. ശാന്തിയും സമാധാനവും അവർ അനുഭവിക്കുന്നു. അവരുടെ യാക്കോബായസഹോദരങ്ങളാകട്ടെ പള്ളിയിൽ വഴക്കുംമറ്റും പറഞ്ഞു കലഹിച്ചു കടിച്ചുകീറുന്നു. ഇവിടേയോ, എത്ര സമാധാനം! എന്റെ യാക്കോബായ സഹോദരങ്ങൾ ഇതൊന്നു മനസ്സിലാക്കിയെങ്കിൽ! സർവ്വശക്തനായ ദൈവം അതിനിടയാക്കട്ടെ.

—o—

അ ലാഞ്ഛനക്കൂടാതെയും അവർ ആയാളെപ്പററി സാക്ഷ്യപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണു്: "ആയാളുടെ ജീവിതം നിരന്തരവും വ്യയകരവുമായ സഞ്ചാരംകൊണ്ടു നിറഞ്ഞതായിരുന്നു. വഞ്ചിതരായ തന്റെ അനുഗാമികളിൽ പലരും ഇതിലേക്കു ഭീമമായ വ്യയഭാരമാണു വഹിക്കേണ്ടിവന്നതു്... ആരോഗ്യമായ ഒരു കേസു വിചാരണയിൽക്കൂടെയാണെങ്കിലും എന്നെ ഈ കെണിയിൽനിന്നും രക്ഷിച്ച ദൈവത്തോടു് ഞാൻ അത്യന്തം കൃതജ്ഞതയായിരിക്കുന്നു."

ഈ മനുഷ്യനെയും ആയാളുടെ പ്രയത്നങ്ങളെയുംകുറിച്ചു വിപുലമായ പഠനം നടത്തിയശേഷം ഡോക്ടർ ജെ. എ. മേയ്നാർഡു് "റസ്സലിസം" എന്ന പേരിൽ ഒരു ചെറുഗ്രന്ഥം എഴുതിയിട്ടുണ്ടു്. "ക്രിസ്തീയജ്ഞാനം പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈററി"യാണു് ഇതു പ്രസിദ്ധം ചെയ്തിരിക്കുന്നതു്. പ്രസ്തുത ഗ്രന്ഥത്തിൽ ഡോക്ടർ മെയ്നാർഡ് താഴെപ്പറയുന്ന നിഗമനത്തിലെത്തിച്ചേർന്നിരിക്കുന്നു: "പണസംബന്ധമായ കാര്യങ്ങളിൽ ലുബ്ധനും, വഞ്ചകനും, സ്ത്രീകളോടുള്ള പെരുമാററങ്ങളിൽ ദുഷ്ടനും, അസത്യവാൻ, തൻകാര്യക്കാരനും, വ്യവഹാരപ്രിയനും, ആയ റസ്സലിനെ, സത്യമായ ഏതൊരു സഭയും അതിന്റെ പുരോഹിതസ്ഥാനത്തുനിന്നും നിശ്ചയമായും നിഷ്കാസനം ചെയ്യുമായിരുന്നു."

"യഹോവായുടെ സാക്ഷികൾ" എന്ന പേരിൽ ഇന്നറിയപ്പെടുന്ന മതവിഭാഗത്തിന്റെ സ്ഥാപകനായ ചാറത്സ് ടേസ് റസ്സലിന്റെ മിതവും, യഥാർത്ഥവും നീതിയുക്തവുമായ ഒരു ചിത്രീകരണമാണിതു്. ആയാളുടെ ഗ്രന്ഥങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെടുന്നില്ല. ആ വിഭാഗക്കാരുടെ ബ്രൂക്ക്ളിനിലുള്ള അച്ചടിശാലയിൽനിന്നു ധാരാളമായി പ്രവഹിക്കുന്ന സാഹിത്യകൃതികളിൽ പലപ്പോഴും അദ്ദേഹത്തിന്റെ പേരു പ്രത്യക്ഷപ്പെടാറുമില്ല. ആയാളുടെ പേരു ഒരു സാധാരണ "സാക്ഷി"യോടു പറഞ്ഞുനോക്കുക. കോപാവിഷ്ടനായി അയാൾ തുറിച്ചുനോക്കാതിരിക്കയില്ല. അപ്പോസ്തോലനായ പൗലോസുകഴിഞ്ഞാൽ പിന്നത്തെയാളെന്നും, സർവ്വശക്തനായ ദൈവത്തിന്റെ ദൂതനെന്നും ഒരുകാലത്തു അനുഗാമികളാൽ പ്രകീർത്തിതനായിരുന്ന ആ മനുഷ്യൻ ഇന്നു് അറിയപ്പെടാതെ, ആദരിക്കപ്പെടാതെ, കിടക്കുന്നു.

(സൺഡേ വിസിററിലെ ഒരു ലേഖനത്തിന്റെ പരിഭാഷ)


# പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ESTD. 1927

പാലാ

31-12-1955

| | |
|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,85,475 രൂപാ |
| കരുതൽ ധനം ... | 14,60,819 രൂപാ |
| ആകെ ഡിപ്പോസിററ് ... | 6,54,99,106 രൂപാ |
| രൊക്കമിരിപ്പും മററു ബാങ്കുകളിൽ നിക്ഷേപവും | 1,18,32,059 രൂപാ |
| ഗവമ്മേണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം ... | 2,01,20,173 രൂപാ |
| ആകെ മുതൽ ... | 7,10,39,655 രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC. 2096 (Rav)


## സംഭവകഥകൾ

"എനിക്കൊരു മിഷനറിയാകണം"

ഫ്രഞ്ചുകാരനായ ഒരു മെത്രാൻ റോമിൽ താമസിക്കയായിരുന്നു. ഒരുദിവസം വിദൂരദേശത്തുനിന്നുവന്ന തീർത്ഥകസംഘത്തിൽപെട്ട ഒരു ബാലൻ അദ്ദേഹത്തെ സമീപിച്ചുകൊണ്ടു പറയുകയാണു്: "പിതാവേ, അങ്ങു പരിശുദ്ധ പിതാവിനെ കാണുമോ? കാണുമ്പോൾ തിരുമനസ്സുണർത്തിക്കണം, ഞാൻ ഒരു മിഷനറി വൈദികനാകുവാനായി ദിവ്യനാഥനോടു പ്രാർത്ഥിക്കണമെന്നുള്ള എന്റെ യാചന." അന്നേദിവസംതന്നെ മെത്രാൻ മാർപ്പാപ്പായെ സന്ദർശിച്ച അവസരത്തിൽ ഇക്കാര്യം വെളിപ്പെടുത്തി. പിറേറദിവസം പ്രസ്തുത ബാലനു് പരി. പിതാവിനെ സന്ദർശിക്കുവാനുള്ള അനുമതിയും വാങ്ങിച്ചുകൊണ്ടാണു് മെത്രാൻ പിന്തിരിഞ്ഞതു്. മാർപ്പാപ്പാ ബാലന്റെ കൈ അർത്തികൊണ്ടു ചോദിച്ചു: "മകനേ, നീ യഥാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ, ഒരു മിഷനറിയാകുവാൻ?" "ഉവ്വു് പിതാവേ" ബാലൻ പ്രതിവചിച്ചു. "കുഞ്ഞേ, നീ മനസ്സിലാക്കുന്നുണ്ടോ, നിന്റെ ആഗ്രഹത്തിന്റെ അർത്ഥം?" പരി. പിതാവു് ഓർപ്പിച്ചു "ത്യാഗപൂരിതമായ ഒരു ജീവിതമാണു് മിഷനറിവൈദികന്റേതു്. ലോകത്തിലെ ആകർഷണങ്ങളും ആനന്ദങ്ങളും നിനക്കവിടെ ലഭിക്കയില്ല. പരിഹാസമായിരിക്കും നിനക്കു ലഭിക്കുന്ന സ്വാഗതം. തെററിദ്ധാരണകളുമായിരിക്കും നിനക്കു ലഭിക്കുന്ന പ്രതിസമ്മാനം."

ബാലൻ ഉദ്ധചിത്തനായി മറുപടിപറഞ്ഞു: "പരിശുദ്ധ പിതാവേ, എനിക്കൊരു മിഷനറിയാകണം. അതാണെന്റെ അതിയായ അഭിലാഷം. അതിനുവേണ്ടി എന്തും ഞാൻ സഹിച്ചുകൊള്ളാം."

പരി. പിതാവു് ആ ബാലനേയുംകൊണ്ടു തന്റെ പ്രാർത്ഥ

# കർത്താവിന്റെ മുന്തിരിത്തോപ്പിൽ ഞാൻ വന്നുചേർന്നു

"നിൽക്കുന്നിടത്തു നില്ക്കുന്നതു് ബഹുമാനം തരുമായിരിക്കാം; എന്നാൽ നില്ക്കേണ്ടിടത്തു നില്ക്കാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുകയില്ല."

(വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ ബി. ഏ., കീഴക്കമ്പലം)

1956 ജൂൺമാസം 18-ാംനു-ബലഹീനനായ ഞാൻ തിരുവല്ലാ മേരിഗിരിയിൽവച്ച് നി. വ. ദി. ശ്രീ മാർ അത്തനാസ്യോസ് തിരുമേനിയാൽ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ കർത്താവിന്റെ മൗതികശരീരമായ (Mystic Body) സഭയിലെ അവയവമായിത്തീർന്ന വിവരം സത്യദീപം വായനക്കാർ അറിഞ്ഞിരിക്കുമല്ലോ. കത്തോലിക്കാസഭയിൽ ഞാൻ ചേർന്നതു് എന്തുകൊണ്ട് എന്ന ചോദ്യത്തിനു്, എന്റെ ആത്മമിത്രങ്ങളായ യാക്കോബായസഭയിലെ സഹോദരങ്ങൾക്കുവേണ്ടി ഞാൻ ഒരു ചെറുപുസ്തകം എഴുതുന്നുണ്ട്. അതു് ഒരുമാസമാകുമ്പോഴേക്കും അച്ചടിച്ചു തയ്യാറാകുമെന്നാണു് വിശ്വസിക്കുന്നതു്. ഇപ്പോൾ എന്റെ ചിന്താഗതികൾ മുഴുവൻ വിവരിച്ച് ഇതിൽ എഴുതുവാൻ സാദ്ധ്യമായി തോന്നുന്നില്ല. എന്റെ 20 വയസ്സുമുതൽ കത്തോലിക്കാസഭയിലെ വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളും ധ്യാനപ്പുസ്തകങ്ങളും വായിച്ചുകൊണ്ടിരുന്നു. 40 വയസ്സുമുതൽ 60 വയസ്സുവരെ അധികമായി പ്രോട്ടസ്റ്റണ്ട് പുസ്തകങ്ങളും വായിച്ചു. പല അവസരങ്ങളിലും കത്തോലിക്കാസഭയിൽ ചേരുവാൻ എനിക്കു പ്രേരണ വന്നുകൊണ്ടിരുന്നെങ്കിലും, പത്രോസിന്റെ പരമാധികാരം ശരിയായ പഠിപ്പിക്കൽ അല്ലെന്നുള്ള എന്റെ ധാരണയുടെ ശക്തിമൂലം അതിലേക്കു ചേരുന്നതു് ശരിയായിരിക്കുകയില്ലെന്നു തോന്നുകയും ചെയ്യുമായിരുന്നു. എന്നാൽ യാക്കോബായസഭ പത്രോസിന്റെ പരമാധികാരം പഠിപ്പിക്കുന്നുവെന്നും അതു് യാക്കോബായപാത്രിയർക്കീസിനാണെന്നു മാത്രമാണു് യാക്കോബായസഭയുടെ വാദമെന്നും ഞാൻ വളരെ താമസിച്ചാണു ഗ്രഹിച്ചതു്. അന്ത്യോക്യായുടേയും കിഴക്കൊക്കെയുടേയും എന്നു് ഹൂദായ കാനോനിലും (അ. 7: വാ. 1) യാക്കോബായപാത്രിയർക്കീസിന്റെ കല്പനകളിലും എഴുതിയിരിക്കുന്നതും, പത്രോസിന്റെ സാർവ്വത്രികമായ പരമാധികാരം യാക്കോബായപാത്രിയർക്കീസിനു് പ്രായോഗികമായി കാണാതിരിക്കുന്നതും എന്നെ വല്ലാതെ കുഴപ്പിച്ചു.

പിന്നീട് രക്ഷാമാർഗ്ഗമായി തോന്നിയതു് എല്ലാ ക്രിസ്തീയസഭകളും കാതോലിക്‌സഭയുടെ ബ്രാഞ്ചുകളും, യഥാർത്ഥ ക്രിസ്തീയസഭ വീണ്ടും ജനനത്തിന്റെ അനുഭവമുള്ളവരായി എല്ലാ സഭകളിലുമുള്ള ദൈവമക്കളാണെന്നും ഉള്ള പ്രോട്ടസ്റ്റണ്ട് ചിന്തയാണു്. എന്നാൽ യാക്കോബായസഭയിൽ ഈ ചിന്തവച്ച് പുലർത്തുവാൻ സാധിക്കുകയില്ലെന്നു് പൂർണ്ണമായി അറിഞ്ഞതു് ഞാൻ ഒരു വേദവ്യാഖ്യാനം എഴുതുവാൻ തുടങ്ങിയപ്പോഴാണു്. അതിനു് പാത്രിയർക്കീസ്‌ഭാഗത്തുള്ള നാലു നല്ല മെത്രാന്മാരും എന്നെ പ്രോത്സാഹിപ്പിച്ചുവെങ്കിലും പാത്രിയർക്കീസിന്റെ പ്രതിനിധി ബാവാ, സഭയുടെ തലവന്റെ (പാത്രിയർക്കീസ്) പരിശോധനയും അനുവാദവും കൂടാതെ അതു് പ്രസിദ്ധീകരിക്കരുതെന്നു് നിരോധനാജ്ഞ നൽകി.

അപ്പോൾ യാക്കോബായസഭയിൽ ജീവിച്ചുകൊണ്ട് സഭയുടെ ശാഖാവാദവും ആത്മതത്വവാദവും (Soul Theory) നിലനിറുത്തുവാൻ സാധിക്കുകയില്ലെന്നു ഉറപ്പായി. പത്രോസിന്റെ പരമാധികാരം ശരിയാണെങ്കിൽ യാക്കോബായസഭ ശരിയല്ലെന്നു വിശ്വസിക്കുവാൻ യാക്കോബായസഭയിലെ ഹൂദായകാനോൻ 7-ാം അ: വാ: 1 തെളിവായി തോന്നി. മാത്രവുമല്ല യാക്കോബായസഭയും അതിനോടു കൂട്ടായ്മയുള്ള ചില ചെറിയ സഭകളുംമാത്രമായി ക്രിസ്തീയസഭയെ അത്ര നിസ്സാരമാക്കി ചിന്തിക്കാൻ എന്റെ ബുദ്ധിക്കു് അസാദ്ധ്യവുമായി. തന്മൂലം പ്രോട്ടസ്റ്റണ്ടുസഭകളോ അല്ലെങ്കിൽ കത്തോലിക്കാസഭയോ ഏതെങ്കിലും ഒന്നായിരിക്കാം ശരി എന്നുള്ളിടത്തോളം ഒരു വിപ്ലവചിന്തവന്നു. അങ്ങനെ പ്രോട്ടസ്റ്റണ്ടുസഭയുടെ ശാഖാവാദവും ആത്മതത്വവാദവും (Soul Theory) ആണോ ശരി, കത്തോലിക്കാസഭയുടെ ഏകശരീരമായ സഭയെന്ന തത്വമാണോ ശരി എന്നു് പരമാർത്ഥമായ ഒരു അന്വേഷണത്തിനു പുറപ്പെട്ടു. കത്തോലിക്കാസഭ അതിന്റെ ശരീരത്തിനുവെളിയിൽ ഉത്തമബോധത്തോടെ സത്യമെന്നു വിശ്വസിച്ച് മനഃസാക്ഷിപ്രകാരം ജീവിക്കുന്നവരെ സഭയുടെ ആത്മാവിൽ അംഗങ്ങളായിക്കരുതുന്നു. 20 കൊല്ലത്തോളം കത്തോലിക്കാപുസ്തകങ്ങളും 20 കൊല്ലത്തോളം പ്രോട്ടസ്റ്റണ്ടുപുസ്തകങ്ങളും വായിച്ച എനിക്കു് എന്നെ സംബന്ധിച്ചിടത്തോളം ഈ താരതമ്യപഠനം വളരെ ക്ലേശകരമായിരുന്നില്ല. കത്തോലിക്കാസഭയിലെ വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളാണു് എന്നെ അതിലേക്കു ആകർഷിച്ചുകൊണ്ടിരുന്നതു്. പ്രോട്ടസ്റ്റണ്ടുസഭകളുടെ സ്വാതന്ത്ര്യചിന്തകളാണു് അവയിലേക്കു എന്നെ ആകർഷിച്ചതു്. രണ്ടുംകൂടി എന്റെ മനസ്സിൽ വലിയ പോരാട്ടം നടന്നു. കർത്താവിന്റെ ശരീരമായ സഭ ബാഹ്യമായും ഒന്നായിരുന്നേ മതിയാവൂ എന്നു് യോഹന്നാൻ 17-ാം അദ്ധ്യായവും വി. പൗലോസിന്റെ ലേഖനങ്ങളിലെ ചില ഭാഗങ്ങളും എനിക്കു ധൈര്യംതന്നു. അതേപ്പററി എന്റെ പുസ്തകത്തിൽ ഞാൻ വിശദമാക്കുന്നുണ്ട്.

പത്രോസിന്റെ പരമാധികാരമാണു് എനിക്കു ദഹിക്കുവാൻ വളരെ പ്രയാസമായി അനേകവർഷങ്ങളായി ഉണ്ടായിരുന്ന പ്രശ്നം. അതേപ്പററി എന്റെ ബലഹീനതയ്ക്കു് ഒത്തവണ്ണം സൂക്ഷ്മമായ ഒരു പഠനം നടത്തി. (അതും എന്റെ പുസ്തകത്തിൽ കാണാം) എതിരായ മനോഭാവത്തിൽ പഠിച്ചിട്ടും പത്രോസിന്റെ പരമാധികാരം വേദപുസ്തകം പഠിക്കുമ്പോൾ സ്വീകരിക്കാതെ ഗത്യന്തരമില്ലെന്നുവന്നു. എന്നിട്ടും കത്തോലിക്കാസഭ ശരിയല്ലായിരിക്കാമെന്നു ഭയമായി. അതിനാൽ എന്റെ ബുദ്ധികൊണ്ട് ഒരു തീരുമാനംചെയ്യാൻ ഞാൻ അശക്തനായിത്തീർന്നു. എനിക്കു സത്യസഭ ഏതെന്നറിയണമെന്നുള്ള മനോവേദനയോടെ കുറെ അസ്വസ്ഥദിവസങ്ങൾ കഴിച്ചു. ആ അസ്വസ്ഥതമാററിയ എന്റെ ആത്മീയാനുഭവങ്ങൾ പ്രസിദ്ധീകരിപ്പാൻ ഞാനാഗ്രഹിക്കുന്നില്ല. അങ്ങനെ ദൈവത്തിന്റെ കൃപ എന്റെ ചിന്തകളെപ്പോലും അതിശയിക്കത്തക്കവണ്ണം എന്നെ പിടിച്ച് കത്തോലിക്കാസഭയിൽ നട്ടു. എന്റെ വീട്ടുകാരിലും നാട്ടുകാരിലും പലരും അസംഖ്യം ആത്മീയസഖാക്കളും എന്നോടെതിരായി. പക്ഷേ ഞാനെന്തു ചെയ്യാനാണു്? ഒന്നുകിൽ അവരെ പ്രീതിപ്പെടുത്തുവാൻ ഞാൻ എനിക്കു കിട്ടിയ സത്യബോധത്തെ ഉപേക്ഷിച്ച് ദൈവത്തെ തിരസ്കരിക്കണം; അല്ലെങ്കിൽ എന്റെ ആത്മമിത്രങ്ങളുടെ വിരോധവും ആക്ഷേപവും സ്വീകരിച്ച് ദൈവത്തെ അനുസരിക്കണം. ദൈവസേവനം എന്റെ ജീവമരണകാര്യമായി 30 വയസ്സുമുതൽ എടുത്തിരുന്ന എനിക്കു് ഈ 60-ാമത്തെ വയസ്സിൽ സകലവും ഉപേക്ഷിച്ചാലും, സകലരാലും ഉപേക്ഷിക്കപ്പെട്ടാലും, ദൈവത്തെ ഉപേക്ഷിപ്പാൻ അസാദ്ധ്യമാണെന്നുറച്ചു. കത്തോലിക്കാസഭമാത്രം കർത്താവിന്റെ മൗതികശരീരമെന്നു ഉറപ്പായതോടുകൂടെ ഇതരസഭകൾ ഒന്നുകിൽ ശീശ്മസഭകൾ അല്ലെങ്കിൽ വേദവിപരീതങ്ങളെന്നു സമ്മതിക്കാതെ എനിക്കു പരമാർത്ഥം പാലിക്കാൻ നിവൃത്തിയില്ലാതെയായി. അതിൽ ഇതരസഭകൾ എന്നെ എത്ര ഭയങ്കരമായി അപലപിച്ചാലും എനിക്കു നൽകപ്പെട്ട സത്യത്തിൽനിന്നും എങ്ങനെ വ്യതിചലിക്കുവാനാണു്? യാക്കോബായസഭയ്ക്കു് ഞാൻ മരിച്ചവനായിത്തീർന്നു. 60 വയസ്സുവരെ സേവിച്ച സഭയെ വിട്ടുപിരിയുവാനുള്ള ഒരു മനുഷ്യഹൃദയത്തിന്റെ വ്യാകുലം എനിക്കുമുണ്ടായി. പക്ഷേ എന്തു ചെയ്യാനാണു്? എന്നെ വളരെ പരിഹസിക്കയും ചീത്ത പറയുകയും ചെയ്യുന്നവരുണ്ട്. അതെല്ലാം അവരുടെ യുക്തംപോലെ നടത്തി തുടന്നുകൊള്ളട്ടെ. ഇനി ഇതരസഭാംഗങ്ങളിൽ പലർക്കും ആ വിധത്തിലേ എന്നെ സഹായിക്കുവാൻ സാദ്ധ്യമാകുകയുള്ളു.

എന്റെ 84 വയസ്സായ മഹാമനസ്കനായ പിതാവു് വാഴയിൽ ചാണ്ടി വൈദ്യനും ക്രൈസ്തവമഹിളാലയത്തിലെ അദ്ധ്യാപികയായ എന്റെ ഭാര്യ എലിസബത്തു് B. A., L. T. യും എന്റെ ഉത്തമമനോബോധം അനുസരിച്ച് പ്രവർത്തിക്കുവാൻ എന്നെ അനുവദിച്ചതു മാത്രമാണു് യാക്കോബായ സഭാംഗങ്ങളിൽനിന്നും എനിക്കുണ്ടായ ആശ്വാസം. മനുഷ്യരുടെ സ്നേഹത്തിന്റെ വില അളക്കുവാൻ ഇതൊരു അവസരമായിത്തീർന്നു.

എന്റെ അസ്ഥിരതയെ കുററപ്പെടുത്തി യാക്കോബായസഭയിലെ എന്റെ ബഹുമാന്യമിത്രങ്ങളും സ്നേഹിതന്മാരുമായ ചിലർ എന്റെ പേർക്കു കത്തുകൾ എഴുതിയിരുന്നു. എനിക്കുള്ള കുററങ്ങൾക്കു പരിഹാരമായി ഞാൻ ഇപ്പോഴും കർത്താവിന്റെ കുരിശുമരണത്തിൽമാത്രം ശരണപ്പെടുന്നു. എന്റെ അസ്ഥിരതയാണു് എന്റെ സ്വന്തഭവനത്തിലേക്കു് മുടിയൻ പുത്രനെപ്പോലെ എന്നെ കൂട്ടിക്കൊണ്ടുവന്നതു്. അല്ലെങ്കിൽ, പന്നിയെ മേച്ചുകൊണ്ട് ആ "പരന്റെ" ദാസനായി മരിക്കേണ്ടിവന്നേനെ. നിൽക്കുന്നിടത്തു് നില്ക്കുന്നതു് ബഹുമാനം തരുമായിരിക്കാം. എന്നാൽ നില്ക്കേണ്ടിടത്തു് നില്ക്കാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുകയില്ല. എന്റെ അസ്ഥിരത 20 വയസ്സിന്റെ ശേഷം ദൈവികസേവനത്തിൽനിന്നും എപ്പോഴെങ്കിലും എന്നെ വ്യതിചലിപ്പിച്ചതായി തെളിയിക്കുവാൻ എന്റെ ശത്രുക്കൾക്കു സാധിക്കുകയില്ല. എന്നാൽ ദൈവത്തെ എങ്ങനെ എവിടെ സേവിക്കുകയാണു വേണ്ടതെന്നു് അറിയുവാൻ ഞാൻ നോഹിന്റെ പെട്ടകം പോലെ പ്രളയത്തിൻമീതെ അലഞ്ഞിട്ടുണ്ട്. പക്ഷേ എന്റെ ലക്ഷ്യം അപ്പോഴും ദൈവോന്മുഖമായിരുന്നു. ആ സ്ഥിരതയും, സേവനത്തിന്റെ വിധത്തെപ്പററിയുള്ള അസ്ഥിരതയുടെ കൃപയും ഒടുവിൽ പാറമേൽ അടിസ്ഥാനമിട്ടിരിക്കുന്ന കത്തോലിക്കാസഭയിൽ (അറാറാത്തുമലയിൽ) എന്നെ ഉറപ്പിച്ചു. ദൈവത്തിനു സ്തോത്രം. എന്നെ അവസാനമായി അലട്ടിയതു്, വേദപുസ്തകത്തിനു് കീഴ്പ്പെട്ട് സഭയോ, സഭയ്ക്കു വിധേയമായി വേദപുസ്തകമോ നില്ക്കുന്നതു് എന്ന പ്രശ്നമാണു്. ഇതിനു് എനിക്കു് ലഭിച്ച ഉത്തരങ്ങൾ എന്റെ പുസ്തകത്തിലെ 5-ാം അദ്ധ്യായത്തിൽ ഞാൻ ചേർത്തിട്ടുണ്ട്. സഭയെക്കൂടാതെ വേദപുസ്തകം വ്യാഖ്യാനിച്ചാൽ ക്രൈസ്തവലോകം ഒരു ബാബേലായിത്തീരുമെന്നുള്ള നിഗമനത്തിൽ ഞാനെത്തിച്ചേർന്നു. ആ സത്യസഭ കത്തോലിക്കാസഭയല്ലാതെ വേറൊന്നുണ്ടായിരിക്കുവാൻ സാദ്ധ്യമല്ല എന്നു എനിക്കു് ബോദ്ധ്യപ്പെടുവാൻ തക്കവണ്ണം അതിലെ പുണ്യവാന്മാരുടെ ജീവിതവും, സന്യാസസമൂഹങ്ങളുടെ സേവനവും, ക്രിസ്തീയപൂർണ്ണതയിൽ എത്തുന്നതിനു സഭചെയ്തുകൊടുക്കുന്ന അനവധി സൗകര്യങ്ങളും, ഭക്തിസംവർദ്ധകങ്ങളായ അനേകധ്യാനപുസ്തകങ്ങളും, അതിലെ ഐക്യവും അച്ചടക്കവും, നൂററാണ്ടുകളെ അതിക്രമിച്ച് അതു് ഇന്നും സജീവമായിരിക്കുന്നതും, അതിലെ നിത്യകുർബാനയും, എല്ലാം കൂടി എന്നെ ധൈര്യപ്പെടുത്തി. ഞാൻ യാക്കോബാ



വി. സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ

ആതുരശുശ്രൂഷ തങ്ങളുടെ ജീവിതാദർശമായി സ്വീകരിച്ചിട്ടുള്ള അയർലണ്ടിലെ ഡ്റൊഗേഡ (Drogheda) എന്ന സ്ഥലത്തെ "മെഡിക്കൽ മിഷ്യനറീസ് ഓഫ് മേരി" (Medical Missionaries of Mary) എന്ന സന്യാസസംഘത്തിൽ ചേർന്നു് തൃശ്ശൂർ രൂപതയിൽപ്പെട്ട ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിനെപ്പോലെയുള്ള സ്ഥാപനങ്ങളിൽ വേലചെയ്യാൻ ആഗ്രഹിക്കുന്ന യുവതികൾ കൂടുതൽ വിവരങ്ങൾക്കു് താഴെ പറയുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Fr. Ephrem Palathingal, Acting Director
Damien Institute, Kozhukully P. O.
Trichur

മാന്യരേ, 15-2-56-ൽ പ്രസിദ്ധപ്പെടുത്തിയ നോട്ടീസനുസരിച്ചു പ്രസിദ്ധീകരണം നടത്താൻ കഴിയാതെവന്ന മയ്യൻജൂബിലി സ്മാരകമെന്ന നവ്യഗാനഗ്രന്ഥം അച്ചടിവേലകൾ തീർന്നു ഇതാ വിതരണത്തിനു് തയ്യാറായിരിക്കുന്നു. വില 8ണ. തപാൽക്കൂലി 1ണ പുറമെ. ആവശ്യക്കാർ ഉടൻ അപേക്ഷിക്കുക.

പി. സി. ജോൺ & സൺസ്
സ്റ്റേഷനറി സ്റ്റോഴ്സ്
നാഗപ്പുഴപള്ളിക്കു സമീപം
P. O. കുമാരമംഗലം, തൊടുപുഴ

നാലയത്തിൽപോയി, ആ ബാലന്റെ ദൈവവിളിക്കുവേണ്ടി പ്രാർത്ഥിച്ചു.

## സ്വർണ്ണത്തേക്കാൾ ശ്രേഷ്ഠമല്ലേ?

ഏതാനും വർഷങ്ങൾക്കുമുമ്പ് ഒരീശോസഭാവൈദികൻ മെക്സിക്കോവിൽ, അപരിഷ്കൃതജനതയുടെ ഇടയിൽ പ്രേഷിതവേല ചെയ്തിരുന്നു. ആദ്യമാദ്യം അദ്ദേഹത്തെ അവിടത്തെ ജനങ്ങൾ അപഹസിക്കയും വെറുക്കുകയും ചെയ്തുപോന്നു. അദ്ദേഹത്തെ കാണുന്നതുതന്നെ വിരസതയാണവർക്ക്. ചിലർ അദ്ദേഹത്തെ ഭയന്നു വന്മരങ്ങളിൽകയറി, ഇലകളുടെ ഇടയിൽ ഒളിക്കുകപോലും ചെയ്തിരുന്നു. ഈ വൈദികന്റെ സഹചാരിയായിരുന്ന ഒരു ഗവേഷകൻ ഒരിക്കൽ അദ്ദേഹത്തോടു പറയുകയാണ്: "ഫാദർ, അങ്ങിത്ര നന്ദികെട്ടവരുടെ ഇടയിൽ സേവനമനുഷ്ഠിക്കുന്നല്ലോ? അങ്ങയുടെ സേവനത്തെ അവർ വെറുക്കുകയല്ലേ ചെയ്യുന്നതു്. ഞാനാണെങ്കിൽ ഇവിടങ്ങളിലെ സ്വർണ്ണഖനി കണ്ടുപിടിക്കാൻ ശ്രമിക്കുകയാണ്. എന്റെ വിഷമതകൾ, സ്വർണ്ണലാഭത്താൽ പരിഹൃതമാകും. അങ്ങയുടേതോ? വൈദികൻ പ്രതിവചിച്ചതിപ്രകാരമാണ്: സുഹൃത്തേ, ബാഹ്യമായി അപരിഷ്കൃതരെങ്കിലും, ഇവിടത്തെ ജനങ്ങളുടെ ആത്മാക്കൾ സ്വർണ്ണത്തേക്കാൾ എത്രയോ ശ്രേഷ്ഠമാണ്. സ്വർണ്ണസമ്പാദനത്തിനായി നിങ്ങൾ ഇപ്രകാരം ദുരിതമനുഭവിക്കാൻ തയ്യാറാണെങ്കിൽ ആത്മരക്ഷയ്ക്കായി ഞാൻ സഹിക്കുന്നവ നിസ്സാരമല്ലേ?

(V. P.)

# കമ്മ്യൂണിസ്റ്റ് പാർട്ടിയും കത്തോലിക്കാ മുതലാളിമാരും

(ഡേവിഡ് അവോക്കാരൻ, നെല്ലിക്കുന്ന്)

ആധുനികലോകത്തെ അഭിമുഖീകരിച്ചിട്ടുള്ള ആപൽപ്രശ്നങ്ങളിൽ അതിപ്രധാനമായ ഒന്നാണല്ലോ കമ്മ്യൂണിസം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാളിതുവരെയുള്ള പ്രവർത്തനചരിത്രത്തിലേക്കു് നാമൊന്നു പിന്തിരിഞ്ഞുനോക്കുകയാണെങ്കിൽ തെറ്റുകളുടേയും നയംമാററങ്ങളുടേയും ഒരു നീണ്ട പട്ടികതന്നെ നമുക്കു കാണ്മാൻകഴിയും. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കഴിഞ്ഞ മുപ്പതുകൊല്ലത്തെ ചരിത്രംമാത്രം പരിശോധിക്കയാണെങ്കിൽപോലും അറപ്പും വെറുപ്പും ജനിപ്പിക്കുന്ന അനേകമനേകം അദ്ധ്യായങ്ങൾ നമുക്കു കാണാം. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ തുരങ്കം വെച്ചിട്ടുള്ളതും സോവ്യററ്സർക്കാരിന്റെ ആജ്ഞാനുസരണം അനുവർത്തിച്ചിട്ടുള്ളതുമായ ആ വൃത്തികെട്ട ചരിത്രഘട്ടത്തിലേക്കു ഇപ്പോൾ പ്രവേശിക്കുന്നില്ല. ചുരുക്കത്തിൽ, സമുദായത്തിന്റെ സമുദ്ധാരണത്തിലല്ല പ്രത്യുത സ്വാർത്ഥതാല്പര്യങ്ങളുടെ സാക്ഷാത്കരണത്തിലാണു് കമ്മ്യൂണിസ്റ്റ് പാർട്ടി വിശ്വസിക്കുന്നതു്.

അക്രമപരവും അന്ധവിശ്വാസജഡിലവുമായ കമ്മ്യൂണിസത്തെ വെറുക്കേണ്ടതും ചെറുക്കേണ്ടതും ഓരോ ദേശാഭിമാനിയുടേയും ഓരോ ഈശ്വരസ്നേഹിയുടേയും കടമയാണു്. കമ്മ്യൂണിസത്തിന്റെ കറുത്ത വശങ്ങളെപ്പററി പരിശുദ്ധ പിതാക്കന്മാർ അതാതുകാലഘട്ടങ്ങളിൽ വേണ്ടത്ര മുന്നറിയിപ്പു നൽകിയിട്ടുണ്ടു്.

11-ാം പീയൂസ് മാർപ്പാപ്പാ 1937-ൽ "നിരീശ്വരപരമായ കമ്മ്യൂണിസം" എന്ന ശീർഷകത്തിൽതന്നെ ഒരു വിശ്വലേഖനം പ്രസിദ്ധപ്പെടുത്തി. അതിൽ കമ്മ്യൂണിസത്തിന്റെ സിദ്ധാന്തപരമായ നാനാവശങ്ങളേയും ഖണ്ഡിച്ചശേഷം ഇങ്ങനെ സംക്ഷേപിച്ചു: "അതു് അബദ്ധങ്ങളും മിഥ്യാബോധങ്ങളും നിറഞ്ഞിരിക്കുന്ന ഒരു സംഘടനയാണു്. യുക്തിക്കും ദൈവവെളിപാടിനും ഒരുപോലെ അതു് വിരുദ്ധമാകുന്നു. അതു് സാമുദായികവ്യവസ്ഥിതിയെ തകിടംമറിക്കുന്നു; കാരണം ആ വ്യവസ്ഥിതിയുടെ അടിസ്ഥാനങ്ങളെയാണു് അതു നശിപ്പിക്കുന്നതു്; രാഷ്ട്രത്തിന്റെ യഥാർത്ഥമായ ഉല്പത്തിയേയും സ്വഭാവത്തേയും ലക്ഷ്യത്തേയും അതു വിസ്മരിക്കുന്നു. മനുഷ്യവ്യക്തിക്കുള്ള അവകാശങ്ങളേയും അന്തസ്സിനേയും അതു നിഷേധിക്കുകയും ചെയ്യുന്നു."

13-ാം ലെയോ മാർപ്പാപ്പാ 1878-ലെ ഒരു വിശ്വലേഖനത്തിൽ കമ്മ്യൂണിസത്തെപ്പററി ഇങ്ങനെയാണു പ്രസ്താവിച്ചതു്: "അതു് ഒരു നാശകരമായ പ്ലേഗ് ആണു്; അതു് മനുഷ്യസമുദായത്തിലെ മജ്ജയിലേക്കുതന്നെ നുഴഞ്ഞുകയറുന്നു. അതിന്റെ ലക്ഷ്യം മനുഷ്യസമുദായത്തെ നാശഗർത്തത്തിൽ പതിപ്പിക്കുകയാണു്."

മനുഷ്യസമുദായത്തിന്റെ സർവ്വതോമുഖമായ സമുദ്ധാരണത്തിൽ സദാസമയവും ശ്രദ്ധപതിച്ചുകൊണ്ടിരിക്കുന്ന ആ പുണ്യപുരുഷന്മാരുടെ വിശദീകരണം നോക്കുക! കമ്മ്യൂണിസം നിരീശ്വരപരമായ ഒരു നശീകരണപ്രസ്ഥാനമാണെന്നു മനസ്സിലാക്കിയിട്ടും അതിനെ പിന്തുടരുന്നവരേയും അതിനു രഹസ്യമായും പരസ്യമായും പ്രോത്സാഹനം നൽകുന്നവരേയും നോക്കിക്കൊണ്ടു് 9-ാം പീയൂസ് മാർപ്പാപ്പാ മുന്നറിയിപ്പു നൽകുന്നതു കേൾക്കുക: "അതു് (കമ്മ്യൂണിസം) ഒരിക്കൽ സ്വീകരിക്കപ്പെടുന്നപക്ഷം സകല മനുഷ്യരുടേയും അവകാശങ്ങളും വസ്തുവകകളും എന്നല്ല സമുദായംതന്നെയും നശിപ്പിക്കപ്പെടും."

വിരോചിതവും വിലപ്പെട്ടതുമായ ഈ പ്രഖ്യാപനങ്ങൾ ഇന്നെത്രപേർ ശ്രദ്ധിച്ചിട്ടുണ്ടു്? അവശതകളെ പൊക്കിക്കാട്ടിക്കൊണ്ടു്, അദ്ധ്വാനിക്കുന്നവരെ ചൂഷണം ചെയ്യുന്ന കമ്മ്യൂണിസത്തിനെതിരായി ഇന്നെത്രപേർ വിരലനക്കിയിട്ടുണ്ടു്? ഞാനൊന്നു ചോദിക്കട്ടെ, സ്വന്തം കാര്യലാഭത്തിനും ഭീഷണിയെ ഭയന്നിട്ടും ഇന്നെത്ര മുതലാളിമാർ കമ്മ്യൂണിസ്റ്റ് പാർട്ടിയെ സാമ്പത്തികമായി സഹായിക്കുന്നുണ്ടു്? കത്തോലിക്കാമുതലാളിമാർപോലും ഇക്കാര്യത്തിൽ പിന്നിലല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്! സമുദായത്തിന്റെ മുമ്പിൽ നല്ലപിള്ള ചമഞ്ഞുകൊണ്ടുനടക്കുന്ന ചില കത്തോലിക്കാമുതലാളികൾപോലും കമ്മ്യൂണിസ്റ്റ് പാർട്ടിയെ സാമ്പത്തികമായി സഹായിക്കുന്നുണ്ടു്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഫണ്ടിലേക്കു് നാം കൊടുക്കുന്ന ഓരോ പൈസയുംമൂലം അതിനെ നാം പ്രോത്സാഹിപ്പിക്കയാണു ചെയ്യുന്നതു്. നിരീശ്വരത്വത്തിനും നിർമ്മതത്വത്തിനും അക്രമത്തിനും അസാന്മാർഗ്ഗികവേഴ്ചകൾക്കുംവേണ്ടി നിലകൊള്ളുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയെ പിന്താങ്ങാൻ ഇവിടത്തെ കത്തോലിക്കാ മുതലാളികൾ തയ്യാറാവുമോ എന്നു ഞാൻ ചോദിക്കയാണു്. പരിശുദ്ധ പിതാക്കന്മാരുടെ പ്രഖ്യാപനങ്ങളെല്ലാം കൂസാതെ, കച്ചവടത്തിന്റെ കാര്യക്ഷമതയ്ക്കും തൊഴിലാളികളെ കബളിപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റ് പാർട്ടിയെ സഹായിക്കുന്ന മുതലാളിമാർ സ്വയം ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ആധുനികലോകത്തെ അപകടമേഖലയിൽനിന്നും നീക്കണമെന്നുണ്ടെങ്കിൽ ഇവിടത്തെ മുതലാളിമാർ സ്വയം ഒരു തീരുമാനത്തിലെത്തേണ്ടിയിരിക്കുന്നു. വേലയെടുക്കുന്നവനു് ന്യായമായ കൂലി കൊടുക്കുക. അവനും ഒരു കുടുംബം പുലർത്തേണ്ടതുണ്ടെന്ന യാഥാർത്ഥ്യം വിസ്മരിക്കാതെ സൗഹാർദ്ദപൂർവ്വം പെരുമാറുക. കഴിവുള്ളേടത്തോളം കൂടുതൽ ആളുകൾക്കു ജോലി കൊടുത്തുകൊണ്ടു് തൊഴിലില്ലായ്മയെ പരിഹരിക്കാൻ പരിശ്രമിക്കുക.

ഇക്കാര്യത്തിൽ ഇവിടത്തെ നമ്മുടെ മുതലാളിമാർക്കു് ഒരു മാതൃക കാണിക്കാൻകഴിയും. കഴിവുള്ളേടത്തോളം ആളുകൾക്കു് ജോലികൊടുത്തുകൊണ്ടു്, അവർക്കു നീതിപൂർവ്വകമായ വേതനം നൽകിക്കൊണ്ടു്, അവരോടു സൗഹാർദ്ദപൂർവ്വം പെരുമാറിക്കൊണ്ടു് മററുള്ള ധനികർക്കു മാതൃകയാകാൻ നമ്മുടെ മുതലാളിമാർ ശ്രദ്ധിക്കയാണെങ്കിൽ അതു സമുദായത്തിനും അവർക്കുതന്നേയും സൽപ്പേരായിരിക്കും. 12-ാം പീയൂസ് മാർപ്പാപ്പാ 1947 ഡിസമ്പർ 18-ാം തിയതിയിലെ വിശ്വലേഖനത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക: "...നമ്മുടെ ചുററുപാടുമുള്ള അരിഷ്ടതകളുടേയും കഷ്ടതകളുടേയും ഈ കാഴ്ചയാൽ നമ്മുടെ ഹൃദയം കൈപ്പേറിയ സങ്കടംകൊണ്ടു നിറഞ്ഞിരിക്കുന്നു.... ഇന്നത്തെ ഈ പരിവർത്തനഘട്ടം അത്യന്തം ഗൗരവമേറിയതും ഭാവിയെ ഭയാകുലപ്പെടുത്തുന്നതുമാണെന്നു എല്ലാവരും മനസ്സിലാക്കി സ്വന്തം ഗുണത്തേക്കാളും സ്വന്തം ആദായത്തെക്കാളും പൊതുഗുണത്തിനു് ഏവരും, വിശിഷ്യ ധനികർ മുൻഗണന നൽകേണ്ടതു് അത്യന്താപേക്ഷിതമാണു്."

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാലാംകോൺഗ്രസ്സിലേക്കു കയ്യയച്ചു സംഭാവനചെയ്തിട്ടുള്ള കുബേരന്മാർ കണ്ണുതുറന്നു ചിന്തിക്കുക. നമ്മുടെ മുമ്പിലുള്ള യാഥാർത്ഥ്യങ്ങളെ കണ്ടില്ലെന്നു നടിച്ചു് മുന്നോട്ടുപോയാൽ ഭാവി ഭയാനകമായിരിക്കും. കമ്മ്യൂണിസത്തിന്റെ വക്രതകളേയും വിക്രിയകളേയും നിരത്തിവച്ചുകൊണ്ടു് മൈതാനപ്രസംഗങ്ങൾ നടത്തിയതുകൊണ്ടുമാത്രം കാര്യമായില്ല; പ്രായോഗികമായി തൊഴിലില്ലായ്മയെ പരിഹരിക്കാനും ദാരിദ്ര്യത്തെ ഉന്മൂലനംചെയ്യാനും നാം മുന്നോട്ടിറങ്ങണം. ഇക്കാര്യത്തിൽ ഇംഗ്ലണ്ടിലെ വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ കർദ്ദിനാൾ ഗ്രിഫിൻ തിരുമനസ്സുകൊണ്ടു് നൽകിയിരിക്കുന്ന ഉൽബോധനം ഏററവും ശ്രദ്ധാർഹമായിരിക്കുന്നു: "കമ്മ്യൂണിസ്റ്റ് പ്രവാഹത്തെ തടയുവാൻ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രസ്ഥാനങ്ങൾമാത്രം മതിയാകുന്നതല്ല. സാമുദായികവ്യവസ്ഥിതിയിൽ ക്രിസ്തീയാദർശങ്ങളുടെ പ്രായോഗികമായ നേട്ടത്തിൻ മാത്രമേ അതു സാധിക്കയുള്ളു. സാമുദായികനീതിയും സ്നേഹവും സമൃദ്ധമായി വളരുവാൻ നാം ഒത്തൊരുമിച്ചു പ്രവർത്തിക്കയും പരിശ്രമിക്കയുംവേണം."

ഈവക കാര്യങ്ങൾ മുന്നിൽ വച്ചുകൊണ്ടു് സൗഹാർദ്ദപരമായി പ്രവർത്തിച്ചാൽ സമാധാനപരമായ അന്തരീക്ഷം സംജാതമാകും. ഇക്കാര്യത്തിൽ കത്തോലിക്കാമുതലാളിമാർ അവരുടെ കർത്തവ്യങ്ങൾ നിറവേററുമെന്നു വിശ്വസിക്കാം.

---

യസഭയെ വിട്ടതു് അവിടെ മേൽപ്പട്ടക്കാരോടും മററും ചില വഴക്കുണ്ടായതുകൊണ്ടാണെന്നു് എങ്ങനെയോ ഒരു വാർത്ത പ്രചരിച്ചിട്ടുണ്ടു്. യാക്കോബായസഭയിലെ മേല്പട്ടക്കാർക്കു് എന്നോടോ എനിക്കവരോടൊ യാതൊരു വഴക്കും ഉണ്ടായതല്ല ഈ പരിവർത്തനത്തിനു കാരണം എന്നു ഞാൻ മുൻപറഞ്ഞതിൽനിന്നും വ്യക്തമാണല്ലോ. അവർ എന്റെ സുവിശേഷപ്രവർത്തനങ്ങളിൽ വളരെ സഹായങ്ങൾ ചെയ്തിട്ടുള്ളതു നന്ദിയോടെ ഞാൻ സ്മരിക്കുന്നു.

എന്റെ ആത്മരക്ഷയും, ക്രിസ്തീയപൂർണ്ണതയും, ദൈവസേവനത്തിനുള്ള സാഹചര്യം ഉദ്ദേശിച്ചും ഞാൻ ഈ മന്ദിരത്തിലേക്കു വന്നുചേർന്നു. ഇതിൽ എന്റെ നന്മയെ ഉദ്ദേശിക്കുന്നവർ ഒട്ടും ക്ലേശിക്കേണ്ട ആവശ്യമില്ല.

## പ്രാർത്ഥന

കർത്താവേ! നിന്നെ അധികം സ്നേഹിക്കുന്നതിനും പ്രസാദിപ്പിക്കുന്നതിനും നീ എനിക്കു തന്നിരിക്കുന്ന നല്ല അനുഗ്രഹങ്ങളെയും പ്രതിജ്ഞകളേയും എന്നിൽ ശക്തിപ്പെടുത്തുകയും കാത്തുകൊള്ളുകയും ചെയ്യണമെ. എന്നെ നിന്നോടു യോജിപ്പിക്കുന്നതിനു തക്കതായ വഴിയിൽക്കൂടെ യാത്രചെയ്യുവാൻ എന്റെ ജീവനെ അർപ്പിക്കുന്നതിനു് ഞാൻ തയ്യാറാണെന്നു ശപഥം ചെയ്യുന്നു. ആമ്മേൻ.

---


## പുസ്തകങ്ങൾ സൗജന്യം

(1956 സെപ്റ്റംബർ 21 വരെ)

"സാഹിത്യോപഹാരം" "എന്റെ റോമാപ്രയാണം"

ഫാദർ എം. വെള്ളാപ്പാട്ടിന്റെ വിലയേറിയ ഈ ഗദ്യപദ്യകൃതികൾ രണ്ടും പാക്കിംഗ് ആൻറു പോസ്റ്റേജു വകയ്ക്കു 10ണ വിലയ്ക്കുള്ള സ്റ്റാമ്പയയ്ക്കുന്നവർക്കു സെപ്റ്റംബർ 21 വരെ പുസ്തകവില കൂടാതെ സൗജന്യമായി അയച്ചുകൊടുക്കുന്നതാണു്. ഓരോ പുസ്തകം വേണ്ടവർ "സാഹിത്യോപഹാര"ത്തിനു 6ണയും "എന്റെ റോമാപ്രയാണ"ത്തിനു 4 ണയും വിലയ്ക്കുള്ള സ്റ്റാമ്പയക്കണം. കച്ചവടക്കാർക്കു ഈ വിലവച്ചു 10നു 2 കമ്മീഷനോടുകൂടി കൊടുക്കുന്നതാണു്. പുസ്തകസംഖ്യ വളരെ പരിമിതമാണു്.

വിശദമായ പ്രതിപാദനം, ആകർഷകങ്ങളായ ചിത്രങ്ങൾ, അഭിവന്ദ്യമെത്രാന്മാരുടേയും, പണ്ഡിതന്മാരായ വൈദികാവൈദികന്മാരുടെയും അനുമോദനസന്ദേശങ്ങൾ മുതലായവ ഗ്രന്ഥങ്ങളുടെ പ്രശസ്തിയെ പ്രഖ്യാപിക്കുന്നു.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ജോൺ തോമസ്, കീഴവറയാർ
ഭരണങ്ങാനം P. O.


---

# ചോദിച്ചാൽ പറയാം

ചോ: മലയാളരാജ്യം ആഴ്ചപ്പതിപ്പിന്റെ ഒരു ലക്കത്തിൽ ക്രിസ്തു ബുദ്ധമതം പഠിക്കുവാനായി ഇൻഡ്യയിലേക്കു വന്നുവെന്നും ബുദ്ധസിദ്ധാന്തങ്ങളനുസരിച്ചു പഠിപ്പിച്ചുവെന്നും എഴുതിക്കാണുകയുണ്ടായി. അതിൽ വല്ല പരമാർത്ഥവുമുണ്ടോ?

ജെ. പി. എം. കറുകച്ചാൽ

ഉ: ഇല്ല. ക്രിസ്തു ഒരിക്കലും ഇൻഡ്യയിലേക്കു വന്നിട്ടില്ല. ബുദ്ധമതം പഠിച്ചിട്ടുമില്ല. മലയാളരാജ്യം ലേഖനത്തിൽ പറയുന്നതുപോലെ, ബുദ്ധവിഹാരത്തിൽ യാതൊരു ഗ്രന്ഥവും ഇല്ല. നിക്കോളാസ് നൊട്ടോവിച്ച് എന്നയാൾ ഒരു കല്പിതകഥ വ്യാജമായി സൃഷ്ടിച്ചു പ്രസിദ്ധപ്പെടുത്തുകയാണുണ്ടായതു്. (ജൂൺ 24, ജൂലൈ 1 തിയതികളിലെ മലബാർ മെയിൽ വാരാന്തപ്പതിപ്പിലുള്ള മറുപടി നോക്കുക.)

ചോ: പത്രോസിന്റെ ദേവാലയം പണിയുന്നതിലേക്കു പണം പിരിക്കാനായി പാപമോചനം വിൽക്കുന്ന സമ്പ്രദായം പാപ്പാ കണ്ടുപിടിച്ചു. പാപ്പായുടെ ഒരു ഏജൻറായ ടെട്ട്സെൽ എന്ന സന്യാസി പാപമോചനച്ചീട്ടു വാങ്ങി, വിററൻബർഗ്ഗിൽവന്നു കച്ചവടം മുറയ്ക്കു തുടങ്ങി; ഭൂതകാലത്തെയും ഭാവികാലത്തെയും പാപങ്ങൾ ഒന്നുപോലെ മോചിക്കുന്ന ഈ ചീട്ടുകൾക്കു നല്ല പിരിവുണ്ടായി എന്നെല്ലാം ബ്രദറൺസഭക്കാരുടെ വക സത്യപ്രകാശിനി എന്ന മാസികയിൽ ചേർത്തു കാണുന്നു. ഇതിൽ വല്ല പരമാർത്ഥവുമുണ്ടോ?

കെ. ജെ. റ്റി., ചിങ്ങവനം

ഉ: യാതൊരു പരമാർത്ഥവുമില്ല. പാപമോചനച്ചീട്ട് എന്നൊരു സമ്പ്രദായം കത്തോലിക്കാസഭയിൽ ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല. നാം ദണ്ഡവിമോചനം (Indulgences) എന്നു പറയുന്നതിനു്, പ്രോട്ടസ്റ്റൻറുകാർ പരിഹാസമായി നൽകിയിരിക്കുന്ന ഒരു പേരാണു് "പാപമോചനച്ചീട്ട്" എന്നതു്. ദണ്ഡവിമോചനം പ്രാപിക്കുന്നതിനു ഒന്നാമതായി വേണ്ട വ്യവസ്ഥ ആത്മാവു വരപ്രസാദ സ്ഥിതിയിലായിരിക്കുക എന്നുള്ളതാണു്. (കുമ്പസാരിക്കുവാൻ സാദ്ധ്യമല്ലാതെവരുന്ന വേളയിൽ പാപത്തെപ്പററി പൂർണ്ണമനസ്താപവും, സന്ദർഭം കിട്ടിയാൽ കുമ്പസാരിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞയും ഉണ്ടായിരുന്നാൽ മതി.) ചുരുക്കത്തിൽ ചാവുദോഷമില്ലാതിരിക്കുന്ന അവസ്ഥയിൽമാത്രം പ്രാപിക്കാവുന്ന ഒന്നാണു ദണ്ഡവിമോചനം. അതു് ഒരിക്കലും പാപങ്ങളെ മോചിക്കുന്നില്ല. അതിനാൽ അതിനെ പാപമോചനച്ചീട്ട് എന്നു വിളിക്കുന്നതു അർത്ഥശൂന്യവും യുക്തിവിരുദ്ധവുമാണെന്നു സ്പഷ്ടമാണല്ലോ. മനസ്താപസഹിതമായ കുമ്പസാരത്താൽ പാപങ്ങൾ ക്ഷമിക്കപ്പെട്ടാലും അവയ്ക്കു കാലികമായ ഒരു ശിക്ഷ നാം അനുഭവിക്കേണ്ടിവരുമെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. പ്രാർത്ഥന, ഉപവാസം, പരോപകാരപ്രവൃത്തികൾ, ദാനധർമ്മം മുതലായ പ്രായശ്ചിത്തപ്രവൃത്തികളാൽ കാലത്തിനടുത്ത ശിക്ഷയിൽനിന്നു മോചനം പ്രാപിക്കാവുന്നതാണു്. ഘനമായ പാപങ്ങളൊന്നും ചെയ്തിട്ടില്ലെങ്കിലും, കുമ്പസാരത്താൽ പാപങ്ങളുടെ മോചനം പ്രാപിച്ചിട്ടുണ്ടെങ്കിലും, ആവശ്യമായ പരിഹാരപ്രവൃത്തികൾ ചെയ്യാതെ കാലത്തിനടുത്ത ശിക്ഷയ്ക്കു വിധേയരായിരിക്കുന്നവർ ശുദ്ധീകരണസ്ഥലത്തിൽ പോകുമെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു.

ഈ കാലത്തിനടുത്ത ശിക്ഷയെമാത്രം ബാധിക്കുന്നതാണു് ദണ്ഡവിമോചനം. അതായതു് ഇന്നപ്രാർത്ഥന ചൊല്ലിയാൽ, ഇത്രസമയം ഉപവാസമനുഷ്ഠിച്ചാൽ, ഇന്ന പരോപകാരപ്രവൃത്തി ചെയ്താൽ, ഇന്നദാനധർമ്മമനുഷ്ഠിച്ചാൽ, ഇത്രനാളത്തെ കാലത്തിനടുത്ത ശിക്ഷയിൽനിന്നു മോചനം (ഇത്രനാളത്തെ ദണ്ഡവിമോചനം) പ്രാപിക്കാമെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. കെട്ടുവാനും അഴിക്കുവാനും വിശുദ്ധസഭയ്ക്കു നൽകിയിട്ടുള്ള പരമാധികാരമുപയോഗിച്ചാണു മാർപ്പാപ്പാമാർ ദണ്ഡവിമോചനം അനുവദിക്കുന്നതു്.

റോമയിലെ വിശുദ്ധ പത്രോസിന്റെ ദേവാലയം പുതുക്കിപ്പണിയുന്നതിലേക്കു പത്താം ലിയോ മാർപ്പാപ്പാ വിശ്വാസികളിൽനിന്നു ദാനധർമ്മങ്ങൾ ആവശ്യപ്പെട്ടു. ഇങ്ങനെ ദാനധർമ്മങ്ങൾ നൽകുന്നവർക്കു അവിടുന്നു് ഒരു ദണ്ഡവിമോചനവും അനുവദിച്ചു. ഈ ദണ്ഡവിമോചനം "ബെസ്സ്റക്കാനം"യിൽ അനുഭവിക്കേണ്ടിവരുന്ന ശിക്ഷകളെ സംബന്ധിച്ചായിരുന്നുവെന്നു സത്യപ്രകാശിനിതന്നെ സമ്മതിക്കുന്നുണ്ടല്ലോ. ഘനമായ പാപമുള്ളവ

(ശേഷം 11-ാംപേജിൽ)

---

ഈശോമിശിഹായുടെ മധുരമുള്ള തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും, പ. മാതാവിന്റേയും വി. യൗസേപ്പിന്റേയും വി. അന്തോനീസിന്റേയും വി. കൊച്ചുത്രേസ്യായുടേയും വി. റീത്തായുടേയും വി. മർഗ്ഗരീത്തായുടേയും മാദ്ധ്യസ്ഥതാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

Peter Michael

## ഇടവകവാർത്തകൾ

**തിരുവനന്തപുരം:** ഈ അതിരൂപതയിലെ ഒരു വൈദികനായ ഫാദർ ഡാനിയൽ അയ്യനേത്ത് ഇക്കഴിഞ്ഞ ബി എ പരീക്ഷയിൽ മലയാളവും സംസ്കൃതവും ഐച്ഛികമായെടുത്ത് ഒന്നാംക്ലാസിൽ വിജയം നേടുകയും യൂണിവേഴ്സിറ്റി കോളേജിൽനിന്നും "രാജരാജവർമ്മ മെമ്മോറിയൽ" സമ്മാനവും "രാമക്കുറുപ്പ് മെമ്മോറിയൽ" സമ്മാനവും കരസ്ഥമാക്കുകയും ചെയ്തിരിക്കുന്നു. മാർ ഇവാനിയോസ് കോളേജിൽ അദ്ദേഹം നിയമിക്കപ്പെട്ടു.

**കടമാളൂർ:** മുടിയൂർക്കര സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസിൻെറ ചുമതലയിൽ തൊഴിലാളികളുടെ സാമ്പത്തികാഭിവൃദ്ധിയെ ഉദ്ദേശിച്ച് ഒരു "ലഘുനിക്ഷേപപദ്ധതി" ആരംഭിച്ചിരിക്കുന്നു. ഇതിൻെറ ഉൽഘാടനം മേയ് 27-ാംനു- റവ. ഫാദർ മാത്യു കുരുവേലി അവർകൾ നിർവ്വഹിച്ചു.

**കുമ്പളം—കൊല്ലം:** റവ. ഫാദർ സാമുവൽ എസ് ജെ അദ്ദേഹത്തിൻെറ സ്വദേശമായ കുമ്പളത്തു പള്ളിയിൽ ആഘോഷമായ നവപൂജ അർപ്പിച്ചിരിക്കുന്നു. ഇദ്ദേഹം മലയാളം ഐച്ഛികമായെടുത്തു ഒന്നാംക്ലാസിൽ ഒന്നാമനായിട്ടാണ് ബി എ പാസ്സായത്. ഇദ്ദേഹം കൊല്ലം രൂപതയിലെ ഒന്നാമത്തെ ഈശോസഭാ വൈദികനാണെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവ്യമത്രേ.

**പൊൻകുന്നം:** പൊൻകുന്നം സി വൈ എം എ യുടെ ഒരു പൊതുയോഗംകൂടി പുതിയ ഭരണസമിതിയിലേക്ക് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സെക്രട്ടറി, ജോ. സെക്രട്ടറി മുതലായ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു. ജൂൺ 24-ാം നു- പുതിയ സമിതി ഭരണം ഏറ്റെടുത്തിരിക്കുന്നു.

**പിറവം:** അഖിലകേരള അവശകത്തോലിക്കാ സംഘടനയുടെ പിറവം ശാഖയുടെ ഒരു യോഗം പിറവം ചെറുപുഷ്പം മിഷ്യൻ പള്ളിയങ്കണത്തിൽവച്ച് റവ. ഫാദർ ജേക്കബ് പുളിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും, യഥാക്രമം പ്രസിഡൻറ് സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാനങ്ങളിലേക്ക് ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

**കല്ലൂർക്കാട്:** വല്ലകരക്കാരും സ്ഥലത്തെ വികാരിയും സെൻറ് അഗസ്റ്റിൻസ് മിഡിൽസ്കൂൾ മാനേജരുമായിരുന്നിട്ടുള്ള റവ. ഫാദർ ജേക്കബ് മടത്തുംചാലിൽ (ചേറൂർ) അവർകളുടെ വിയോഗത്തിൽ പ്രസ്തുത സ്കൂളിലെ അദ്ധ്യാപകാദ്ധ്യേതാക്കളുടെ ഒരു യോഗം ജൂൺ 27-ാംനു- കൂടി പരേതനോടുള്ള ബഹുമാനാർത്ഥം അനുശോചനം രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം അംഗീകരിക്കുകയുണ്ടായി.

**കോയമ്പത്തൂർ:** സ്ഥലം കേരള കാത്തലിക് അസോസിയേഷൻെറ സിക്രട്ടറിയും, അതിൻെറ ആരംഭത്തിനു മുൻനിന്നു പ്രവർത്തിച്ചയാളുമായ മി. ടി എ ലോനപ്പൻ സ്വദേശത്തേക്കു തിരിച്ചുപോകുന്നതു സംബന്ധിച്ച് അസോസിയേഷൻെറ കമ്മററി മെമ്പറന്മാരും സബ്കമ്മററിമെമ്പറന്മാരും ചേർന്ന് അദ്ദേഹത്തിനു ഒരു യാത്രയയപ്പ് നൽകുകയുണ്ടായി. തദവസരത്തിൽ പ്രസിഡണ്ട് മി വി സി ഇനാശു അദ്ദേഹത്തെ ഹാരമണിയിക്കുകയും അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളെ പ്രശംസിച്ച് ഒരു ചെറുപ്രസംഗം ചെയ്കയും ചെയ്തു. യോഗാനന്തരം തേയിലസല്ക്കാരവും, ഗ്രൂപ്പ്ഫോട്ടോ എടുക്കലും ഉണ്ടായിരുന്നു.

**ഉപ്പുതറ:** കോട്ടിരിക്കൽ ശ്രീ അബ്രഹാം അവർകളുടെ പുത്രൻ അന്ത്രയോസും പെരുവന്താനം പള്ളി ഇടവക വാഴചാരിയിൽ ജോസഫ് മകൾ മറിയവും തമ്മിലുള്ള വിവാഹം മേയ് 21-ാംനു- നടന്നു. വിവാഹകർമ്മം റവ. ഫാദർ ജോർജ്ജ് പരുവനാനിക്കൽ അവർകളാണ് ആശീർവ്വദിച്ചത്.

ഏറമ്പടത്തു കുര്യൻ മകൻ യൗസേപ്പും അരിക്കൽ തൊമ്മൻ മകൾ ഏലിയാമ്മയും തമ്മിലുള്ള വിവാഹം ജൂൺ 11-ാംനു- ഉപ്പുതറ സെൻറ് ഫിലോമിനാ ദേവാലയത്തിൽവച്ചു നടത്തപ്പെട്ടു. വിവാഹകർമ്മം ആശീർവ്വദിച്ചത് പരുവനാനിക്കൽ ജോർജ്ജ് അച്ചനാണ്.

**ചെല്ലാനം:** ശ്രീ സേവ്യർ എടവഴിക്കൻെറ ഏകപുത്രൻ ശ്രീ ജോൺ എടവഴിക്കനും തോപ്പുരുത്തി മനക്കിൽ ചിക്കവിൻെറ പുത്രി കുമാരി എലിസബത്തും തമ്മിലുള്ള വിവാഹം തോപ്പുരുത്തു സെൻറ് സെബാസ്റ്റ്യൻസ് പള്ളിയിൽവച്ചു സാഘോഷം നടന്നിരിക്കുന്നു.

**പുറപ്പുഴ:** വിശാഖപട്ടണം മിഷ്യനിൽചേർന്ന് വൈദികവിദ്യാഭ്യാസത്തിനു പോകുന്ന നാഗശ്ശേരിൽ ഫ്രാൻസിസ് ജോണിനു സ്ഥലത്തെ ചെറുപുഷ്പമിഷൻലീഗ് ഒരു യാത്രയയപ്പ് നൽകിയിരിക്കുന്നു. ലീഗിൻെറ അസി. സെക്രട്ടറിയായിരുന്ന ശ്രീ ജോണിനെ അനുമോദിച്ചുകൊണ്ടു പലരും പ്രസംഗിച്ചു.

സ്ഥലത്തെ മിഷൻലീഗിൻെറ ഫണ്ടിൽനിന്നു 100 രൂപ തലശ്ശേരി രൂപതയ്ക്കു സംഭാവന ചെയ്തിരിക്കുന്നു.

**തോട്ടക്കര:** ഈ പള്ളി ഇടവക റവ. ജോൺ വള്ളമറ്റം അവർകൾ പൂനാ പേപ്പൽ സെമിനാരിയിൽവച്ചു ജൂൺ 1-ാംനു- പൂനാ ബിഷപ്പ് തിരുമേനിയിൽനിന്നു വൈദികപട്ടം സ്വീകരിച്ചു നവപൂജ അർപ്പിച്ചിരിക്കുന്നു. ഡിസംബർവരെ അദ്ദേഹം വൈദികപഠനം തുടരുന്നതും അതിനുശേഷം മാത്രം തിരിച്ചെത്തുന്നതുമാണ്. ഫാദർ ബെനനാർഡ് ടി ഒ സി ഡി, ബ്രദർ തോമസ് വള്ളമറ്റം എസ് ജെ, അഡ്വക്കേറ്റ് ശ്രീ ജെ. കെ. വള്ളമറ്റം എന്നിവരുടെ സഹോദരനാണ് നവവൈദികൻ.

## ചരമവാർത്തകൾ

**എറണാകുളം:** ജാപ്പനീസ് ദന്തവൈദ്യൻ ഡോക്ടർ ഏഫ് വൈ നിഷിമുറയുടെ പത്നി മിസ്സിസ് ആനി നിഷിമുറ ജൂൺ 26-ാംനു- രാവിലെ 5-45 നു കർത്താവിൽ നിദ്രപ്രാപിച്ചു. വൈകുന്നേരം 3-30 നു എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക് മൊററു റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി അരമനയിലേയും പള്ളിയിലേയും ബഹു: വൈദികരോടുകൂടി വീട്ടിൽചെന്നു പരേതയ്ക്കുവേണ്ടി ഒപ്പീസ്കർമ്മം നിർവ്വഹിക്കുകയും ഡോക്ടർ നിഷിമുറായോടു അനുശോചനം രേഖപ്പെടുത്തുകയുംചെയ്തു. 4 മണിക്കു വരാപ്പുഴ അതിരൂപതാ വികാരിജനറാൾ മൊററു റവ മോൺ അലക്സാണ്ടർ ലന്തപ്പറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. പല ബ: വൈദികരും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ ഒരു വലിയ ജനക്കൂട്ടവും കർമ്മങ്ങളിൽ സംബന്ധിച്ചു. വിലാപയാത്ര ഉണ്ണിമിശിഹാപള്ളിയിൽ എത്തിയപ്പോൾ വരാപ്പുഴമെത്രാപ്പോലീത്താ മോസ്റ്റ് റവ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനി ഒപ്പീസ്കർമ്മം നിർവ്വഹിച്ചു. മംഗലപ്പുഴസെമിനാരി വൈസ്റെക്ടർ വെരി റവ ഫാദർ സഖറിയാസ് ഒ സി ഡി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ 5 മണിക്കു ശവസംസ്കാരകർമ്മങ്ങൾ സമാപിപ്പിക്കപ്പെട്ടു. വെരി റവ മോൺസിഞ്ഞോറന്മാരായ വർഗ്ഗീസ് പുല്ലുശ്ശേരി, എം. എ. ഫ്രാൻസിസ് ചമ്മണി, ജോസഫ് വെട്ടിശ്ശേരി മുതലായ വൈദികപ്രമുഖന്മാർ തിരുകർമ്മങ്ങളിൽ സംബന്ധിച്ചവരിൽ ഉൾപ്പെടുന്നു.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ സുഖക്കേടു ഭേദമായതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

സി. വി. മറിയാമ്മ
ചന്ദ്രൻകുന്നേൽ, അരുവിത്തുറ

---

**എടത്വാ:** ഈ ഇടവക പറപ്പള്ളിൽ ശ്രീ വർക്കി സ്കറിയാ അവർകളുടെ പിതാവ് ശ്രീ ചെറിയാൻ വർക്കി 91-ാമത്തെ വയസ്സിൽ ജൂൺ 20-ാംനു- കർത്താവിൽ ഭാഗ്യമരണംപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം ഉച്ചകഴിഞ്ഞു രണ്ടുമണിക്കു പല ബഹു: വൈദികരുടെയും ഒരു വലിയ ജനക്കൂട്ടത്തിൻേറയും സാന്നിദ്ധ്യത്തിൽ പള്ളിസിമിത്തേരിയിൽ പ്രത്യേകകല്ലറയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**വൈക്കം:** ആലുങ്കര (നികത്തിൽ) ശ്രീ ജോസഫ് കുര്യാക്കോസ് ജൂൺ 20-ാംനു- 51-ാമത്തെ വയസ്സിൽ ഭാഗ്യമരണംപ്രാപിച്ചു. പിറേറദിവസം പല ബഹു: വൈദികരുടെയും നിരവധി ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ ശവസംസ്കാരകർമ്മം നിർവ്വഹിക്കപ്പെട്ടു.

**വല്ലം:** വല്ലം ഇടവക പാറപ്ലാം പത്രോസ് ഹില്ലാരിയോസ് (ഷാബു) ജൂൺ 23-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറദിവസം റവ ഫാദർ തോമസ് കണ്ടത്തിൽ അവർകളുടെ കാർമ്മികത്വത്തിൽ ദർശനസമൂഹത്തിൻേറയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിൽ യഥാവിധി സംസ്കരിക്കപ്പെട്ടു.

**തെ. പറവൂർ:** സ്ഥലത്തെ പുന്നപ്പുഴത്തറവാട്ടിൽ പരേതനായ ശ്രീ കൊച്ചുവർക്കിയുടെ ഭാര്യ ശ്രീമതി മറിയമ്മ തൻെറ 93-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ട് ജൂൺ 26-ാംനു- പകൽ രണ്ടുമണിക്കു കർത്താവിൽ ഭാഗ്യമരണംപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം വൈകുന്നേരം 4 മണിക്കു തെ. പറവൂർ പള്ളി സിമിത്തേരിയിൽ പല വൈദികരുടെ കാർമ്മികത്വത്തിലും സഹകരണത്തിലും അനേകം ജനങ്ങളുടെ സാന്നിദ്ധ്യത്തിലും ആഡംബരപൂർവ്വം നിർവ്വഹിക്കപ്പെട്ടു.

R. I. P.

## വിദേശവാർത്തകൾ

മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അടുത്ത ജൂലൈയിലോ ആഗസ്റ്റിലോ കർദ്ദിനാൾസംഘം വിളിച്ചുകൂട്ടുന്നതാണെന്നു വത്തിക്കാനിൽനിന്നുള്ള സ്ഥിരീകരിക്കപ്പെടാത്ത വാർത്തകളിൽ കാണുന്നു. കർദ്ദിനാൾസംഘത്തിൽ ഇപ്പോൾ 8 ഒഴിവുകളുണ്ട്.

—ലോകത്തിലെങ്ങുമുള്ള 30,000 യുവകത്തോലിക്കാ തൊഴിലാളികളുടെ ഒരു തീർത്ഥയാത്രയെ അടുത്തവർഷം റോമയിലേക്കു നയിക്കുന്നതിനു യങ്ങ് ക്രിസ്ത്യൻ വർക്കേഴ്സ് സംഘടനയുടെ സ്ഥാപകനായ മോൺ: കാർഡിജിൻ പ്ലാൻചെയ്യുന്നു.

—മണിലായിലെ കാത്തലിക് ട്രൂത്ത് സൊസൈററി കഴിഞ്ഞകൊല്ലം 23,03,091 ലഘുലേഖകൾ വില്ക്കുകയുണ്ടായി. സൊസൈററിയുടെ അംഗസംഖ്യ 24.532 ആയിരുന്നു.

—ഇററലിയിലെ മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിൽ 91.1 ശതമാനം വോട്ടർമാർ സമ്മതിദാനം ചെയ്യുകയുണ്ടായി. ഇത്തവണ കന്യാസ്ത്രീകളും വോട്ടുചെയ്തു ക്രിസ്ത്യൻ ഡമോക്രാററിക് പാർട്ടിക്ക് കഴിഞ്ഞതവണത്തെക്കാൾ പത്തുശതമാനം വോട്ടു കൂടുതൽ കിട്ടിയിരിക്കുന്നു.

—ഇരുമ്പുമറയ്ക്കുപിന്നിലുള്ള സാധുകത്തോലിക്കരെ സഹായിക്കുന്നതിനായി ഗ്ലർകർച്ചൻ എന്ന സ്ഥലത്തു ഒരു ബെൽജിയംവൈദികൻ സംഭാവന പിരിച്ചതിൽ 79 സ്വർണ്ണവിവാഹമോതിരങ്ങളും 26 സ്വർണ്ണവാച്ചുകളും, 7 റാത്തൽ വെള്ളിനാണയങ്ങളുമുൾപ്പെടെ 10 ടൺ സാധനങ്ങൾ ലഭിച്ചിരിക്കുന്നു.

—പാരിസിലെ കർദ്ദിനാൾ മെത്രാപ്പോലീത്താ തിരുമേനിക്ക് ഏഴാമതൊരു സഹായമെത്രാനെക്കൂടി നിയമിച്ചിരിക്കുന്നു. തൊഴിലാളിജനതയുടെ കാര്യങ്ങൾ പ്രത്യേകമായി അന്വേഷിക്കുകയാണ് ഈ പുതിയ മെത്രാൻെറ ജോലി. പാരിസിൻെറ വ്യവസായികകേന്ദ്രമായ സെയിൻറ് ഡെനിസിലായിരിക്കും അദ്ദേഹം താമസിക്കുക.

## ഇൻഡ്യാ വാർത്തകൾ

കൽക്കട്ടാ സെൻറ് സേവിയേഴ്സ് കോളേജിൽനിന്ന് ഇക്കഴിഞ്ഞ ഇൻറർമീഡിയററ് പരീക്ഷയ്ക്കു ചേർന്നിരുന്ന സയൻസ് വിഭാഗത്തിൽ 263 വിദ്യാർത്ഥികളിൽ ഒരാൾമാത്രമേ പൂർണ്ണമായി തോററിട്ടുള്ളു. പൂർണ്ണവിജയം 95 ശതമാനമായിരുന്നു. ഇതിൽ 196 പേർ ഒന്നാംക്ലാസിലും 54 പേർ രണ്ടാംക്ലാസിലും. ആർട്ട്സ്, കോമേഴ്സ് വിഭാഗത്തിൽ ചേർന്നിരുന്ന 183 വിദ്യാർത്ഥികളിൽ 90 ശതമാനം പൂർണ്ണവിജയം കരസ്ഥമാക്കി. 12 പേർ പൂർണ്ണമായി തോററു. 60 പേർ ഒന്നാംക്ലാസിലും 83 പേർ രണ്ടാംക്ലാസിലും പാസായി.

—കലകളുടെ പ്രോത്സാഹനാർത്ഥം ബാംഗളൂരിൽ ഒരു ഇൻഡ്യൻ കത്തോലിക്കാ കലാ-നൃത്യസംഘടന രൂപവൽകൃതമായിരിക്കുന്നു. കത്തോലിക്കാ കലാകാരന്മാരേയും നൃത്യകുതുകികളേയും പ്രോത്സാഹിപ്പിക്കുകയെന്നതാണ് സംഘടനയുടെ പ്രധാനോദ്ദേശ്യം. ഇപ്പോൾ പെൺകുട്ടികൾക്കുവേണ്ടിയാണു സംഘടന. ആൺകുട്ടികൾക്കുവേണ്ടി മററൊരു സംഘടന ആരംഭിക്കുവാൻ ആലോചനയുണ്ട്.

—കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി പി എസ് പി ഒരു തിരഞ്ഞെടുപ്പുസഖ്യം ഉണ്ടാക്കുന്നതല്ലെന്നു പി എസ് പി ജോയിൻറുസിക്രട്ടറി പ്രസ്താവിച്ചിരിക്കുന്നു.

—കരുതൽശേഖരത്തിൽനിന്നും 40 കോടി രൂപയുടെ അരി പുറത്തെടുത്തു വില്പന നടത്തുന്നതിനു ഇന്ത്യാഗവൺമെൻറു തീരുമാനിച്ചിരിക്കുന്നു.

—ബോംബെയിൽ "വിമലഹൃദയത്തിൻെറ പുത്രിമാർ" എന്ന സന്യാസിനികളുടെ ആഭിമുഖ്യത്തിൽ, യുവതികൾക്കായി കഴിഞ്ഞ 3 കൊല്ലം ആരംഭിച്ചിരിക്കുന്ന ഇൻസ്റ്റിററ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ ഇക്കൊല്ലം രണ്ടാം വത്സരക്കോഴ്സ് ആരംഭിക്കുന്നു. 18 വയസ്സു കഴിഞ്ഞവർക്കും ഇൻറർമീഡിയററ് പാസായവർക്കും ഇതിൽ ചേരാവുന്നതാണ്.

—ധനകാര്യമന്ത്രി മി. സി. ഡി. ദേശ്മുഖ് ഉദ്യോഗം രാജിവച്ചുകൊള്ളുവാൻ പ്രധാനമന്ത്രി നെഹ്റു സമ്മതിച്ചിരിക്കുന്നു.

—കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ കോൺഫറൻസിൽ സംബന്ധിക്കുന്നതിനായി പ്രധാനമന്ത്രി നെഹ്റു ജൂൺ 21-ാംനു- ലണ്ടനിലേക്കു പുറപ്പെട്ടിരിക്കുന്നു.

## തിരുകൊച്ചിവാർത്തകൾ

വിദ്യാഭ്യാസവകുപ്പിൻെറ ആഭിമുഖ്യത്തിൽ 4 ലക്ഷം ക. ചിലവാക്കി ഒരു കേന്ദ്രലൈബ്രറി സ്ഥാപിക്കുവാൻ ഗവൺമെൻറു തീരുമാനിച്ചിരിക്കുന്നു

—ലോകസഭയിലെ 14-ം രാജ്യസഭയിലെ 7-ം മെമ്പർമാരെ ഉൾപ്പെടുത്തി തിരുകൊച്ചിയിലേക്കുവേണ്ടി ഒരു കൺസൾട്ടേററീവ് കമ്മിററിയെ നിയമിച്ചിരിക്കുന്നു. കമ്മിററിയുടെ പ്രഥമയോഗം ജൂലൈ 21-ാംനു- സമ്മേളിക്കും.

—കൊല്ലം ഫോറസ്റ്റ് കൺസർവേറർ മി. വി. മാധവൻപിള്ളയെ സിക്രട്ടറിയേററിൽ ഒരുമാസത്തേക്കു സ്പെഷ്യൽഡ്യൂട്ടിയിൽ നിയമിച്ചിരിക്കുന്നു.

—ജോയിൻറ് അഡൈ്വസർ ചെയർമാനായും, ചീഫ് സിക്രട്ടറി, ഫൈനാൻസ് സിക്രട്ടറി, ഇൻഡസ്ട്രീസ് സിക്രട്ടറി എന്നിവർ അംഗങ്ങളായും സ്റ്റോർപർച്ചേസ് കമ്മിററി പുനസ്സംഘടിപ്പിച്ചിരിക്കുന്നു.

—ഇശ്രൂർഡിസ്ട്രിക്റ്റിലെ ദുരിതവിധേയമായ പ്രദേശങ്ങളിലെ ജനങ്ങളുടെ സഹായത്തിനായി പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 20000 ക. അനുവദിച്ചിരിക്കുന്നു.

—തൃശ്ശൂർ സെൻറ് മേരീസ് കോളേജിൽനിന്നും ഇക്കഴിഞ്ഞ ബി എ പരീക്ഷയ്ക്കു ഒന്നാംഭാഗത്തിൽ 78 ശതമാനവും രണ്ടാംഭാഗമായ മലയാളത്തിൽ 83 ശതമാനവും ഹിന്ദിക്കു 78 ശതമാനവും സംസ്കൃതത്തിനു 100 ശതമാനവും, മൂന്നാംഭാഗമായ മാത്തമാററിക്സിനു 76 ശതമാനവും എക്കണോമിക്സിനു 87 ശതമാനവും പാസായിരിക്കുന്നു.

—തിരുകൊച്ചി ബാങ്കിങ്ങ് എൻക്വയറി കമ്മീഷൻ മൂന്നാഴ്ചയ്ക്കകം ഇന്ത്യാഗവൺമെൻറിലേക്കു അവരുടെ റിപ്പോർട്ടു സമർപ്പിക്കുന്നതാണ്.

PHONE 157
C.K. LONAPPAN & BROS,
JEWELLERS, ERNAKULAM.
C.P.SON

# സത്യദീപം

പത്രാധിപന്മാർ
വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി
റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 | JULY 4, ERNAKULAM | No 44


# ദുക്റാനതിരുനാൾ

ക്രിസ്തുവിന്റെ പന്ത്രണ്ടു അപ്പസ്തോലന്മാരിൽ ഒരാളായ വിശുദ്ധ തോമാശ്ലീഹാ ഭാരതത്തിൽ വന്നു സുവിശേഷം പ്രസംഗിച്ചുവെന്നും മൈലാപ്പൂരിൽവച്ചു രക്തസാക്ഷിമകുടം ചൂടിയെന്നുമുള്ള ചരിത്രവസ്തുതകളെ ഇന്നു പണ്ഡിതലോകം സംശയാതീതമായി അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതീതകാലങ്ങളിൽ ഈ സംഭവങ്ങളെ സംബന്ധിച്ച് ബഹുവിധ സംശയങ്ങളും വാദപ്രതിവാദങ്ങളും ഉന്നയിക്കപ്പെട്ടിരുന്നുവെങ്കിലും അഗാധമായ ചരിത്രപഠനത്തിന്റേയും അപ്രതിരോധ്യമായ തെളിവുകളുടേയും പ്രകാശത്തിൽ അവയെല്ലാം തിരോഭവിച്ചുപോയിരിക്കുന്നു. ഇന്നത്തെ ലക്ഷ്യം മാർത്തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വം പരിപൂർണ്ണമായ സാഫല്യത്തിൽ എത്തിക്കുന്നതിനുള്ള പദ്ധതികളെ പ്രായോഗികമാക്കുകയാണ്. മാർത്തോമാശ്ലീഹാ മൈലാപ്പൂരിൽവച്ചു രക്തസാക്ഷിത്വം കൈവരിച്ചതിന്റെ സ്മരണയെ ആചരിക്കുന്ന ഈ ദുക്റാനതിരുനാൾ അതിനുള്ള പ്രചോദനമാണ് പ്രത്യേകവിധമായി നമുക്ക പ്രദാനംചെയ്യുന്നതു്.

1952 ഡിസമ്പർ അവസാനം ഭാരതശ്ലീഹായുടെ കേരളപ്രവേശനത്തിന്റെ 19-ാം ശതാബ്ദപൂർത്തി സാഘോഷം എറണാകുളം നഗരത്തിൽവച്ചു ആഘോഷിച്ചതിന്റെ ചില മധുരസ്മരണകളാണ് സ്വാഭാവികമായി ഇത്തരുണത്തിൽ നവോത്ഥാനംചെയ്യുന്നതു്. പരിശുദ്ധ സിംഹാസനത്തിൽനിന്നു മാർത്തോമാശ്ലീഹായുടെ ഇന്ത്യൻ പ്രേഷിതത്വത്തേയും കേരളത്തിലെ മാർത്തോമാക്രിസ്ത്യാനികളുടെ വിശ്വാസത്തേയും സംബന്ധിച്ച് പല അവസരങ്ങളിലും പരസ്യമായ പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പ്രസ്തുതാവസരത്തിൽ ചരിത്രസാക്ഷ്യങ്ങളുടെ പരിചിന്തിതമായ പ്രകാശനത്തിൽ ചെയ്യപ്പെട്ട പരാമർശനങ്ങൾ അവയെ എല്ലാം അതിമാത്രം അതിശയിക്കുന്നവയാണ്. ശതാബ്ദാഘോഷസമ്മേളനത്തിൽ സന്നിഹിതനാകുന്നതിനുപോലുമുള്ള പൈതൃകാശീർവാദം കല്പിച്ചുപ്രകടിപ്പിച്ചശേഷം, പേപ്പൽ പ്രതിനിധിയായി സിഡ്നി മെത്രാപ്പോലീത്താ അത്യുന്നത കർദ്ദിനാൾ ഗിൽറോയി തിരുമേനിയെ നിയമിച്ചുനൽകിയ ബൂളയിൽ പരിശുദ്ധ പിതാവു 12-ാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിച്ചതിപ്രകാരമാണ്: "തിരുസഭയുടെ പ്രാചീന പ്രാർത്ഥനാഗ്രന്ഥങ്ങളിലും ഇന്ത്യയിലുള്ള മററു തിരുസമസ്കാരങ്ങളിലും പ്രാചീനഅപ്പസ്തോലന്റെ പേരും പെരുമയും പ്രത്യക്ഷമാണ്. സെന്റ് തോമസിൽനിന്നു നാമധേയവും മഹത്ത്വവും വന്നുചേർന്നിട്ടുള്ള ക്രൈസ്തവരുടെ ഇടയിൽ, ശ്ലീഹാ ഇന്ത്യയിൽ പ്രസംഗിച്ച വിശ്വാസം വികസിച്ചുകൊണ്ടുതന്നേയിരുന്നു. നീണ്ട ശതാബ്ദങ്ങൾ കടന്നുപോയെങ്കിലും ആ വിശ്വാസം ഒരിക്കലും അസ്തമിതമായിട്ടില്ലെന്നു കാണാം." [illegible] ജൂബിലിയാഘോഷങ്ങളുടെ സമാപനസമ്മേളനത്തിലേക്ക പ്രക്ഷേപണംചെയ്യപ്പെട്ട പ്രത്യേക റേഡിയോസന്ദേശത്തിലും മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഇതേപ്പററി അനുസ്മരിക്കയുണ്ടായി: "ദൈവത്തേയും പരിത്രാണത്തേയും പററിയുള്ള ദിവ്യസത്യവും അതോടൊപ്പം അദ്ദേഹ സ്നേഹത്തിന്റേയും പ്രസാദവരത്തിന്റേയും അളവററ ഭണ്ഡാരം മുഴുവനും നിങ്ങൾക്ക കൊണ്ടുവന്നു നൽകുന്നതിനു, ഈശോയുടെ പവിത്രഹസ്തങ്ങളിലെ ക്ഷതങ്ങളിൽ തന്റെ വിരലും വിലാപ്പുറത്തു തന്റെ കരവും ഏതൊരപ്പസ്തോലൻ വെയ്ക്കുവാൻ ഇടയായോ ആ ആളെത്തന്നെ ദൈവം നിങ്ങൾക്കായി നിയോഗിച്ചുവെന്ന വസ്തുതയിൽ കാരണമില്ലാതെയല്ല നിങ്ങൾ അഭിമാനംകൊള്ളുന്നതു്. ആ ശ്ലീഹാ ഇന്ത്യയിൽ വരികയും, വാക്കാലും പ്രവൃത്തിയാലും, പരമമായ സ്വപരിത്യാഗത്താലും നിങ്ങളുടെ നാട്ടിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയും ചെയ്തിട്ട് 1900 വർഷങ്ങൾ കടന്നുപോയിരിക്കുന്നു. അദ്ദേഹത്തിൽ പ്രവർത്തിച്ച ദൈവത്തിന്റെ ശക്തി അപാരമേയംതന്നെ ആയിരുന്നു. പാശ്ചാത്യരാജ്യങ്ങളിൽനിന്നു ഇന്ത്യ വിഛേദിക്കപ്പെട്ടിരുന്ന ശതാബ്ദങ്ങളിൽ, എല്ലാം സഹനശക്തിയേയും വെല്ലുന്ന പല വിപത്തുകളും ഉണ്ടായിരുന്നിട്ടും, പ്രസ്തുത ശ്ലീഹായാൽ രൂപവത്കൃതമായ ക്രിസ്ത്യൻസമുദായങ്ങൾ, അദ്ദേഹം അവർക്ക നൽകിയ പിതൃവകാശത്തെ അഭംഗമായി പരിരക്ഷിച്ചുപോന്നു......പ്രിയപ്പെട്ട പുത്രന്മാരേ, പുത്രിമാരേ, ഈ ശ്ലീഹായുടെ പിന്തുടർച്ച മാർത്തോമാക്രിസ്ത്യാനികൾ എന്ന നാമത്തിൽ മഹത്ത്വംകൊള്ളുന്ന നിങ്ങളിൽ പലരുടേയും അഭിമാനകരമായ അവകാശമാകുന്നു. ഈ അവസരത്തിൽ അതു് അംഗീകരിക്കുന്നതിനും അതിനു സാക്ഷ്യംവഹിക്കുന്നതിനും നമുക്ക അതിയായ സന്തോഷമുണ്ട്. പല സൽഫലങ്ങളും പുറപ്പെടുവിച്ചിട്ടുള്ള നിങ്ങളുടെ വീരോചിതമായ പ്രവർത്തനവും, കത്തോലിക്കാഭാരതത്തിനു ക്രിസ്തുവിന്റെ ഒട്ടേറെ പുരോഹിതന്മാരേയും കന്യാസ്ത്രീകളേയും പ്രദാനംചെയ്ത അപ്പസ്തോലികതീക്ഷ്ണതയും ഇനിയും നിങ്ങളിൽ ഉടനീളം ഉണ്ടാകുമെന്നും, ആദ്ധ്യാത്മികജീവിതത്തിന്റെ വളർച്ചയെ പുരോഗമിപ്പിക്കുമെന്നും നാം പ്രത്യാശിക്കുന്നു."

12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ഈ പ്രസ്താവങ്ങൾ വസ്തുതകളെ ചരിത്രവെളിച്ചത്തിൽ നിരത്തിവയ്ക്കുന്നതിനും അനന്തരകരണീയങ്ങളെ സമ്യക്കായി ചൂണ്ടിക്കാണിക്കുന്നതിനും തികച്ചും മതിയാകുന്നവയാണ്. "തിന്മയുടെ ശക്തികൾ തിങ്ങിയ അണികളായി സമരംനടത്തുകയും, ദൈവത്തിന്റെ ഭാഗത്തുള്ളവരുടെ ഇടയിൽ ഐക്യമുണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത കൂടുതൽ അനുപേക്ഷണീയമായിരിക്കുകയും ചെയ്യുന്ന ഇന്നു്, ഭിന്നിച്ചുപോയ സഹോദരങ്ങളെപ്പോലും ആഹ്വാനംചെയ്യുവാൻ നാം ധൈര്യപ്പെടുന്നു. ഭിന്നത അവസാനിക്കട്ടെ, പത്രോസും അവിടുത്തെ പിൻഗാമികളുമാകുന്ന പാറമേൽ ക്രിസ്തു തെററിപ്പോകാത്ത വാക്കുകളിൽ നിർമ്മിച്ചിട്ടുള്ള ഭവനം (മത്താ. 16: 16—20) നിങ്ങൾക്കായി ഇതാ തുറക്കപ്പെട്ടിരിക്കുന്നു", എന്നീ വാക്കുകളിൽ തിരുമേനി ഇന്നത്തെ ആപൽസമ്പൂർണ്ണമായ പരിതസ്ഥിതികളെ ഉടനു വിശദമാക്കുകയും ക്രിസ്തീയസഭകൾ പത്രോസാകുന്ന പാറമേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള സത്യസഭയിൽ ഒന്നിക്കേണ്ടതിനു പൈതൃകാഹ്വാനം നൽകുകയുംചെയ്യുന്നു. ഭാരതക്രിസ്തീയസഭകൾ മാർത്തോമാശ്ലീഹാ ഇവിടെ സ്ഥാപിച്ചതായ സഭൈക്യസഭയിൽ ഒന്നിച്ചുചേരുകയും, ഭാരതമാകെ ക്രിസ്തുവിന്റെ രക്ഷാകരസത്യത്തിന്റെ മണിദീപം തെളിയിച്ച് ആ പിതാവിന്റെ പ്രേഷിതവേലയിൽ പങ്കുകൊണ്ട് ആർഷഭാരതത്തെ ക്രിസ്തുവിനു നേടിക്കൊടുക്കുകയും ചെയ്യുക എന്നതായിരിക്കണം നമ്മുടെ പരിപാടി.

ഭാരതത്തിൽ ക്രിസ്തീയസഭ ഒരു പരിവർത്തനഘട്ടത്തെ അഭിമുഖീകരിക്കുകയാണെന്നുള്ളതു് തെളിവായ ഒരു വസ്തുതയാണ്. രാഷ്ട്രീയമായി വിദേശാധിപത്യത്തിൽനിന്നും സ്വതന്ത്രയായ ഭാരതത്തിനു പല പ്രശ്നങ്ങളേയും നേരിടേണ്ടതായിട്ടുണ്ട്. മനുഷ്യജീവിതത്തെ അഗാധമായും സർവ്വംകഷമായും സ്പർശിക്കുന്ന മതവിശ്വാസത്തിനും അതിൽ ഇടപെടാതെ ഗത്യന്തരമില്ല. രാഷ്ട്രീയമായും സാമൂഹികമായും ധാർമ്മികമായും വ്യാവസായികമായും സാമ്പത്തികമായും ഉയർന്നുവരുന്ന ഓരോ പ്രശ്നങ്ങൾക്കും മനുഷ്യന്റെ മതബോധത്തോടു പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുണ്ടാകാതെ തരമില്ലല്ലോ. അതുകൊണ്ടു് സ്വാതന്ത്ര്യഭാരതത്തിന്റെ ഭാവിയെ പടുത്തുയർത്തുന്നതിനുള്ള സംരംഭത്തിൽ ക്രിസ്തുമതത്തിന്റെ ന്യായമായ അവകാശാധികാരങ്ങളെ ഭദ്രമാക്കുന്നതിനും അതിന്റെ ലക്ഷ്യപ്രാപ്തിക്ക പ്രതിബന്ധമാകാവുന്ന പരിതസ്ഥിതികളെ നിവാരണംചെയ്യുന്നതിനും ഭാരതീയക്രിസ്ത്യാനികൾ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഖേദമതായി അക്രൈസ്തവരായ ഭാരതീയലക്ഷങ്ങളെ സംബന്ധിച്ച് അവരുടെ തെററിദ്ധാരണകളേയും അജ്ഞതയേയും ദൂരീകരിച്ച്, മാനവവംശത്തെ ഒന്നാകെ ലക്ഷ്യംവെച്ചുള്ള ക്രൈസ്തവമഹാദർശത്തിന്റെ മാഹാത്മ്യത്തെ വിശദമാക്കിക്കൊടുക്കേണ്ട കർത്തവ്യമാണുള്ളതു്. രൂഢമൂലമായ വർഗ്ഗീയചിന്തയിൽ പരിണമിച്ചിട്ടുള്ള ഭാരതീയരായ നമ്മുടെ വികാരവേഗങ്ങളെ നിയന്ത്രിച്ചു സത്യോന്മുഖമായ ഒരു നിഷ്പക്ഷമനോഭാവം കൈവരിക്കുക അത്ര എളുപ്പമല്ലെന്നു പറയേണ്ടല്ലോ. ഇന്നവിടെയിവിടെയായി അനുഭവപ്പെട്ടുപോരുന്ന മതമർദ്ദനപരമായ അനാശാസ്യസംഭവങ്ങൾക്ക നിദാനം, അനിയന്ത്രിതവും അന്ധവുമായ ഈ വർഗ്ഗീയാവേശമാണെന്നുള്ളതാണ് വാസ്തവം. അതു വ്യവസ്ഥാപിതമായ ഒരു സംഘടനയുടെ രൂപംപോലും പ്രാപിക്കത്തക്കവണ്ണം അത്ര വ്യാപകവും ശക്തിമത്തുമാണെന്നുള്ളതും അനുഭവവേദ്യമായി കഴിഞ്ഞിട്ടുണ്ട്. അനനുകൂലവും പ്രതിരോധകവുമായ ഈ പരിതസ്ഥിതികളിലും വിശ്വാസദാർഢ്യത്തിലും സർവ്വോൽകൃഷ്ടമായ സമസൃഷ്ടിസ്നേഹത്തിലും അധിഷ്ഠിതമായ ക്രൈസ്തവഉപവിയിൽ ക്രിസ്ത്യാനികൾ അടിയുറച്ചുനിന്നു പ്രവർത്തിക്കുന്നതിനാണ് മാർത്തോമാശ്ലീഹായുടെ ജീവിതമാതൃക ഉൽബോധിപ്പിക്കുന്നതു്. സ്നേഹത്തിന്റേയും സേവനത്തിന്റേയും ജീവിതാദർശങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനും അതിന്റെ പാലനത്തിനുവേണ്ടി ആവശ്യമെങ്കിൽ ആത്മാർപ്പണംപോലും ദൈവസ്നേഹത്തെപ്രതി നിർവ്വഹിക്കണമെന്നതിനുമാണ് വിശുദ്ധ ശ്ലീഹായുടെ രക്തസാക്ഷിത്വം നമുക്കുത്തേജനം നൽകുന്നതു്. മാർത്തോമാപ്പസ്തോലന്റെ രക്തസാക്ഷിത്വസ്മരണയെ ആചരിക്കുന്ന ദുക്റാനതിരുനാൾ ഈ ഉദാത്തമായ നമ്മുടെ കർത്തവ്യചിന്തകളെ നമ്മിൽ ഉൽപ്പാദിപ്പിക്കുന്നതിനും, അപ്പസ്തോലികചൈതന്യത്തോടുകൂടിയ ജീവിതംവഴി അവ നമ്മിൽ ഫലമണിയിക്കുന്നതിനും ഇടയാകട്ടെ.

## തിരുനാൾമംഗളം



കോട്ടയം മെത്രാൻ
മോസ്റ്റ് റവ. ഡോക്ടർ തോമസ് തറയിൽ തിരുമനസ്സുകൊണ്ട്
(തിരുനാൾ — ജൂലൈ 3)

# ആ പുണ്യശിരോമണി വിണ്ണിലേറി

ചിരസ്മരണീയമായ പുനരൈക്യപ്രസ്ഥാനത്തിന്റെ സഹനായകനായ പുണ്യചരിതൻ മാർ തിയോഫിലോസ് തിരുമേനി ജൂൺമാസം 27-ാംനു ബുധനാഴ്ച വൈകിട്ട 5-15നു തിരുവല്ലായിലുള്ള ചെറുപുഷ്പഗിരി അരമനയിൽവച്ചു കാലംചെയ്ത എന്നുള്ള വിവരം അത്യഗാധമായ വ്യസനത്തോടുകൂടിയാണ് ഞങ്ങൾ രേഖപ്പെടുത്തുന്നതു്. 1930 സെപ്തംബർ 20-ാംതീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുമൊന്നിച്ച് നടന്ന തിരുമനസ്സിലെ തിരുസഭാപുനരൈക്യം കേരളസഭാചരിത്രത്തിലെ അതിപ്രശസ്തമായ അദ്ധ്യായം ഉറക്കലയിരുന്നു എന്നു ഇന്നാരേയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലതന്നെ. മൂന്ന ശതവർഷങ്ങൾക്ക മുമ്പു കേരളസഭാഗാത്രത്തിൽ ആവിർഭവിച്ച മുറിവിനെ പൊറുപ്പിക്കുന്നതിനും പൂർവ്വസൗഷ്ഠവത്തെ വീണ്ടെടുക്കുന്നതിനും അതതുകാലങ്ങളിൽ വൈദികരും അൽമായരുമായ സമുദായമേധാവികൾ പല പല പരിശ്രമങ്ങൾ ചെയ്തുപോന്നിരുന്നുവെങ്കിലും അവ ഫലമണിയുന്നതിനിടയായതു് വ്യൽപന്നമതികളും പുണ്യശ്ലോകന്മാരുമായ ബഥനി തിരുമേനിമാരുടെ സംരംഭഫലമായിട്ടായിരുന്നു എന്നുള്ളതു ചരിത്രത്തിനു മറക്കുവാനോ മറയ്ക്കുവാനോ സാദ്ധ്യമല്ല. അഗാധബുദ്ധിമാനും പണ്ഡിതവരേണ്യനും നയകോവിദനുമായിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ വലംകൈയായിനിന്നു് സ്ഥിരതയോടും ഭക്തിപ്രചുരിമയോടുംകൂടി ഈ മഹൽപ്രസ്ഥാനത്തെ വിജയിപ്പിച്ചിട്ടുള്ള പുണ്യശിരോമണിയായ മാർ തിയോഫിലോസ് തിരുമേനിയാണെന്നുള്ള പ്രകടമായ ഒരു വസ്തുതയാണ്. തിരുമേനിയുടെ നിഷ്ക്കളങ്കവും, ആത്മാർത്ഥതനിറഞ്ഞതും, ഭക്തിനിർഭരവുമായ ജീവിതത്തെപ്പററി, അദ്ദേഹത്തിന്റെ പ്രതിയോഗികൾപോലും സശീർഷകമ്പം സാക്ഷ്യം വഹിക്കുമെന്നതിനു സംശയമില്ല. കേരളസഭയ്ക്കു പൊതുവായും, മലങ്കരസുറിയാനിഹയരാർക്കിക്കും തിരുവല്ലാരൂപതയ്ക്കും പ്രത്യേകിച്ചും തിരുമനസ്സിലെ വിയോഗം ഒരു തീരാനഷ്ടമാണ്.

1932 ജൂൺ 11-ാംതീയതിലെ തിരുവെഴുത്തുമൂലം പരിശുദ്ധമാർപ്പാപ്പാ പുനരൈക്യപ്പെട്ടവർക്കുവേണ്ടി മലങ്കരസുറിയാനിഹയരാർക്കി സ്ഥാപിക്കുകയും തിരുവല്ലായെ ഒരു സാമന്തരൂപതയായി നിശ്ചയിക്കുകയും ചെയ്തപ്പോഴാണു് മാർ തിയോഫിലോസ് തിരുമേനിയെ അതിന്റെ പ്രഥമമെത്രാനായി നിയമിച്ചതു്. 1933-ൽ തിരുമേനി റോമാ സന്ദർശിക്കുകയും പരിശുദ്ധമാർപ്പാപ്പായെ നേരിൽ കണ്ടു സ്നേഹഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുകയുമുണ്ടായി. യൂറോപ്പിലെ പല തീർത്ഥസ്ഥലങ്ങളും ഈ പര്യടനത്തിൽ തിരുമേനി സന്ദർശിച്ചു. തിരുവല്ലാരൂപതയുടെ നേരിട്ടുള്ള ഭരണം ചുരുങ്ങിയ മൂന്നു കൊല്ലക്കാലംമാത്രമേ തിരുമേനി നിർവ്വഹിച്ചിട്ടുള്ളൂ. എങ്കിലും തിരുമേനിയുടെ വിഖ്യാതമായ പുണ്യപരിപാകതയുടേയും ധീഷണാപാടവത്തിന്റേയും മായാമുദ്രകൾ ആ രൂപതാശിശുവിൽ ആഴമായി പതിഞ്ഞിരുന്നു എന്നുള്ള യാഥാർത്ഥ്യം അതിന്റെ അനന്തരചരിത്രവും പുരോഗതിയും വിഖ്യാപിക്കുന്നുണ്ട്. അനാരോഗ്യംമൂലം നേരിട്ടുള്ള ഭരണം വീണ്ടെടുക്കുന്നതിനു സാദ്ധ്യമല്ല എന്ന ബോദ്ധ്യമായതുകൊണ്ടു 1951-ൽ തിരുസിംഹാസനത്തിലെ അനുമതിവാങ്ങി രൂപതാഭരണം അഡ്മിനിസ്ട്രേറററായിരുന്ന മാർ സെവേരിയോസ് തിരുമേനിയെ പരിപൂർണ്ണമായി ഭരമേല്പിക്കുകയും തിരുമേനി ഒരു വിശ്രമജീവിതത്തിൽ പുണ്യാഭ്യാസനങ്ങളിൽ നിർല്ലീനനാവുകയുമാണുണ്ടായതു്, ബുധനാഴ്ച അവിടുത്തെ പാവനാത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുന്നതുവരെയും.

തിരുമേനി ആദ്യന്തം സത്യദീപത്തെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്നും, അതിന്റെ സേവനങ്ങളിൽ എത്ര സംതൃപ്തനായിരുന്നു എന്നും, അതിനെ പ്രോത്സാഹിപ്പിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനും, പ്രത്യേകിച്ചു പുനരൈക്യപ്രസ്ഥാനത്തിന്റെ മാർഗ്ഗങ്ങളിൽ ആ ദീപപ്രകാശം പരത്തുന്നതിനും എത്രവലിയ ഉൽസുകത പ്രദർശിപ്പിച്ചിരുന്നു എന്നും, പൈതൃകമായ അനുഗ്രഹാശ്ലേഷങ്ങൾകൊണ്ടതിനെ അഭിഷേകം ചെയ്യുന്നതിനു എത്രവലിയ ആനന്ദമാണ പ്രകടിപ്പിച്ചിരുന്നതെന്നും മധുരമധുരമായ സ്മരണകളോടും കൃതജ്ഞതാബദ്ധമായ വികാരവായ്പ്പുകളോടുംകൂടി മാത്രമേ ഞങ്ങൾക്കോർമ്മിക്കുവാൻ കഴിയൂ. തിരുമേനിയുടെ ഈ വിയോഗത്തിൽ ഹൃദയംഗമമായി ദുഃഖിക്കുകയും അവിടുന്നു അപരിമേയമായ നിത്യസൗഭാഗ്യത്തിൽ ഇനിയും അവിടുത്തെ ആശ്രിതലക്ഷങ്ങളെ അനുഗ്രഹിക്കട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു. തിരുമേനിയുടെ പാവനാത്മാവു നിത്യശാന്തിയടയുമാറാകട്ടെ!


സത്യദീപം വരിസംഖ്യ
പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | "8—12—0 |

# തിരുവല്ലാ പ്രഥമ മെത്രാൻ മാർ തിയോഫിലോസ് തിരുമേനി കാലംചെയ്തു

### തിരുമേനിയുടെ ദേഹവിയോഗവും കബറടക്കവും

തിരുവല്ലാരൂപതയുടെ പ്രഥമ മെത്രാനും പുനരൈക്യപ്രസ്ഥാനത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ വലംകൈയായിനിന്നു പ്രവർത്തിച്ചിരുന്ന ദേഹവുമായ അഭിവന്ദ്യ ദിവ്യശ്രീ മാർ തിയോഫിലോസ് ഒ. ഐ. സി., ബി. ഏ. തിരുമേനി ജൂൺ 27-ാംനു ബുധനാഴ്ച വൈകീട്ട് 5-15 നു തിരുവല്ലയിലെ ചെറുപുഷ്പഗിരി അരമനയിൽവച്ചു കാലം ചെയ്തിരിക്കുന്നു. തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസ് തിരുമേനി, തിരുവല്ലാമെത്രാൻ മാർ അത്തനാസിയോസ് തിരുമേനി, വന്ദ്യ ദിവ്യശ്രീ ചേപ്പാട്ടച്ചൻ, അരമനയിലേയും ആശ്രമത്തിലേയും ബ: വൈദികർ, കന്യാസ്ത്രീകൾ ഇടങ്ങിയവർ തിരുമേനിയുടെ കിടക്കയ്ക്കുചുറ്റിലും പ്രാർത്ഥനാനിരതരായിനിന്നു ശുശ്രൂഷകൾ നടത്തിക്കൊണ്ടിരുന്നു. മരണത്തിന്റെ ഏതാനും നിമിഷങ്ങൾമുമ്പുവരെ തിരുമേനി അവരോടു സംസാരിക്കുകയും പ്രാർത്ഥനകളിൽ പങ്കെടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ചൊവ്വാഴ്ച വൈകീട്ടാണു് ആലസ്യം ഗുരുതരമായി കാണപ്പെട്ടതു്. ഇതുകൊണ്ടു് തിരുമേനിക്കു അന്ത്യശുശ്രൂഷാകർമ്മങ്ങൾ (കന്തീലാ) നൽകപ്പെടുകയുണ്ടായി. മരണവൃത്താന്തമറിഞ്ഞു് വൈദികാവൈദികരും, ഉദ്യോഗസ്ഥന്മാരും പ്രധാനമായ നിരവധിയാളുകൾ അരമനയിലെത്തി ഭക്ത്യാദരങ്ങൾ പ്രകടിപ്പിച്ചു. അരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും കോട്ടയം ബിഷപ്പ് റൈററ് റവ. ഡോക്ടർ തോമസ് തറയിൽ തിരുമേനിയും ചങ്ങനാശ്ശേരി ബിഷപ്പ് റൈററ് റവ. ഡോക്ടർ മാത്യു കാവുകാട്ട് തിരുമേനിയും അരമനയിൽ എഴുന്നെള്ളിയിരുന്നു. തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രഥമശുശ്രൂഷാകർമ്മത്തെ തുടർന്നു കോട്ടയം ചങ്ങനാശ്ശേരി മെത്രാൻ തിരുമേനിമാർ ഒപ്പീസുകൾ നടത്തി.

### കത്തീഡ്രലിൽ

രാത്രി 10-30 നു കാലംചെയ്ത തിരുമേനിയെ സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ച് കത്തീഡ്രൽദേവാലയത്തിലേക്ക സംവഹിച്ചു. തിരുമേനിയുടെ ആത്മശാന്തിക്കുവേണ്ടിയുള്ള തിരുകർമ്മങ്ങളും പ്രാർത്ഥനകളും ഇടതടവില്ലാതെ നടന്നുകൊണ്ടിരുന്നു. കാലത്തു പരേതനുവേണ്ടി വന്ദ്യ തിരുമേനിമാർ മൂന്നിടത്തിൽ കുർബാനയും പ്രത്യേകശുശ്രൂഷകളും നിർവ്വഹിച്ചു. ഉച്ചതിരിഞ്ഞു് 2-30 നു് കബറടക്കശുശ്രൂഷകൾ സമാരംഭിച്ചു. തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും, തിരുവല്ലാ മെത്രാൻ തിരുമനസ്സിലെ സഹകാർമ്മികത്വത്തിലും, എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ, കോട്ടയം, ചങ്ങനാശ്ശേരി, പാലാ, വിജയപുരം, ആലപ്പുഴ എന്നീ രൂപതകളിലെ അഭിവന്ദ്യ മെത്രാന്മാർ, മംഗലപ്പുഴ സെമിനാരി റെക്ടർ വെരി റവ. ഫാദർ ഔറേലിയൻ ഒ. സി. ഡി., സുറിയാനികത്തോലിക്കാ സഭാപ്രിയോർ ജനറൽ വെരി റവ. ഫാദർ മാവുരൂസ്, വെരി റവ. മോൺസിഞ്ഞോറന്മാർ, ബ: വൈദികർ, ശെമ്മാശ്ശന്മാർ, മുതലായവരുടെ വൈദികസഹകരണത്തിലും, ബ: കന്യാസ്ത്രീകളുടേയും വമ്പിച്ച ഒരു ജനാവലിയുടേയും പ്രാർത്ഥനാപൂർവ്വകമായ സാന്നിദ്ധ്യത്തിലുമാണു് ഹൃദയസ്പർശകമായ പ്രസ്തുത കർമ്മം നിർവ്വഹിക്കപ്പെട്ടതു്. ശുശ്രൂഷകളുടെ ആരംഭത്തിൽ വിജയപുരം മെത്രാൻതിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ ലത്തീൻ റീത്തിലുള്ള ഒപ്പീസ് നടന്നു. തുടർന്നു എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ തിരുമേനി, ചങ്ങനാശ്ശേരി, പാലാ രൂപതാദ്ധ്യക്ഷന്മാർ തിരുമേനിമാരുടെ സഹകരണത്തിൽ ഒപ്പീസ് നടത്തി. അനന്തരം മാർ തിയോഫിലോസ് തിരുമേനിയെ അനുസ്മരിച്ചു് തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമേനി ഒരു ലഘു പ്രഭാഷണം നിർവ്വഹിച്ചു. ഹൃദയസ്പർശകമായ പ്രസ്തുത പ്രഭാഷണത്തിൽ തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:—

### പ്രഭാഷണം

തിയോഫിലോസ് തിരുമേനിയുടെ ചരമം ഒരു തലമുറയുടെ സമാപനത്തെ കുറിക്കുന്നു. പുനരൈക്യപ്രസ്ഥാനത്തിനു ആരംഭമിട്ടതു് മാർ ഈവാനിയോസ് തിരുമേനിയും മാർ തിയോഫിലോസ് തിരുമേനിയും കൂടിയാണു്. പുനരൈക്യപ്രസ്ഥാനം ഇന്നു് ഒരു മഹാപ്രസ്ഥാനമായി വളർന്നിരിക്കുന്നു. ഒരു ലക്ഷത്തോളംപേർ ഇന്ന കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടവരായുണ്ട്. ഇതു് നമ്മുടെ സാമർത്ഥ്യംമൂലമല്ല.

വലിയ വിലകൊടുക്കാതെ ഇത്തരം ഒരു നേട്ടം സാദ്ധ്യമല്ല. തിയോഫിലോസ് തിരുമേനി പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി ഹോമബലിയായിത്തീർന്നു. ശത്രുക്കൾക്കുപോലും യാതൊരു കുറ്റവും ആരോപിക്കുക സാദ്ധ്യമല്ലാത്തവിധം അത്ര പരിശുദ്ധനായ ഈ തിരുമേനി ഇത്രയേറെ പീഡ സഹിക്കേണ്ടിവന്നതിനു് എന്താണു കാരണം? ഇത്ര മഹത്തായ ഒരു പ്രസ്ഥാനത്തിന്റെ വിജയത്തിനു് വലിയ വിലകൊടുക്കാതെ നിവൃത്തിയില്ല. ദൈവം തിരുമേനിയെ ബലിവസ്തുവായി തിരഞ്ഞെടുത്തു.

തിരുമേനി അന്തരിച്ചു. നാം ഖേദമനുഭവിക്കുന്നു. തിരുമേനി വിതച്ചു. നാം കൊയ്യുന്നു. ക്ഷമയുടേയും ഉത്തമജീവിതചര്യയുടേയും ഉദാത്തമായിരുന്നു തിയോഫിലോസ് തിരുമേനി. തിരുമേനിയുടെ നിര്യാണം മലങ്കര സുറിയാനിസമുദായത്തിനു് ഒരു തീരാനഷ്ടമാണു്. അവിടുന്നു ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പാകെ നമുക്കുവേണ്ടി പ്രാർത്ഥിക്കും.

അവിടുന്നു നമ്മുടെ ആത്മീയപിതാവാണു്. തിരുമേനി നമ്മെ മിശിഹായിൽ ജനിപ്പിച്ചു. അവിടുത്തെ ഉത്തമസന്താനങ്ങളായി നാം ജീവിക്കണം. തിരുമേനി ഏതു പ്രസ്ഥാനത്തിനുവേണ്ടി സ്വയം അർപ്പിച്ചുവോ ആ പ്രസ്ഥാനം ഇന്നും പൂർണ്ണമായിട്ടില്ല. സുറിയാനിക്കാരുടെ ഇടയിൽ യഥാർത്ഥമായ ഐക്യവും സമാധാനവും ഉണ്ടാകുവാൻ സഹനംവഴിയായി, ത്യാഗംവഴിയായി, പ്രാർത്ഥനാവഴിയായി നമുക്കു യത്നിക്കാം. പിതാവിനു യോജിച്ച മക്കളായി നമുക്കു ജീവിക്കാം.

### കബറടക്കം

കോട്ടയം ബിഷപ്പ് ഡോക്ടർ തോമസ് തറയിൽ തിരുമേനിയാണു് ചരമപ്രസംഗം നടത്തിയതു്. കാലംചെയ്ത തിരുമേനിയുടെ ശ്രേഷ്ഠഗുണാവിശേഷങ്ങളേയും വ്യക്തിപ്രഭാവത്തേയും ശ്ലാഘിച്ചുകൊണ്ടും, പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിയെ പരാമർശിച്ചുകൊണ്ടുമാണു് തിരുമേനി പ്രസംഗിച്ചതു്. കബറടക്കശുശ്രൂഷകൾ നഗരികാണിക്കലിനുശേഷം 4-30 ഓടുകൂടി സമാപിച്ചു. തിരുവല്ലാ കത്തീഡ്രൽദേവാലയത്തിന്റെ മദ്ബഹായിൽ മാർ സെവേരിയോസ് തിരുമേനിയുടെ കബറിടത്തിനു എതിർഭാഗത്തു പ്രത്യേകം സജ്ജമാക്കിയിട്ടുള്ള കല്ലറയിലാണു് സുകൃതപുരുഷന്റെ മൃതദേഹം അന്ത്യവിശ്രമം കൊള്ളുന്നതു്.



### ആദരപ്രകടനങ്ങൾ

കാലംചെയ്ത തിരുമേനിയുടെ മൃതദേഹം സന്ദർശിച്ചു ഭക്ത്യാദരങ്ങൾ പ്രകടിപ്പിച്ചവരുടെ കൂട്ടത്തിൽ എല്ലാ നിലകളിലും, സമുദായങ്ങളിലുംപെട്ട ആളുകൾ ഉൾപ്പെട്ടിരുന്നുവെന്നുള്ള വസ്തുത പരേതനോടുള്ള സാർവ്വജനീനമായ മതിപ്പിന്റെ പ്രകടോദാഹരണമായിരുന്നു. ബുധനാഴ്ച വൈകീട്ടു തന്നെ നിരണം ഭദ്രാസനത്തിന്റെ മാർ തോമ്മാ ദിവന്യാസിയോസ് മെത്രാപ്പോലീത്താ തിരുമേനി ചെറുപുഷ്പ അരമനയിലെത്തി മൃതദേഹം സന്ദർശിച്ചു പ്രാർത്ഥിച്ചു. ദേവാലയത്തിൽവച്ചു അഭിവന്ദ്യ ദിവ്യശ്രീ യൂഹാനോൻ മാർ തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയും, സി എസ് ഐ ബിഷപ്പ് ഡോക്ടർ ജേക്കബ് തിരുമേനിയും അന്ത്യോപചാരങ്ങൾ പ്രകടിപ്പിച്ചവരുടെ കൂട്ടത്തിൽ പെടുന്നു. ഇടവിടാതെയുള്ള മഴയുടെ ശല്യത്തെ അവഗണിച്ചുകൊണ്ടു അനേകായിരംപേർ അന്ത്യശുശ്രൂഷകളിൽ സംബന്ധിച്ചതു ദിവംഗതനായ തിരുമേനിയോടുള്ള അനിതരസാധാരണമായ സ്നേഹബഹുമാനങ്ങൾമൂലമായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

### ജീവചരിത്രം

തിരുമേനി 1892 ഫെബ്രുവരി 29-ാംനു കോട്ടയത്തു ഒളശയിൽ കല്ലൂപ്പറമ്പിൽ കുടുംബത്തിലാണു് ജനിച്ചതു്. പ്രസിദ്ധനായ ശ്രീ അബ്രാഹാമും ശ്രീമതി അച്ചാമ്മയുമായിരുന്നു മാതാപിതാക്കന്മാർ. സെറാമ്പൂർ കോളേജിൽ എം. ഏ. പണിക്കരച്ചന്റെ (മാർ ഈവാനിയോസ്) കീഴിൽ വിദ്യാഭ്യാസം നിർവ്വഹിച്ചു ബി. ഏ. ബിരുദം സമ്പാദിച്ചു. 1925-ൽ അദ്ദേഹം വൈദികനായി. 1929 ഫെബ്രുവരി 16-ാം തീയതി അദ്ദേഹം ബഥനിയുടെ സഹായമെത്രാനായി അഭിഷേചിക്കപ്പെട്ടു. 1930 സെപ്തംബർ 20-ാംനു-യാണു് മാർ ഈവാനിയോസു തിരുമേനിയുമൊരുമിച്ചു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതു്. 1932 ജൂൺ 11-ാംനു തിരുവല്ലാരൂപത സ്ഥാപിച്ചപ്പോൾ അതിന്റെ പ്രഥമമെത്രാനായി തിരുമേനി നിയമിതനായി. 1933-ൽ തിരുമേനി വിശുദ്ധനാടും പല യൂറോപ്യൻ തീർത്ഥസ്ഥലങ്ങളും സന്ദർശിച്ചു. പരിശുദ്ധമാർപ്പാപ്പാ തിരുമേനിയെ സ്നേഹപൂർവ്വം സ്വീകരിച്ചു് അനുഗ്രഹാശിസ്സുകൾ നൽകി. 1934 മുതൽ ശരീരാസ്വാസ്ഥ്യംമൂലം രൂപതാഭരണം നേരിട്ടുനടത്തുന്നതിനു സാധിക്കാതെ വിശ്രമിക്കുന്നതിനു നിർബന്ധിതനായി. 1950-ൽ ഭരണനിർവ്വഹണം മേലിൽ സാദ്ധ്യമല്ല എന്നു കണ്ടുകൊണ്ടു് പരിശുദ്ധസിംഹാസനം ഭരണഭാരത്തിൽനിന്നും തിരുമേനിയെ ഒഴിവാക്കി അമേദാരായുടെ സ്ഥാനിക മെത്രാനായി നിയമിക്കുകയും, തിരുവല്ലാരൂപതയുടെ ഭരണം അഡ്മിനിസ്ട്രേറ്ററായിരുന്ന മാർ സെവേരിയോസിനെ ഏല്പിക്കുകയും ചെയ്തു. തിരുമേനി വിശ്രമകാലം മുഴുവനും പ്രാർത്ഥനാനിരതനായി അവിടുത്തെ ഭക്തജീവിതം തുടരുകയായിരുന്നു. അവിടുത്തെ പാവനാത്മാവു നിത്യസൗഭാഗ്യം അനുഭവിക്കുമാറാകട്ടെ.

R. I. P.

---

## പ്രസാധകക്കുറിപ്പുകൾ

### സ്വേച്ഛാധികാരത്തിനു വേണ്ടി

## റഷ്യൻനേതൃത്വത്തിന്റെ പോരാട്ടം

റഷ്യൻ നേതൃത്വമണ്ഡലത്തിൽ പ്രശസ്തമായ സ്ഥാനം വളരെനാൾ വഹിച്ചുപോന്ന വെച്ചെസ്ലാവ് മൊളോട്ടോവിന്റെ രാജിയോടുകൂടി അധികാരവടംവലിച്ചുരംഗത്തിലെ ഒരു പോരാട്ടം സമാപിച്ചുവെന്നു വിചാരിക്കാം. ക്രൂഷ്ചേവിനെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണസ്വേച്ഛാധികാരത്തിലെത്തുവാനുള്ള അദ്ദേഹത്തിന്റെ നീണ്ട കരുനീക്കങ്ങളിൽ മൂന്നാമത്തേതാണു് മൊളോട്ടോവിന്റെ തിരസ്കരണം. സ്റ്റാലിന്റെ മരണശേഷം ആദ്യം നടന്നതു് രഹസ്യപ്പോലീസ് തലവനായ ലവരെന്തി ബെറിയായേയും കൂട്ടുകാരേയും നിഷ്കാസനം ചെയ്യുക എന്നതായിരുന്നു. 1953 ൽ അതു സമർത്ഥമായി സാധിച്ചു.

(ശേഷം 10-ാംപേജിൽ)

(9-ാംപേജ് തുടർച്ച)

രണ്ടാമത്തെ പ്രതിബന്ധം മല ങ്കോവായിരുന്നു. അദ്ദേഹം കുറെ ങ്ങൾ സ്വയം ഏറ്റുപറഞ്ഞ് 1955 ഫെബ്രുവരിയിൽ പ്രധാനമന്ത്രിപദം രാജിവച്ചു താഴെയിറങ്ങി. മൂന്നാമത്തെ പ്രതിയോഗിയായിരുന്നു മൊളോട്ടോവ്. സുദീർഘമായ കുരുനീക്കലുകളുടെ ഫലമായി ഇപ്പോൾ മോളോട്ടോവും പുറംതള്ളപ്പെട്ടു. ക്രൂഷേവിന്റെ സ്വേച്ഛാധിപത്യമാണ് ഇനി റഷ്യയിൽ കുറേക്കാലത്തേക്ക് നിർബാധം നടക്കുക എന്നുവേണം വിചാരിക്കാൻ. തൊഴിലാളി സർവ്വാധിപത്യത്തിന്റെ പേരിൽ പാവപ്പെട്ട തൊഴിലാളികളെ വ്യാമോഹിപ്പിച്ച് നേതൃത്വം കൈക്കലാക്കുന്നതിനുവേണ്ടി ഇരുമ്പുമറയ്ക്കു പുറകിൽ നടന്നുകൊണ്ടിരിക്കുന്ന ഈ മരണപോരാട്ടം ഇനിയും പുതിയ രംഗങ്ങളെ സൃഷ്ടിച്ചുകൊണ്ടു മുന്നേറുകമാത്രമേ നിർവ്വാഹമുള്ളു എന്നാണ് ഇതപ്പര്യന്തമുള്ള സോവ്യറ്റുയൂണിയന്റെ ചരിത്രം പ്രസ്പഷ്ടമാക്കുന്നത്. സ്വേച്ഛാധിപത്യത്തിന്റെ പരമകോടിയിൽ കയറിപ്പറ്റുന്നതിനുള്ള ഒരു ചതുരംഗംകളി. പാവപ്പെട്ട ജനങ്ങൾ അതിനുള്ള വെറും കരുക്കൾമാത്രം!

x x x

# നിര്യാതനായി

## മടത്തുംചാലിൽ ബ. യാക്കോബച്ചൻ

പെരിങ്ങഴ ഇടവക മടത്തുംചാലിൽ (ചേറൂർ) ബ. യാക്കോബച്ചൻ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 84-ാമത്തെ വയസ്സിൽ ജൂൺ 26-ാംനു ചൊവ്വാഴ്ച ഉച്ചതിരിഞ്ഞു 2 മണിക്കു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരകർമ്മം പിറേറദിവസം വൈകിട്ട് അഞ്ചരമണിക്കു എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്ക് മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു. മൊറോ റവ. മോൺസിഞ്ഞോറന്മാരായ ജോർജ്ജ് വലിയപറമ്പത്തും മാത്യു പോത്തനാമുഴിയും പല ബ. വൈദികരും നാനാജാതിമതസ്ഥരടങ്ങിയ വമ്പിച്ച ഒരു ജനാവലിയും സംസ്കാരകർമ്മങ്ങളിൽ സംബന്ധിച്ചിരുന്നു. മൃതദേഹം സ്ഥലം സിമത്തേരിക്കപ്പേളയിൽ പ്രത്യേകം സജ്ജമാക്കിയ കല്ലറയിൽ സംസ്കരിക്കപ്പെട്ടു. റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി. അവർകളാണ് ചരമപ്രഭാഷണം നിർവ്വഹിച്ചത്. പട്ടമൻ കോതമംഗലം, വാഴക്കുളം മുതലായ പല പള്ളികളിലും വികാരിയായിരുന്നു പ്രശസ്തവും സുദീർഘവുമായ സമാസേവനം നിർവ്വഹിച്ചിട്ടുണ്ട്. 1933-ലെ ജൂബിലിവർഷത്തിൽ അദ്ദേഹം നിത്യനഗരം സന്ദർശിച്ചു പരിശുദ്ധമാർപ്പാപ്പായെ മുഖം കാണിക്കുകയും യൂറോപ്പിലെ വിവിധതീർത്ഥസ്ഥലങ്ങളിൽ പര്യടനം നടത്തുകയും ചെയ്തിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ സ്വത്തുക്കളെല്ലാം നേരത്തെതന്നെ പ്രേഷിതപ്രവർത്തനങ്ങൾക്കും ആതുരശുശ്രൂഷണത്തിനുമായി നീക്കിവയ്ക്കുകയും തൽപ്രവർത്തനങ്ങളുടെ പൂരോഗതിക്കായി തന്റെ വാർദ്ധക്യകാലം വിനിയോഗിക്കുകയും ചെയ്തിരുന്നു എന്നതു പ്രത്യേകം പ്രസ്താവാർഹമാണ്. അദ്ദേഹത്തിന്റെ പരേതാത്മാവു നിത്യവിശ്രാന്തിയടയട്ടെ.

R. I. P.




## ലൈബ്രറി, വായനശാല

വായനശാല, ലൈബ്രറി, സമ്മാനദാനം മുതലായവയ്ക്കു പററിയ ധാരാളം കത്തോലിക്കാ ഗ്രന്ഥങ്ങൾ (മലയാളം) സ്റ്റോക്കുണ്ട്. ആവശ്യപ്പെടുക:—

Mookkannoor S. H. Orphanage Depot,
Ernakulam-1


# നിങ്ങളുടെ വോട്ട്

## ഭരണത്തിന്റെ ആയുധമാണ്

പ്രജായത്തഭരണ സമ്പ്രദായത്തിൽ വോട്ടിനുള്ള പ്രാധാന്യത്തേയും ഓരോ പൗരനും അതു ശരിയായി പ്രയോഗിക്കുന്നതിനുള്ള കർത്തവ്യത്തേയും വിശദമാക്കുന്ന ഒരു "ക്രിസ്റ്റഫർ വാർത്താക്കുറിപ്പ്" വളരെ ശ്രദ്ധാർഹമായിരിക്കുന്നു. ഇന്ത്യയിൽ ഒരു പൊതുതിരഞ്ഞെടുപ്പു അത്യാസന്നമായിരിക്കുകയും, അതിന്റെ വിജയത്തിനുവേണ്ടിയുള്ള വിവിധ പരിശ്രമങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ മാന്യ വായനക്കാരുടെ ശ്രദ്ധ അതിലേക്കു ഞങ്ങൾ പ്രത്യേകവിധം ക്ഷണിച്ചുകൊള്ളുന്നു.

"സ്വയംഭരണത്തിന്റെ നടപടികളെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സാകാര്യമായും വ്യക്തിഗതമായും നിങ്ങൾക്കു വളരെ പ്രവർത്തിക്കുവാൻ സാധിക്കും. ഈ ചുരുങ്ങിയ അനുസ്മരണം അതിനു സഹായകമാകാതിരിക്കുകയില്ല:-

### 1. നിങ്ങൾക്കു ദൈവത്തിന്റെ പ്രാതിനിദ്ധ്യമുണ്ട്

ദൈവത്തിൽനിന്നുമാത്രം നിർഗ്ഗമിക്കുന്ന അധികാരത്തിന്റെ ഒരു ഭാഗമാണു നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതു്. "ദൈവത്തിൽനിന്നല്ലാതെ യാതൊരധികാരവുമില്ല" (Rom. 13: 1) എന്നാണ് റോമാക്കാർക്കുള്ള ലേഖനത്തിൽ വിശുദ്ധ പൗലോസ് പ്രസ്താവിച്ചിട്ടുള്ളതു്. മററുള്ള യാതൊരുത്തർക്കും നിർവ്വഹിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു കർത്തവ്യം ദൈവം നിങ്ങളിൽ നിക്ഷേപിച്ചിരിക്കുകയാണ്. മാനവവംശത്തെ ഭരിക്കുന്നതിൽ ദൈവത്തിന്റേതായ സത്യവും നീതിയും പ്രായോഗികമാക്കുന്നതിനു് പ്രാർത്ഥനയും പരിശ്രമവുംവഴി ഒരു ചെറിയ പങ്കെങ്കിലും വഹിക്കുന്നതിന് ദൈവം നിങ്ങളെ നിയോഗിച്ചിരിക്കുന്നു. സ്വർഗ്ഗത്തിനടുത്ത ക്രമവും നിയമവും ലോകത്തിൽ സംജാതമാക്കുന്നതിനു ചില കാര്യങ്ങളെല്ലാം പ്രവർത്തിക്കുന്നതിനാണ് ക്രിസ്തു നിങ്ങളോടാവശ്യപ്പെടുന്നതു്. ചുരുക്കിപ്പറഞ്ഞാൽ, "അവിടുത്തെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ" എന്നുള്ള പ്രാർത്ഥന നിറവേറുന്നതിനുവേണ്ടി കഴിവുള്ള എല്ലാ പരിശ്രമവും ചെയ്യുക.

### 2. അവർ എല്ലായ്പോഴും വോട്ടുചെയ്യുന്നു

നാശത്തേയും വഞ്ചനയേയും കുഴപ്പങ്ങളേയും ഉന്നംവയ്ക്കുന്നവർ എല്ലാ തിരഞ്ഞെടുപ്പുകളിലും വോട്ടുചെയ്യുവാൻ ശ്രദ്ധാലുക്കളാണ്. മത്സരിക്കുന്ന സ്ഥാനാർത്ഥികൾ തമ്മിൽ നിസ്സാരമായ വ്യത്യാസംമാത്രമേ ഉള്ളുവെങ്കിലും അവർ വോട്ടുചെയ്യാതിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അനുഭവത്തിൽ നിന്നും അവർ മനസ്സിലാക്കിയിട്ടുണ്ട്. അവരുടെ പദ്ധതിയെ അല്പമെങ്കിലും അനുകൂലിക്കുന്നവർക്കു വേണ്ടി വോട്ടുചെയ്യുന്നതു വിലയേറിയ ഒരു സേവനമാണെന്നു്.

### 3, നിങ്ങൾ വോട്ടു ചെയ്യാതിരിക്കുവാൻ അവർ ശ്രദ്ധിക്കുന്നു

രാഷ്ട്രീയത്തെ രാജ്യനന്മയ്ക്കു യോജിക്കാത്ത ഉദ്ദേശ്യങ്ങൾക്കു വേണ്ടി കൈകാര്യം ചെയ്യുന്നവർ സാധാരണ പൗരന്മാരെ വോട്ടുചെയ്യുന്നതിന്റെ ഗൗരവത്തെപ്പററി ഉൽബോധിപ്പിക്കുന്നതിൽ അശ്രദ്ധരാണ്. നല്ലയാളുകൾ വോട്ടുചെയ്യുവാൻ വരാതിരിക്കയാണെങ്കിൽ അവരുടെ സ്വാർത്ഥോദ്ദേശ്യങ്ങൾ നേടുന്നതിനു കൂടുതൽ സൗകര്യമുണ്ടാകുമെന്നവർക്കു ബോദ്ധ്യമുണ്ട്.

### 4. ഉപേക്ഷയുടെ ഭവിഷ്യത്ത്

ഒരു തിരഞ്ഞെടുപ്പിൽ ഒരാൾ വോട്ടുചെയ്യാതിരുന്നാൽ ജനാധിപത്യഭരണം അതുമൂലം ദുർബലമായിത്തീരും. ഈ വ്യക്തിയുടെ പ്രവൃത്തിയെ കുറേപ്പേർകൂടി തുടരുക; സ്വാതന്ത്ര്യംതന്നെ പുറത്തെറിയപ്പെടും. "തിന്മയുടെ വിജയത്തിനു ആവശ്യമായ ഏകകാര്യം, നല്ല മനുഷ്യർ ഒന്നും പ്രവർത്തിക്കാതെ അലസമായിരിക്കുകയാണ്" എന്നത്രെ എഡ്മണ്ട് ബർക്ക് എന്ന മഹാൻ പ്രസ്താവിച്ചിട്ടുള്ളതു്.

### 5. തിരികത്തിക്കുക, അവ ഊതിക്കെടുത്തല്ലേ

രാഷ്ട്രീയപ്രവർത്തനങ്ങളെയെല്ലാം താറടിച്ചുകാണിച്ച് സൽഭരണാദർശത്തെ ഭാവനാത്മകമാക്കുന്ന അപകടത്തെ ഒഴിവാക്കുക. ഒന്നാമതായിത്തന്നെ അതിൽ പരമാർത്ഥമില്ല. പൊതുപ്രവർത്തനങ്ങളുടെ നിലവാരത്തെ ഉന്നമിപ്പിക്കുന്നതിനു ആത്മാർത്ഥമായി സ്ഥിരപരിശ്രമം ചെയ്യുന്ന പലരുണ്ട്. മാത്രമല്ല തന്മൂലം നിങ്ങൾ ദ്വിവിധ ഉപദ്രവങ്ങളാണു ചെയ്യുന്നതു്: a) സൽഭരണത്തെ ഉറപ്പുവരുത്തുന്നവരുടെ കൈയിലേക്കു ഭരണകൂടത്തെ നിങ്ങൾ വിട്ടുകൊടുക്കുന്നു; b) സ്വഭാവശുദ്ധിയും പ്രാപ്തിയുമുള്ള പ്രവർത്തകരെ പൊതുകാര്യങ്ങളിൽ ഏർപ്പെടുന്നതിൽനിന്നു നിങ്ങൾ തടയുകയും ചെയ്യുന്നു. ഭരണദൂഷ്യങ്ങളെ അതിവർണ്ണനം ചെയ്യുകയും അതിന്റെ ഗുണവശങ്ങളെ ന്യൂനീകരിക്കുകയും ചെയ്യുമ്പോൾ ആ ഉദാസീനമനഃസ്ഥിതിമൂലം വരുത്തിക്കൂട്ടുന്ന വിപത്തിനെപ്പററി അധികംപേരും ചിന്തിക്കുന്നില്ല. "ഇരുട്ടിനെ ശപിക്കുന്നതിനേക്കാൾ ഭേദം ഒരു തിരി കൊളുത്തുകയാണ്."

### 6. എല്ലാവർക്കും ഇതു ചെയ്യുവാൻ കഴിയും

അവനവന്റെ സ്വതന്ത്രമായ വിവേചനാവകാശം ഉപയോഗപ്പെടുത്തുന്നതിനും ഓരോ വോട്ടർക്കുമുള്ള ദൈവദത്തമായ അധികാരത്തെ വേണ്ടവിധത്തിൽ വിലമതിക്കത്തക്കവണ്ണം വോട്ടറന്മാരെ ഉൽബുദ്ധരാക്കുന്നതിനും ആരോഗ്യപരമായ പ്രചരണങ്ങൾ എല്ലാത്തിടത്തും നടത്തുക. പ്രാഥമികതിരഞ്ഞെടുപ്പുകളിൽ 10 ശതമാനമോ 20 ശതമാനമോമാത്രം സമ്മതിദായകന്മാരാണ് വോട്ടുചെയ്യുവാൻ അന്വേഷിക്കപ്പെടുന്നതെങ്കിൽ രാജ്യത്താകെ എത്ര ഭീമമായ ഒരു വിപ്ലവധ്വനിയായിരിക്കും ഉയരുന്നതെന്നു അവരെ മനസ്സിലാക്കുക. എന്നാൽ അപ്രകാരമാണു് സംഭവിക്കുന്നതു്.

### 7. പ്രധാനമായവയെ പ്രധാനമായി കരുതുക

വോട്ടുചെയ്യുന്നതിലും വോട്ടുചെയ്യുവാൻ മററുള്ളവരെ പ്രേരിപ്പിക്കുന്നതിലും, ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ താല്പര്യങ്ങളേക്കാൾ പ്രധാനമായി ജനങ്ങളുടേയും രാജ്യത്തിന്റേയും ഉത്തമതാല്പര്യങ്ങൾക്കു പ്രാധാന്യം നൽകുക.

### 8. നിങ്ങളുടെ പ്രവൃത്തിയുടെ ഫലം

അധമന്മാരായ രാഷ്ട്രീയപ്രവർത്തകന്മാർ തിരഞ്ഞെടുക്കപ്പെടുന്നതിനു കാരണം, ഉത്തമന്മാരായ ജനങ്ങൾ വോട്ടുചെയ്യുന്നതിനു തയാറാവാത്തതാണെന്നു നന്നായി ഗ്രഹിക്കുക.

### 9. ഗവമ്മെൻറ് എന്നതു നിങ്ങളുടേതാണ്

നിങ്ങൾക്കു ഒഴിഞ്ഞുമാറുവാനോ മററുള്ളവരെ ഭരമേല്പിക്കുവാനോ പാടില്ലാത്ത വ്യക്തിഗതവും നേരിട്ടുള്ളതുമായ ഒരു കർത്തവ്യം നിങ്ങളുടെ ഭരണകൂടത്തിന്റെ ഉപരിനന്മയെ സംബന്ധിച്ച് നിർവ്വഹിക്കേണ്ടതുണ്ട്. ഒന്നുകിൽ നിങ്ങൾ ഗവമ്മെൻറിനെ നയിക്കുക; അല്ലെങ്കിൽ അതു നിങ്ങളെ നയിക്കും. ഭരണകൂടത്തെ നിങ്ങൾ എത്രമാത്രം നന്നാക്കുമോ അത്രയേ അതു നന്നായിരിക്കുകയുള്ളു."

—o—


## പ്രതീക്ഷിപ്പിൻ!

## കൈത്തിരിവാർഷികപ്പതിപ്പ്

[1956 ആഗസ്റ്റ് 15നു]

പ്രസിദ്ധ സാഹിത്യകാരന്മാരുടെ ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ, ഏകാങ്കങ്ങൾ!

സാഹിത്യതിലകൻ സി. ജെ. മാറാം, വെണ്ണിക്കുളം, വെട്ടൂർ, റവ. ഡോ. സി. ററി. കൊട്ടാരം, പാലാ നാരായണൻ നായർ, റവ. ഡോക്ടർ മൂത്തേടൻ, ജി. സി. ടിച്ചാർ, ഫാദർ വടക്കൻ, കുമാരി മേരി സെബാസ്റ്റ്യൻ, ഉലകംതറ, പി. ററി. ചാക്കോ ഇടങ്ങിയവരുടെ കലാസൃഷ്ടികൾ.

പരസ്യക്കാർക്ക് സുവർണ്ണാവസരം. കോപ്പികൾ ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ മുൻകൂട്ടി ഓർഡർ ചെയ്യുക.

സെക്രട്ടറി, സി. എസ്. ലീഗ്, നെയ്യശ്ശേരി
P. O. കോടിക്കുളം, തൊടുപുഴ

N. B. ജൂലൈ 22-നു ശേഷം പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.




(6-ാംപേജ് തുടർച്ച)

രോ, പാപത്തിനു മോചനം പ്രാപിക്കാത്തവരോ ബസ്സ്'റുക്കാനായിൽ പോകുകയില്ലായെന്നുള്ളതു കത്തോലിക്കാസഭയുടെ അചഞ്ചലമായ പഠനമാണ്. ഇതിൽനിന്നുതന്നെ പത്താം ലെയോ അനുവദിച്ചതും, ടെട്ട്സെൽ പ്രസംഗിച്ചതും പാപമോചനച്ചീട്ടല്ലെന്നു വ്യക്തമാണല്ലോ.

ചോ: വിററൻബെഗ്ഗ് എന്ന സ്ഥലത്തെ പള്ളിയുടെ വാതുക്കൽ മാർട്ടിൻ ലൂഥർ പാപമോചനച്ചീട്ട് വില്പനയെ ഖണ്ഡിച്ച് ചില വാദങ്ങളെഴുതി പരസ്യപ്പെടുത്തിയില്ലേ?

കെ. ജെ. റാഫി, ചിങ്ങവനം

പത്താം ലെയോ മാർപ്പാപ്പാ, പത്രോസിന്റെ ദേവാലയനിർമ്മാണത്തിനു ധനധർമ്മങ്ങൾ സ്വീകരിക്കുവാൻ ചുമതലപ്പെടുത്തിയതു് ഒരു ഡൊമിനിക്കൻ സന്യാസിയായ ജോൺ ടെട്ട്സെല്ലിനെയാണ്. അങ്ങനെ ടെട്ട്സെൽ പെട്ടെന്നു പ്രസിദ്ധനായി. ഈ ജോലിയിൽ തന്നെ നിയമിക്കുമെന്നു പ്രതീക്ഷിച്ചിരുന്ന അഗസ്റ്റീനിയൻ സന്യാസിയായ മാർട്ടിൻ ലൂഥറിനെ ഇതു് അത്യധികം ക്ഷോഭിപ്പിച്ചു. 1517 ഏപ്രിൽ 10-ാംതിയതിയാണ് ടെട്ട്സെൽ വിററൻബെഗ്ഗിൽ പ്രസംഗിച്ചതു്. 1517 ഒക്ടോബർ 31-ാംതിയതി "ദണ്ഡവിമോചന"ങ്ങളെപ്പററിയുള്ള തന്റെ ആക്ഷേപങ്ങൾ ലൂഥർ എഴുതിപ്പററിച്ചു. ഈ ആക്ഷേപങ്ങൾക്കു ടെട്ട്സെൽതന്നെ ഉചിതമായ മറുപടിനൽകി. 106 വാദമുഖങ്ങൾ എന്ന പേരിൽ അവ അറിയപ്പെടുന്നു.

പ്രസ്തുത മറുപടിയിൽ ടെട്ട്സെൽ പറയുന്നു: "ദണ്ഡവിമോചനങ്ങൾ പാപങ്ങളെ ക്ഷമിക്കുന്നില്ല. പ്രത്യുത പാപങ്ങൾ മനസ്താപപൂർവ്വം കുമ്പസാരിച്ചു കഴിഞ്ഞശേഷം, ആ പാപങ്ങൾനിമിത്തമുള്ള കാലികമായ ശിക്ഷയെ ഇല്ലാതാക്കുകയേ ചെയ്യുന്നുള്ളു... ദണ്ഡവിമോചനങ്ങൾ ക്രിസ്തുവിന്റെ യോഗ്യതകളെ കുറച്ചുകളയുന്നില്ല. പ്രത്യുത പരിഹാരപരമായ ശിക്ഷകൾക്കുപകരം ക്രിസ്തുവിന്റെ പരിഹാരപരമായ യോഗ്യതകളെ വയ്ക്കുന്നതേയുള്ളു... ദൈവഭയവും ഭക്തിയുമുള്ള ക്രിസ്തീയാത്മാക്കളാണ്, അലസരും ഭോഗാസക്തരുമായ ആളുകളല്ലാ, ദണ്ഡവിമോചനം പ്രാപിക്കുവാൻ ശുഷ്കാന്തിയുള്ളവരെന്നുള്ളതു സുപ്രസിദ്ധമാകുന്നു... എന്തെന്നാൽ എല്ലാം ദണ്ഡവിമോചനങ്ങളും പ്രഥമവും പ്രധാനവുമായി ദൈവത്തിന്റെ മഹത്വത്തിനുവേണ്ടിയാണു നൽകപ്പെടുന്നതു്..."

അങ്ങനെ ദണ്ഡവിമോചനങ്ങൾ വിൽക്കുവാൻ മാർപ്പാപ്പാ ആവശ്യപ്പെട്ടിരുന്നില്ല. അതു വിൽക്കുക ഒന്നാണെന്നു ടെട്ട്സെൽ വിശ്വസിച്ചിരുന്നില്ല. ഇതാണു വസ്തുതകൾ. മാർപ്പാപ്പാ തിരുമനസ്സിലെ നിർദ്ദേശങ്ങൾക്കു എതിരായി, തന്റെ ആവേശത്തിൽ, ടെട്ട്സെൽ വല്ലെടത്തും പ്രസംഗിച്ചിട്ടുണ്ടെങ്കിൽ അതിനു മാർപ്പാപ്പായേയൊ കത്തോലിക്കാസഭയേയൊ കുററപ്പെടുത്തുന്നതു ശരിയായിരിക്കുകയില്ലല്ലോ. മരിച്ചവർക്കു ലഭിക്കാവുന്ന ദണ്ഡവിമോചനങ്ങളെപ്പററി ടെട്ട്സെൽ ചെയ്ത പ്രസംഗങ്ങൾ അബദ്ധപൂർണ്ണങ്ങളായിരുന്നു എന്നാണു ചില പണ്ഡിതന്മാരുടെ അഭിപ്രായം.

മാർട്ടിൻ ലൂഥറിനു ദണ്ഡവിമോചനപ്രഖ്യാപനത്തിൽ അല്ലായിരുന്നു എതിരെന്നുള്ളതു ടിയാന്റെ അനന്തരജീവിതം തെളിയിക്കുന്നു. ഒരു സന്യാസിയായിരുന്ന ലൂഥർ വിവാഹിതനായതും, ക്രൈസ്തവസഭയുടെ കാതലായ എല്ലാം സിദ്ധാന്തങ്ങളെയും നിഷേധിച്ചതും ഇതിനു തെളിവാണ്. “Who loves not wine and wife and song, remains a fool his life long” "വീഞ്ഞിനെയും, ഭാര്യയെയും, സംഗീതത്തേയും സ്നേഹിക്കാത്തവൻ, ജീവിതകാലംമുഴുവൻ ഒരുവിഡ്ഢിയായിരിക്കും" എന്നു ലൂഥർ പറഞ്ഞതായി പറയപ്പെടുന്ന പദ്യശകലം, അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളുടെ മൂലക്കല്ലാണ്.

# ഭാരതീയരായ നാം എവിടേക്ക്?

(ഫാദർ തോമസ് മണക്കാട്ട്)

ആർഷഭാരതമെന്ന സംപൂജ്യനാമം നമ്മുടെ മാതൃഭൂമിക്കു പണ്ടുപണ്ടേയുള്ളതാണ്. ഈശ്വരഭക്തരായ ഋഷികളുടെ നാട് എന്നാണതിന്റെ അർത്ഥം. എന്നാൽ ഭാരതം ഋഷികളുടെ മാത്രമല്ല ഈശ്വരഭക്തരായ വിവിധമതവിശ്വാസികളുടെ ജന്മനാടുകൂടിയാണ്. യഥാർത്ഥം ഇതാണെങ്കിലും ഇന്നു് അതിനു ഗണ്യമായ ഒരു മാററം സംഭവിച്ചിട്ടുണ്ട്. ഇന്നു നാസ്തികരുടെ നാടാകുവാൻ, ഭൗതികവാദികളുടെ നാടാകുവാൻ വെമ്പൽകൊള്ളുകയാണ്. അതിന്റെ കാരണത്തെപ്പററി നമുക്കു അല്പമൊന്നു ചിന്തിക്കാം. അടുത്തകാലംവരെ നാം വൈദേശികാധിപത്യത്തിലും അടിമത്വത്തിലും ആണ്ടിരുന്നു. അതിൽനിന്നും നമ്മെ സമുദ്ധരിച്ചു് സ്വാതന്ത്ര്യത്തിന്റെ ശുഭ്രദേശയിലേക്കു ആനയിച്ചതു് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയാണ്. അദ്ദേഹം തന്റെ ജീവരക്തംകൊണ്ടുതന്നെ ഭാരതത്തെ സ്വാതന്ത്ര്യയാക്കി. അടിയുറച്ച ഈശ്വരഭക്തിയുടേയും അജയ്യമായ സഹനത്തിന്റേയും അനുകരണീയമായ സത്യദീക്ഷയുടേയും മൂർച്ചയേറിയ വാളുകൊണ്ട് അദ്ദേഹം ഭാരതമാതാവിന്റെ അടിമത്തശൃംഖലകളെ വെട്ടിമാററി. അങ്ങനെ ഭാരതം സ്വാതന്ത്ര്യത്തിന്റെ മഞ്ജുളച്ചിറകുകൾ വിരിച്ചു് പറക്കുവാൻതുടങ്ങി. അതോടൊപ്പംതന്നെ ഭാരതത്തിന്റെ ഭാവിപരിപാടികളേയും അദ്ദേഹം ആസൂത്രണം ചെയ്യാതിരുന്നില്ല. ഭാരതത്തിനു് ഭാരതത്തിന്റേതായ സംസ്കാരമാണ് ആവശ്യമെന്നും വൈദേശികമായ ഒന്നുംതന്നെ നമുക്കാവശ്യമില്ലെന്നും അദ്ദേഹം നിശ്ശങ്കം നിഷ്കർഷിച്ചു. അതിപുരാതനവും പാവനവുമായ ഭാരതത്തിന്റെ ആദ്ധ്യാത്മികമൂല്യങ്ങളാകുന്ന അടിത്തറയിൽ കാലൂന്നിവേണം ഭാവിഭാരതത്തെ കെട്ടിപ്പടുക്കുവാനെന്നും അദ്ദേഹം സമൃക്കായി സമർത്ഥിച്ചു. അതിനു് ആവശ്യമായ പ്രായോഗികപദ്ധതികൾ അദ്ദേഹം നിർദ്ദേശിക്കയുംചെയ്തു. എന്നാൽ ആധുനികഭാരതത്തിന്റെ വിധാതാക്കളായ നാം ഗാന്ധിജിയുടെ ഏതാദൃശനിർദ്ദേശങ്ങളിൽക്കൂടിയാണ് പുരോഗമിക്കുന്നതെങ്കിലും വൈദേശികാദർശങ്ങളുടേയും സംസ്കാരങ്ങളുടേയും അപ്രതിഹതമായ പ്രവാഹത്തിൽപ്പെട്ട് ആടിഉലയുകയാണിപ്പോൾ. മനുഷ്യവർഗ്ഗത്തിനു മൊത്തത്തിൽ ഗുണകരമായ ഏതു സംസ്കാരവും, അതു ദേശീയമാകട്ടെ, വൈദേശികമാകട്ടെ, സ്വീകരിക്കുന്നതിൽ അബദ്ധമില്ല. എന്നാൽ ശാന്തിയുടെ നികേതനമായ ഭാരതത്തെ കലഹത്തിന്റെ കലവറയാക്കുന്ന സംസ്കാരത്തേയും ആദർശത്തേയും സ്വീകരിക്കുന്നതു് ഏതൊരു ഭാരതഭക്തന്റേയും ഹൃദയത്തെ വേദനിപ്പിക്കുന്ന ഒന്നാണ്. ഞാൻ ഇവിടെ ഉന്നയിപ്പറയുന്നതു് നാസ്തികരും വിപ്ലവകാരികളും വൈദേശികരുമായ റഷ്യാക്കാരുടെ സംസ്കാരത്തേയും ആദർശത്തേയും നാം സ്വീകരിക്കുന്നതിനെ സംബന്ധിച്ചാണ്. അതെ, വഞ്ചനകൾക്കും കുതന്ത്രങ്ങൾക്കും കേളികേട്ട കമ്മ്യൂണിസ്റ്റുകാർ ഇന്നു ഭാരതത്തിലേക്കു നുഴഞ്ഞുകയറിക്കൊണ്ടിരിക്കയാണ്. സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും ഐശ്വര്യകാഹളമൂതി ഭാരതാംബികയുടെ അരുമസന്താനങ്ങളുടെ കരങ്ങളിൽ അരിവാളും ചുററികയുംകൊടുത്തു് അവർ ആർപ്പുവിളിച്ചു് മുന്നേറുകയാണിപ്പോൾ. ഈവിധം മുമ്പോട്ടുപോകുകയാണെങ്കിൽ അടുത്ത ഭാവിയിൽ തന്നെ ഭാരതം കലഹത്തിന്റേയും കലാപത്തിന്റേയും ഒരു കൊലക്കളമാകയില്ലെന്നു് ആരറിഞ്ഞു. ഹാ! കഷ്ടം! ലജ്ജാവഹം! എന്നല്ലാതെ എന്തു പറയട്ടെ! പണ്ടുകാലംമുതൽ പാവനമായി കരുതപ്പെട്ട ഭാരതത്തിന്റെ ആദ്ധ്യാത്മികസംസ്കാരമെവിടെ! രക്തദാഹികളും സഹോദരദ്രോഹികളുമായ റഷ്യാക്കാരുടെ മൃഗീയസംസ്കാരമെവിടെ! ഹാ! ഇനിയും നാം വിദേശികളുടെ അടിമത്തത്തിലേക്കു നീങ്ങുകയോ? എന്തിനു നാം വൈദേശികാദർശങ്ങളേയും സംസ്കാരങ്ങളേയും തേടി ഉഴലുന്നു? ഭാരതത്തിനില്ലേ അതിന്റേതായ അഖിലലോകപ്രശസ്തി ആർജ്ജിച്ച ആദർശവും സംസ്കാരവും! ആധുനികലോകത്തിന്റെ പുരോഗതിക്കു് അനുയോജ്യമായി ഭാരതത്തിനു് അനുകരണീയമായി തോന്നുന്ന നല്ലനല്ല ആദർശങ്ങളും സംസ്കാരവും ഭാരതസംസ്കാരത്തിന്റെ ഉറവിടത്തിൽനിന്നുതന്നെ കണ്ടുപിടിപ്പിക്കുവാൻ വേണ്ട കരുത്തും കഴിവുമുള്ള മഹാപുരുഷന്മാർ നമുക്കിവിടെ ഇല്ലേ? ഭാരതസംസ്കാരത്തിന്റെ മണികിരീടമായ, ഭാരതസാമ്രാജ്യത്തിന്റെ അജയ്യനേതാവായി വിജയംകൊള്ളുന്ന പണ്ഡിതജവഹർലാൽ നെഹ്റുവിനെ റഷ്യൻവ്യാഘ്രം വിഴുങ്ങുമെന്നോ? ഒരിക്കലുമില്ല.

ഏതായാലും ഒരു കാര്യം ശരിയാണ്. റഷ്യൻനേതാക്കളുടെ മധുരഭാഷണങ്ങളിലും വാഗ്ദാനങ്ങളിലും നാം വളരെയധികം ഭ്രമിച്ചുവശാകുന്നതായി കാണുന്നു. ഞാൻ ചോദിക്കയാണ്, അവർ എന്താണു ഭാരതത്തിനു കാര്യമായി ചെയ്തിട്ടുള്ളതെന്നു്. വിപ്ലവവും പണിമുടക്കും അധികാരധിക്കാരവും മാത്രമാണ് അവർ നമുക്കുതന്ന സമ്മാനങ്ങൾ. അവയുടെ നാശബീജങ്ങൾ ഭാരതമൊട്ടാകെ അവർ പാകിയിരിക്കയാണ്. എന്നാൽ അമേരിക്ക തുടങ്ങിയ ഇതരരാഷ്ട്രങ്ങൾ ധനംകൊണ്ടും ഭക്ഷണസാധനങ്ങൾകൊണ്ടും ഇന്നും നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്നു. റഷ്യയും ധനസഹായം ചെയ്യുന്നുണ്ടെന്നു ചിലർ പറഞ്ഞേക്കാം. എന്തിനു്? കമ്മ്യൂണിസം പ്രചരിപ്പിക്കുവാൻ. അവരുടെ കമ്മ്യൂണിസ്റ്റ് ഏജന്റന്മാർക്കു കൊടുക്കുവാൻ. എന്നാൽ അത്ഭുതം! അമേരിക്കർ ഈവിധം വമ്പിച്ച സഹായങ്ങൾ നൽകിയിട്ടും അവരോടു് ഭാരതീയരിൽ വലിയൊരുവിഭാഗത്തിനു വെറുപ്പും വിപ്രതിപത്തിയും കാണുന്നു. അവരെ അകറെനിറുത്തി റഷ്യാക്കാരെ അടുപ്പിക്കുവാനുള്ള വെമ്പലാണ് രാജ്യമാകെ ദൃശ്യമാകുന്നതു്. അവർ നാടിന്റെ നട്ടെല്ലിനു കത്തിവയ്ക്കുവാൻ ഒളിവിൽ ശ്രമിക്കയല്ലെന്നു് ആരറിഞ്ഞു. അതിനാൽ ഭാരതീയരായ നമ്മുടെ അവഗാഢമായ ശ്രദ്ധ ഈ കാര്യത്തിൽ പതിഞ്ഞുകാണുവാൻ അഭ്യർത്ഥിച്ചുകൊണ്ടു് അവസാനിപ്പിക്കുന്നു.

—o—

# വിശുദ്ധന്റെ കാവൽഭടൻ

(വാണിശ്ശേരിൽ അലക്സ്)

മരണാനന്തരം കേവലം നാല്പതുവർഷങ്ങൾക്കുശേഷം വിശുദ്ധന്മാരുടെ പട്ടികയിൽ എണ്ണപ്പെടുന്നതിനു ഭാഗ്യംസിദ്ധിച്ച വി. ജോൺബോസ്കോയെപ്പററി കേട്ടിട്ടില്ലാത്തവർ വളരെ ചുരുക്കമായിരിക്കും. കത്തോലിക്കാസഭയുടെ ഉന്നമനത്തിനായി നിരവധി ക്ലേശങ്ങൾ സഹിക്കുകയും, പൈശാചികവൈരികളോടു പോരാടി വിജയം വരിക്കുകയുംചെയ്ത ജോൺബോസ്കോയെ രക്ഷിക്കുന്നതിനു ദൈവം ഒരു കാവൽക്കാരനെ നിയോഗിച്ചിരുന്നു. സ്വർഗ്ഗീയമകുടംചൂടിയ ആ പുണ്യപുരുഷന്റെ മാദ്ധ്യസ്ഥ്യംമൂലം നിരവധി അത്ഭുതങ്ങൾ ഇന്നും ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കാവൽക്കാരനെപ്പററിയുള്ള വൃത്താന്തമാണ് ചുവടെ വിവരിക്കുന്നതു്.

1852 ലാണ് ആ സംഭവമുണ്ടായതു്. ശരല്ക്കാലത്തിലെ മനോഹരമായ ഒരു സായാഹ്നത്തിൽ ജോൺബോസ്കോ ശത്രുനിബിഡമായ വിജനപ്രദേശത്തുകൂടി സ്വഗൃഹത്തിലേക്കു വളരെവേഗംപോകുകയായിരുന്നു. തന്റെ പുറകിൽക്കൂടി ആരോ ധൃതിയിൽ നടന്നുവരുന്നുണ്ടെന്നു തോന്നി അദ്ദേഹം തിരിഞ്ഞുനോക്കി. ഒരു വലിയ നായ ഓടിവരുന്നുണ്ടായിരുന്നു. വളരെ സന്തോഷത്തോടുകൂടി അദ്ദേഹം അതിനെ മാടിവിളിച്ചു. പരിചിതനായ ഒരു യജമാനന്റെ അടുക്കലേക്കു ചെല്ലുന്നതുപോലെ വാലാട്ടിക്കൊണ്ടു് വി. ജോൺബോസ്കോയുടെ അടുക്കലേക്കു് ആ നായ് ഓടിവന്നു. തന്റെ അരികിൽ എത്തിയഉടനെ അദ്ദേഹം അതിനെ തലോടി. അതിനു് ഗ്രിജിയോ എന്നു വിശുദ്ധൻ പേരുവിളിച്ചു. എന്നാൽ അദ്ദേഹം വീട്ടുപടിക്കൽ എത്തിയപ്പോൾ ആ നായ് എങ്ങോട്ടോ ഓടിപ്പോയി. രാത്രികാലങ്ങളിൽ അദ്ദേഹം പുറത്തേക്കുപോകുമ്പോൾ ഒരു കാവൽക്കാരനെപ്പോലെ ആ നായ് അദ്ദേഹത്തെ അനുഗമിക്കുക പതിവായിരുന്നു.

കത്തോലിക്കാസഭയിൽ ധാരാളം അംഗങ്ങളെ ചേർത്തു് സഭയെ പരിപുഷ്ടിപ്പെടുത്തുന്നതിനും, ശത്രുക്കളുടെ വലയിൽനിന്നും അധഃപതിച്ചവരെ രക്ഷിക്കുന്നതിനും ശ്രമിച്ചുകൊണ്ടിരുന്നതിനാൽ ജോൺബോസ്കോയ്ക്കു വളരെ ശത്രുക്കളുണ്ടായിരുന്നു. അവരെല്ലാം ഏതുവിധേനയും അദ്ദേഹത്തെ നശിപ്പിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരുന്നു. ആ അവസരത്തിലാണ് ജോൺബോസ്കോയ്ക്കു ദൈവം ഈ കാവൽഭടനെ നൽകിയതു്.

ഒരിക്കൽ ജോൺബോസ്കോ ഇരുളടഞ്ഞ ഗ്രാമത്തിലെ ഒരു ഊടുവഴിയിൽക്കൂടി നടന്നുപോകുമ്പോൾ കറുപ്പുവേഷധാരികളായ രണ്ടുപേർ തലമൂടത്തക്കവണ്ണം ഒരു ചാക്കിട്ടു് അദ്ദേഹത്തെ അകപ്പെടുത്താൻ ശ്രമിച്ചു. പെട്ടെന്നു് അതിൽ ഒരുവന്റെ കഴുത്തിൽ ഗ്രിജിയോ ചാടിപ്പിടിക്കുകയും അവൻ ബോധശൂന്യനായി നിലംപതിക്കുകയുംചെയ്തു. ഒടുവിൽ വിശുദ്ധൻതന്നെ തന്റെ ശത്രുവിനെ സഹായിച്ചു് എഴുന്നേല്പിച്ചയച്ചു. അങ്ങനെ അന്നു് ഗ്രിജിയോയുടെ ആഗമനത്തിൽ അദ്ദേഹം രക്ഷപെട്ടു. മറെറാരവസരത്തിൽ വഴിയരികിലുള്ള ഒരു വലിയ വൃക്ഷത്തിന്റെ മറവിൽനിന്നുകൊണ്ടു് ജോൺബോസ്കോയെ ലക്ഷ്യമാക്കി ആരോ രണ്ടുമൂന്നു വെടിവച്ചു. ലക്ഷ്യം തെററിപ്പോയതിനാൽ അവർ കോപാക്രാന്തരായി അദ്ദേഹത്തെ ആക്രമിക്കാൻ പാഞ്ഞെടുത്തു. ഉടനെ ഗ്രിജിയോ കൂർത്തുമൂർത്ത തന്റെ ദന്തങ്ങൾ കാണിച്ചു് അവരെ ഭയപ്പെടുത്തി ഓടിച്ചു.

ഒരുദിവസം സന്ധ്യാസമയത്തു കുറുവടിയുമായി ജോൺബോസ്കോയെ തല്ലാൻവന്ന ഒരു ദുഷ്ടന്റെ കാലിൽ കടിച്ചുതൂങ്ങിക്കിടന്നു ഗ്രിജിയോ. ഒടുവിൽ അദ്ദേഹം ചെന്നാണ് അയാളുടെ കാലിൽനിന്നു ഗ്രിജിയോയെ വിട്ടുവിച്ചതു്.

ആ വിശ്വസ്തഭടന്റെ കഥ എവിടെയും പ്രസിദ്ധമായിത്തീർന്നു. തടിച്ച ശരീരവും കൂർത്തചെവികളും ഉള്ള ആ നായ് മററു നായ്ക്കളിൽനിന്നും വ്യത്യസ്തനായിരുന്നില്ല. ഗ്രിജിയോ ബോസ്കോയുടെ ഭവനത്തിലും പരിസരങ്ങളിലും രാത്രികാലങ്ങളിൽ ചുററിനടന്നിരുന്നു. ജോൺ ബോസ്കോ സ്വവസതിയിൽനിന്നും കാൽനടയായി പുറത്തേക്കു പോകുമ്പോഴും തിരിച്ചുവരുമ്പോഴും ഗ്രിജിയോ ഹാജരുണ്ടായിരുന്നു.

1860-ലെ ഒരു രാത്രിസമയത്തു ജോൺബോസ്കോ ഏതോ ആവശ്യം പ്രമാണിച്ചു പുറത്തേക്കു പോകുവാൻ തുടങ്ങുമ്പോൾ ഗ്രിജിയോ വാതില്ക്കൽ എത്തി കിടപ്പായി. അവനെ മാററാൻ തുടങ്ങിയപ്പോൾ ഗ്രിജിയോ കുരയ്ക്കുകയും അദ്ദേഹത്തിന്റെ കാലിൽ മന്ദമായി കടിക്കുകയും ചെയ്തു. അവൻ അദ്ദേഹത്തെ വേദനിപ്പിച്ചില്ല. ഒടുവിൽ പുറത്തുപോകാനുള്ള ഉദ്യമം നിറുത്തിയപ്പോൾ മാത്രമേ ഗ്രിജിയോ അവിടെനിന്നും മാറിയുള്ളു. അടുത്ത ക്ഷണത്തിൽ ജോൺബോസ്കോയുടെ അയ




For favours received

Excuse for delay·

Mrs· & Mr· P· C·, Trichur

ൽവാസി ഓടിവന്നു പറഞ്ഞു, അദ്ദേഹത്തെ വധിക്കുവാൻ ഒരു സംഘം വിരോധികൾ കാത്തുനില്പുണ്ടെന്നു. ജോൺബോസ്കോയെ കാണാഞ്ഞതിനാൽ അവർ പരാജിതരായി പിന്മാറി. അപകടമില്ലാത്ത കാലത്തു് ഒരിക്കലും ആ നായ് പ്രത്യക്ഷപ്പെടാറില്ല.

പത്തുവർഷത്തിനു ശേഷം അദ്ദേഹം അന്നാണു് ആദ്യമായി ഗ്രിജിയോയെ കണ്ടതു്. അപകടപൂരിതവും സുരക്ഷിതമല്ലാത്തതുമായ ഒരു വഴിയിൽക്കൂടി യാത്രചെയ്യേണ്ടിവന്ന ഒരവസരമായിരുന്നു അതു്. അദ്ദേഹം തന്റെ ചില സ്നേഹിതന്മാരുടെ ക്ഷണമനുസരിച്ചു് അടുത്ത ഒരു ഗ്രാമത്തിലേക്കു പോകുകയായിരുന്നു. ഗ്രിജിയോയെ കണ്ട ക്ഷണത്തിൽ അദ്ദേഹം ആനന്ദത്തിൽ മതിമറന്നു് അവനെ പിടിച്ചു തഴുകി.

സ്നേഹിതന്റെ വീട്ടിൽചെന്നശേഷം ഗ്രിജിയോ ഒരു മൂലയിൽ കിടന്നു. വിശുദ്ധൻ മററെല്ലാവരും കൂടി ഭക്ഷണം കഴിച്ചശേഷം ഗ്രിജിയോയ്ക്കു ഭക്ഷണം കൊടുക്കാൻ ചെന്നപ്പോൾ അവനെ കണ്ടില്ല. ആ സംഭവത്തിൽ എല്ലാവരും അതിശയിച്ചു.

1883-ൽ ഗ്രിജിയോ ആദ്യമായി ജോൺ ബോസ്കോയ്ക്കു പ്രത്യക്ഷനായിട്ടു മുപ്പത്തിയൊന്നു കൊല്ലങ്ങൾക്കുശേഷം ആ അസാധാരണ നായ്, ജോൺബോസ്കോയ്ക്കു മാർഗ്ഗഭ്രംശമുണ്ടായ അവസരത്തിൽ പ്രത്യക്ഷനാകുകയും അദ്ദേഹത്തിനു വഴികാട്ടിക്കൊടുത്തശേഷം മറയുകയും ചെയ്തു.

പിന്നീടു് ആ വിശ്വസ്തകാവൽക്കാരനെ അദ്ദേഹം കണ്ടിട്ടില്ല. കാരണം അദ്ദേഹത്തിന്റെ അപകടങ്ങൾ മുഴുവൻ മാറിക്കഴിഞ്ഞിരുന്നു. അങ്ങനെ ദൈവം തന്റെ ഉത്തമഭക്തനു് ഒരു കാവൽഭടനെ നൽകി. മരിച്ചവരെ ജീവിപ്പിക്കാനും, രോഗികളെ സുഖപ്പെടുത്താനും വിശുദ്ധ ജോണിനു ശക്തികൊടുത്ത ദൈവം അദ്ദേഹത്തിനൊരു കാവൽക്കാരനെ കൊടുത്തതിൽ അത്ഭുതപ്പെടാനില്ല.

---

(15-ാംപേജ് തുടർച്ച)

ആദ്യമായിത്തന്നെ അവിടുത്തെ സ്നേഹം ദൈവത്തിനു യോജിക്കുന്നവിധത്തിൽ ആത്മീയമായ ഒന്നായിരുന്നുവെന്നു നാം ഓർക്കണം. "ദൈവം അരൂപിയാണല്ലോ." (Jo. 4. 24) നമ്മുടെ ആദ്യമാതാപിതാക്കന്മാരോടും യഹൂദജനതതിയോടും അവിടുന്നു പ്രദർശിപ്പിച്ച സ്നേഹം അവിടുത്തെ ഈ സ്വഭാവത്തിനു ഏററവും യോജിച്ച ഒന്നായിരുന്നു. അതു നിമിത്തം തന്നെയാണു് സങ്കീർത്തനങ്ങൾ, പ്രവാചകലിഖിതങ്ങൾ, പാട്ടുകളുടെ പാട്ടു് മുതലായ വി. ലിഖിതങ്ങളിൽ മനുഷ്യോചിതമായ രീതിയിൽ, സ്നേഹപൂർവ്വം, പൈതൃകമായി ദൈവം തന്റെ സ്നേഹം പ്രദർശിപ്പിക്കുന്നതു്. ഈ സ്നേഹം ഏററവും യഥാർത്ഥവും അതേസമയം ആത്മീയവുമാണു്. എന്നാൽ സുവിശേഷം, ശ്ലീഹന്മാരുടെ ലേഖനങ്ങൾ, വെളിപാടു് ഇവ ഈശോയുടെ ദിവ്യഹൃദയത്തിന്റേതായി പ്രകാശിപ്പിക്കുന്ന സ്നേഹം ദിവ്യമായ ഒന്നാണെന്നു മാത്രമല്ല അതു തികച്ചും മാനുഷികം കൂടെയാണു്. കത്തോലിക്കർക്കെല്ലാം ഇതു സുവിദിതമായ ഒരു യാഥാർത്ഥ്യമാണു്. എന്തുകൊണ്ടെന്നാൽ ദൈവവചനം ആദ്യനൂററാണ്ടുകളിൽ ചിലർ അബദ്ധമായി പഠിപ്പിച്ചിരുന്നതുപോലെ അയഥാർത്ഥവും സാങ്കല്പികവുമായ ഒരു ശരീരമല്ല സ്വീകരിച്ചതു്. ഇതേപ്പററി വി. യോഹന്നാൻശ്ലീഹാ പറഞ്ഞിട്ടുണ്ടു്: "വളരെയധികം വഞ്ചകന്മാർ ഈശോമിശിഹാ ശരീരത്തോടെ വന്നില്ലെന്നു പറഞ്ഞുകൊണ്ടു് ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാണു്. ഇവരാണു് വഞ്ചകന്മാരായ അന്തിക്രിസ്തുമാർ" (2 J. 7) മിശിഹാ വ്യക്തിപരവും സമഗ്രവും പരിപൂർണ്ണവുമായ ഒരു മനുഷ്യസ്വഭാവമാണു് പരി. കന്യകമറിയത്തിൽനിന്നും പരിശുദ്ധാരൂപിയുടെ ശക്തിമൂലം തന്റെ ദിവ്യവ്യക്തിത്വത്തോടു സംയോജിപ്പിച്ചതു്. (cf. Lk. 1, 35) ദൈവവചനം സ്വീകരിച്ച മനുഷ്യസ്വഭാവത്തിനു യാതൊരു പോരായ്മയുമുണ്ടായിരുന്നില്ല. ശാരീരികവും ആത്മീയവുമായ കഴിവുകളെ സംബന്ധിച്ചിടത്തോളം അവിടുന്നു സ്വീകരിച്ച സ്വഭാവത്തിനു യാതൊരു കുറവോ വ്യത്യാസമോ ഉണ്ടായിരുന്നില്ല. ബുദ്ധിയും മനസ്സും ആഭ്യന്തരവും ബാഹ്യവുമായ മററു ജ്ഞാനശക്തികളും, അപ്രകാരംതന്നെ വികാരങ്ങളും മനുഷ്യോചിതമായ സ്വാഭാവികവാസനകളും അവിടുത്തേക്കുണ്ടായിരുന്നു. മാർപ്പാപ്പാമാരും സാർവ്വത്രികസൂനഹദോസുകളും ഈ വിഷയത്തെ പുരസ്കരിച്ചു ചെയ്തിട്ടുള്ള പ്രഖ്യാപനങ്ങൾതന്നെയാണു് കത്തോലിക്കാസഭ പഠിപ്പിച്ചുവരുന്നതു്. "തന്റെ സ്വഭാവത്തിലും നമ്മുടെ സ്വഭാവത്തിലും അവിടുന്നു പൂർണ്ണനാണു്." (St.Leo Magnus Ep. Dogm) എന്നു വിശുദ്ധ ലിയോയും "ഈശോ ദൈവത്വത്തിലും മനുഷ്യത്വത്തിലും കോട്ടമില്ലാത്തവനാണു്" (Conc. Chalc. a 451) എന്നു കൽക്കദോനിയാ സൂനഹദോസും "അവിടുന്നു മനുഷ്യദൈവവും ദൈവമനുഷ്യനുമാണു്" (St. Greg. Pope) എന്നു് വി. ഗ്രിഗോരിയൂസും പഠിപ്പിക്കുന്നു.

ഏതൽക്കാരണത്താൽ ഈശോമിശിഹായ്ക്കു് യഥാർത്ഥമായ ശരീരവും അതിനനുരൂപമായ വികാരങ്ങളും പ്രത്യേകം സ്നേഹവും ഉണ്ടായിരുന്നുവെന്നതു് സംശയാതീതമാണു്. ഏതന്മൂലം നമ്മുടേതുപോലുള്ള ഒരു ഹൃദയവും അവിടുത്തേക്കുണ്ടായിരുന്നു. ഈ വിശിഷ്ടമായ അവയവം കൂടാതെ മനുഷ്യജീവിതം വികാരങ്ങളെ സംബന്ധിച്ചുപോലും, അസാദ്ധ്യമായിത്തീരുന്നു. ദൈവവചനത്തിന്റെ വ്യക്തിത്വത്തോടു സാത്വികമായി സംയോജിച്ച ഈശോമിശിഹായുടെ തിരുഹൃദയം സ്നേഹവും മററു വികാരങ്ങളുംകൊണ്ടു് തുടിച്ചിരുന്നു. ഈ വികാരങ്ങൾ ദൈവസ്നേഹംനിറഞ്ഞ അവിടുത്തെ മനസ്സിനോടും പിതാവിനും പരിശുദ്ധാരൂപിക്കും അവിടുത്തേക്കും പൊതുവായ അനന്ത സ്നേഹത്തോടും പരിപൂർണ്ണമായ ആനുരൂപ്യവും സംയോജ്യതയും ഉള്ളവയായിരുന്നു. അതിനാൽ ഇവതമ്മിൽ ഒരിക്കലും യാതൊരു വൈരുദ്ധ്യവുമില്ലായിരുന്നു. (cf. Sum. Theo. III 15. 4; 18-6)

ദൈവവചനം യഥാർത്ഥവും പൂർണ്ണവുമായ ഒരു മനുഷ്യസ്വഭാവം സ്വീകരിച്ചുവെന്നും തന്മൂലം മാംസളമായ ഒരു ഹൃദയം അവിടുത്തേക്കുണ്ടായിരുന്നുവെന്നും നാം പ്രസ്താവിച്ചുകഴിഞ്ഞു. സഹിക്കുന്നതിനും കുത്തിപ്പിളർക്കപ്പെടുന്നതിനും കഴിവുണ്ടായിരുന്ന ആ ഹൃദയത്തെ മേൽക്കാണിച്ചവിധം ദൈവപുത്രനോടുള്ള സാത്വികമായ സംയോജ്യതയുടെ വെളിച്ചത്തിൽ മാത്രമല്ല, അതിന്റെ പരിപൂർത്തിയായ മനുഷ്യരക്ഷാകർമ്മത്തിന്റെ വെളിച്ചത്തിലൂടേയും നാം നോക്കിക്കാണണം. ഇതു് ഒരുപക്ഷെ ചിലർക്കു് ക്രൂശിതനായ മിശിഹാ യഹൂദന്മാർക്കും വിജാതിയർക്കുമെന്നപോലെ (cf. 1 Cor. 1. 23) ഭോഷത്തമായി തോന്നിയേക്കാം. എന്നാൽ കത്തോലിക്കാ വിശ്വാസസംഹിതയും വി. ഗ്രന്ഥവും ഐകകണ്ഠ്യേന നമ്മെ പഠിപ്പിക്കുന്നതു് ദൈവത്തിന്റെ ഏകജാതൻ സഹനത്തിനും മരണത്തിനും വിധേയമായ ഒരു സ്വഭാവം സ്വീകരിച്ചതു് മനുഷ്യരക്ഷാർത്ഥം കുരിശിൽ രക്തംചിന്തി ബലിസമർപ്പിക്കുവാൻ ആഗ്രഹിച്ചതുകൊണ്ടാണെന്നാണു്. വി. പൗലോസ് ഈ സത്യത്തെ ഇങ്ങനെ വിശദീകരിക്കുന്നു: "വിശുദ്ധി സംദാനംചെയ്യുന്ന പുത്രനും വിശുദ്ധി ലഭിക്കുന്ന പുത്രന്മാർക്കും ഒരേ രക്തം തന്നെയാണുള്ളതു്. അതിനാൽ അവരെ തന്റെ സഹോദരന്മാരായി കരുതുവാൻ അവിടുന്നു സങ്കോചം കാണിച്ചില്ല. അവിടുത്തെ നാമം എന്റെ സഹോദരങ്ങളെ ഞാനറിയിക്കും... വീണ്ടും, ഞാനും അവിടുന്നെനിക്കു നൽകിയ കുഞ്ഞുങ്ങളും ഇതാ ഇവിടെയുണ്ടു്. അവർക്കെല്ലാവർക്കും ഒരേ ശരീരരക്തങ്ങളാണുള്ളതു്. അതിനാൽ അവിടുന്നു അതിൽ അംശഭാക്കായി... അതേ കാരണത്താൽ തന്നെ തന്റെ സഹോദരങ്ങളോടു് അവിടുന്നു സാധർമ്മ്യം വഹിക്കേണ്ടിയിരുന്നു. കാരുണ്യപൂർവ്വം വർത്തിക്കുവാനും ജനങ്ങളുടെ പാപങ്ങൾക്കു പരിഹാരമർപ്പിക്കുവാനും കഴിയുന്ന ദൈവസമക്ഷമുള്ള നമ്മുടെ പുരോഹിതനാണവിടുന്നു്. അവിടുന്നു സഹനംവഴിയായി കഷ്ടതയനുഭവിച്ചതുകൊണ്ടുതന്നെയാണു് നമ്മുടെ വൈഷമ്യങ്ങളിൽ നമ്മെ സഹായിക്കുവാൻ അവിടുത്തേക്കു സാധിക്കുന്നതു്." (Heb. 2, 11—14; 17—18)

(തുടരും)

# വിവിധവൃത്താന്തങ്ങൾ

## ഗമാലിയേലിന്റെ പുസ്തകം

ദുഃഖവെള്ളിയാഴ്ച മുതൽ ഉയിർപ്പുഞായറാഴ്ചവരെയുള്ള നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തെപ്പററി ഗമാലിയേൽ—വി. പൗലോസിന്റെ ഗുരുനാഥനും, ഒരു പരിശപ്രമാണിയും ഓർശ്ലേമിലെ ഒരു സൻഹെദ്രീനംഗവുമായിരുന്ന ഗമാലിയേൽ—രചിച്ചിരുന്ന ഒരു പ്രബന്ധമാണു "ഗമാലിയേലിന്റെ പുസ്തക"മെന്ന പേരിൽ അറിയപ്പെടുന്നതു്. ഇതിന്റെ ചില അംശങ്ങൾ നേരത്തെ കണ്ടെടുത്തിരുന്നു. ഇപ്പോൾ അതിന്റെ 10 പേജുകളടങ്ങിയ ഒരു ഭാഗം ഫ്റീബോർഗ്ഗ് സർവ്വകലാശാലയിലെ പഴയനിയമപ്രൊഫസറായ ഫാദർ മാരോ അന്റേറായിൻ വാൻ ഡേൻ ഔഡൻ റിജ് എന്ന ഡൊമിനിക്കൻ സന്യാസി കണ്ടെടുത്തിരിക്കുന്നു. കോപ്ടിക്കുഭാഷയിലുള്ള ഒരു പ്രാചീന എത്യോപ്യൻ കൈയെഴുത്തു ഗ്രന്ഥത്തിൽനിന്നാണു് ഇതു കിട്ടിയതു്. യഹൂദവീക്ഷണത്തിലൂടെയാണെങ്കിലും ക്രിസ്തുവിനെയും ക്രിസ്തുമത സ്ഥാപനത്തെയുംപററിയുള്ള ഒരു അനന്യസാധാരണരേഖയാണിതു്. ക്രിസ്തുവിന്റെ വധത്തിനു പ്രധാനകാരണക്കാരൻ ഹേറോദേശായിട്ടാണു ഗമാലിയേൽ ചിത്രീകരിക്കുന്നതു്.

## അർജൻറയിൻ പത്രം

പ്രസിഡൻറു പെറോണിന്റെ ഭരണകാലത്തു് അർജൻറീനായിലെ കത്തോലിക്കാ ദിനപത്രമായ "എൽ പ്യൂബ്ലോ"യെ അയാൾ നിരോധിക്കുകയുണ്ടായി. പത്രാധിപരെ പലവിധത്തിൽ പീഡിപ്പിക്കുകയും, പത്രത്തിനുള്ള ന്യൂസ് പ്രിൻറു തടയുകയുമാണു ആദ്യം ചെയ്തതു്. കരിഞ്ചന്തയിൽനിന്നു കടലാസുവാങ്ങുവാൻ നിർബന്ധിതമായ ആ പത്രം സാമ്പത്തികക്കുഴപ്പങ്ങളിൽ അകപ്പെടുകയും തദ്വാരാ ജോലിക്കാരുടെ ശമ്പളം കുടിശികയാകുകയും ചെയ്തു. ഈ തക്കംനോക്കി പെറോൺ പത്രം നിരോധിക്കുകയും പ്രസ്സും പത്രമാപ്പീസും പൂട്ടുകയും ചെയ്തു. പെറോണിന്റെ കത്തോലിക്കാവിരുദ്ധമായ പല നടപടികളിൽ ഒന്നായിരുന്നു ഇതു്. ഇപ്പോഴത്തെ അർജൻറയിൻ ഗവമ്മെൻറു് എൽ പ്യൂബ്ലോയുടെ നിരോധനത്തെപ്പററി അന്വേഷണം നടത്തുകയും, അതു പുനരാരംഭിക്കുന്നതിനുവേണ്ടി 27 ലക്ഷം ക. ലോൺ അനുവദിക്കുകയും ചെയ്തിരിക്കുന്നു.

## മാർപ്പാപ്പായെ സന്ദർശിച്ചു

അയർലൻഡിലെ ഒഹരാകുടുംബത്തിൽപെട്ട ഒരു പിതാവിന്റെ എട്ടു് ആൺമക്കളും വൈദികരായിത്തീർന്ന കഥ പ്രസ്താവിച്ചിരുന്നല്ലോ. ആ എട്ടു വൈദികസഹോദരന്മാരും അവരുടെ മാതാപിതാക്കന്മാരോടും ഇരുസഹോദരിമാരോടുംകൂടി റോമയിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചിരിക്കുന്നു. ഈയിടെ ഇംഗ്ലണ്ടിൽ നോർത്തംബർലൻഡിൽ വെച്ചു നടന്ന കനിഷ്ഠപുത്രന്റെ വൈദികപട്ട സ്വീകരണവേളയിലാണു്, 17 കൊല്ലത്തിൻശേഷം ഈ കുടുംബാംഗങ്ങളെല്ലാം ആദ്യമായി ഒന്നിച്ചുകൂടിയതു്. അവിടെനിന്നും അവർ റോമയിലേക്കു ഒരു തീർത്ഥയാത്ര കഴിക്കുകയാണു ചെയ്തതു്. മാർപ്പാപ്പാ തിരുമേനി അവരെ സ്വീകരിക്കുകയും അവർക്കു ഒരു പ്രത്യേകാശീർവ്വാദം നൽകുകയും ചെയ്തു. റോമയിൽനിന്നും അവർ ഇംഗ്ലണ്ടിൽ തിരിച്ചെത്തി അവിടെനിന്നും ഓരോ സ്ഥലത്തേക്കു പോയിരിക്കുന്നു.

## ഏജൻറുമാരുടെ ശ്രദ്ധയ്ക്കു്

സത്യദീപം പത്രക്കെട്ടുകൾ തപാലാപ്പീസിൽ ബുധനാഴ്ച മാത്രമെ സ്വീകരിക്കയുള്ളു. അതിനാൽ ഏജൻറുമാർ പത്രവില നേരത്തെ അടയ്ക്കാത്തപക്ഷം പത്രം അയക്കുന്നതിനും ഒരാഴ്ച താമസം വരുന്നതാണെന്നുള്ള വിവരം ഒരിക്കൽക്കൂടി അറിയിച്ചുകൊള്ളുന്നു.

## വരിക്കാരുടെ ശ്രദ്ധയ്ക്കു്

അടച്ച വരിസംഖ്യ തീർന്നവർ കുറഞ്ഞതു് ആറുമാസത്തെ വരിസംഖ്യ മുൻകൂർ അയച്ചും, കുടിശ്ശികക്കാർ കുടിശ്ശികയോടുകൂടി ആറുമാസത്തെ സംഖ്യ മുൻകൂർ അയച്ചും സഹായിപ്പാൻ താല്പര്യപ്പെടുന്നു. മുൻകൂർ അടയ്ക്കാത്തവർക്കു പുതിയ വാല്യം ആരംഭം മുതൽ പത്രം തുടർന്നു അയക്കുന്നതല്ല.

മാനേജർ, സത്യദീപം

## സഹവർത്തിത്വം വേണമെങ്കിൽ

കമ്മ്യൂണിസ്റ്റുകാരുമായി സഹവർത്തിത്വം വേണമെന്നു അവർ പലപ്പോഴും പ്രസംഗിക്കുകയും അതിനായി പ്രചരണം നടത്തുകയും ചെയ്യുന്നുണ്ടല്ലോ. എന്നാൽ യഥാർത്ഥമായ സഹവർത്തിത്വത്തിനു കമ്മ്യൂണിസ്റ്റുകാർ നാലു വ്യവസ്ഥകൾ പാലിക്കേണ്ടിയിരിക്കുന്നുവെന്നാണു ഒസ്സർവത്തോരെ റൊമാനോ പറയുന്നതു്. 1. നിരീശ്വരപരവും, സമയുടെമേൽ രാഷ്ട്രത്തിനു് ആധിപത്യം വേണമെന്നു ആവശ്യപ്പെടുന്നതുമായ ആശയം ഉപേക്ഷിക്കുക. 2. ദൈവികവും സ്വാഭാവികവുമായ നിയമങ്ങൾക്കെതിരായി ഉണ്ടാക്കിയിട്ടുള്ള എല്ലാ നിയമങ്ങളും റദ്ദു ചെയ്യുക. 3. ക്രിസ്ത്യാനികളെന്നും മനുഷ്യരെന്നുമുള്ള നിലയ്ക്കു അനുയോജ്യമായ സ്വാതന്ത്ര്യം വിശ്വാസികൾക്കു പുനർദാനം ചെയ്യുക 4. മറ്റുള്ളവരെ പ്രശംസിക്കുവേതന്നെ ഇഞ്ചിഞ്ചായി മരിക്കുന്നതിനുമാത്രം മതസമത്വ സ്വാതന്ത്ര്യം നൽകുന്ന കായികവും ധാർമ്മികവുമായ അക്രമനടപടികളെയെല്ലാം ഉപേക്ഷിക്കുക. അതായതു മുകളിൽപ്പറഞ്ഞ നാലു സംഗതികളും തുടരുന്നകാലത്തോളം കമ്മ്യൂണിസ്റ്റുകാരുമായി യോജിച്ചു പോകുകസാദ്ധ്യമല്ല.

## സ്പെയിനിലെ പ്രോട്ടസ്റ്റൻറുകാർ

സ്പെയിനിലെ പ്രോട്ടസ്റ്റൻറു സഭാകാര്യങ്ങളെപ്പററി ഈയിടെ ഇംഗ്ലണ്ടിലെ പ്രഭുസഭയിൽ ചില പരാമർശനങ്ങൾ നടന്നു. അതിനു മറുപടിയായി മാഡ്റിഡിലെ എക്ലിസിയ എന്ന ജേർണൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു ലേഖനത്തിൽ താഴെപ്പറയുന്ന വസ്തുതകൾ നൽകിയിരിക്കുന്നു. സ്പെയിനിൽ ആകെ 8000 പ്രോട്ടസ്റ്റൻറുകാരാണുള്ളതു്. ഇവർക്കായി 200 പ്രോട്ടസ്റ്റൻറുപള്ളികൾ സ്പെയിനിലുണ്ടു്. അതായതു 40 പേർക്കു് ഒരു പള്ളിവീതം. അതേസമയം 8000 കത്തോലിക്കരുള്ള ചില നഗരങ്ങളിൽ ഒന്നിലധികം കത്തോലിക്ക ദേവാലയങ്ങളുണ്ടായിരിക്കുന്നില്ല. ബ്രിട്ടിഷ് ആൻറു് ഫോറിൻ ബൈബിൾ സൊസൈററിക്കാർ ഈയിടെ നിയമവിരുദ്ധമായും കൃത്രിമമായും സ്പെയിനിൽ കടന്നു ബൈബിൾ അച്ചടിച്ചു വിതരണം ചെയ്യുകയുണ്ടായി. അങ്ങനെ അച്ചടിച്ചതു നിയമവിരുദ്ധമാകയാൽ ആ കോപ്പികൾ ഗവമ്മെൻറു കണ്ടുകെട്ടിയിട്ടുണ്ടു്. സ്പെയിനിലെ പ്രോട്ടസ്റ്റൻറുകാർക്കു അവരുടെ സ്വന്തം ബൈബിൾ അച്ചടിച്ചു പ്രസിദ്ധം ചെയ്യുവാൻ സ്വാതന്ത്ര്യമുണ്ടു്.

## തൊഴിലാളികൾ ധരിച്ചതു്

ബ്രിട്ടീഷ് ട്രേഡ് യൂണിയൻ അംഗങ്ങളുടെ ഒരു യോഗത്തിൽ സർ ടോം ഒബ്രിയൻ എം. പി. തൊഴിലാളിപ്രശ്നങ്ങളെപ്പററി ഒരു പുസ്തകത്തിൽനിന്നു ചില ഭാഗങ്ങൾ വായിക്കുകയുണ്ടായി. കാറൽമാർക്സിന്റെ ചില വാക്യങ്ങളാണതെന്നു തൊഴിലാളികൾ ധരിച്ചു. പക്ഷെ അദ്ദേഹം വായിച്ചതു "റേരും നൊവാരും" എന്ന പേപ്പൽ തിരുവെഴുത്തിൽനിന്നായിരുന്നു. സർ ടോം ഡബ്ളിനിൽ ചെയ്ത ഒരു പ്രസംഗത്തിൽ, പേപ്പൽ തിരുവെഴുത്തുകളെപ്പററിയുള്ള അജ്ഞത എത്രയധികമെന്നു കാണിക്കുവാൻ ഈ അനുഭവം ഉദ്ധരിക്കുകയുണ്ടായി.

—o—

ആഖ്യായിക

# ബറാബാസ്



### അദ്ധ്യായം 16 [തുടർച്ച]

## ബറാബാസിന്നെതിർ യൂദാ

[വി. സി. ജോർജ് ബി. എ. എൽ. റ്റി.]

രക്തപങ്കിലമായിരുന്ന ബറാബാസിന്റെ മുഖവും കൈകളും കഴുകി വൃത്തിയാക്കുകയും അയാൾക്കു നിർമ്മലമായ ഒരു പുറങ്കുപ്പായം നൽകുകയുംചെയ്തിരുന്നു. തലയിലെ മുറിവ് കെട്ടി ഭദ്രമാക്കിയിരുന്നതിനു പുറമെ പുറത്തുണ്ടായിരുന്ന വ്രണങ്ങൾ ചൂണ്ണാമ്പുലേപനത്താൽ മൂടുകയും ചെയ്തിട്ടുണ്ടായിരുന്നു. ശവത്തിന്റേതെപ്പോലെ വിളറിയ മുഖവുമായി പനിക്കൊണ്ടു വിറച്ചുനില്ക്കുന്ന ബറാബാസിനെ ഗവർണ്ണർ ശ്രദ്ധാപൂർവ്വം നോക്കി.

ബറാബാസിന്റെ സമീപം നിന്നിരുന്ന ഭടനോടായി "ആ മനുഷ്യന്റെ വിലങ്ങുകൾ" എന്നു പീലാത്തോസാജ്ഞാപിച്ചു. വിലങ്ങഴിയയുടൻ പ്രൊക്കുറേറ്റർ അടയാളം കാണിക്കുകയും ഭടൻ അപ്രത്യക്ഷനാകുകയുംചെയ്തു.

"അപ്പോൾ താനാണു ബറാബാസ്?" പ്രൊക്കുറേറ്റർ ലത്തീനിൽ ചോദിച്ചു.

"ഞാൻതന്നെ ആ ആൾ" എന്നു ആ ഭാഷയിൽതന്നെ തടവുകാരൻ മറുപടിപറഞ്ഞു. അയാൾ വളരെ പണിപ്പെട്ടാണു് അത്രയും സംസാരിച്ചതു്.

"ഞാനാരാണെന്നു തനിക്കു മനസ്സിലായോ?"

"അങ്ങു പ്രൊക്കുറേറ്ററാണ്."

"താനെങ്ങനെ മനസ്സിലാക്കി?"

"ആദ്യം അങ്ങു നഗരത്തിലേക്കു് ആഘോഷപൂർവ്വം പ്രവേശിച്ചപ്പോൾ ഞാൻ കണ്ടു."

"ബറാബാസ്, താൻ ഒരു കവർച്ചക്കാരനും പെരുങ്കള്ളനുമായിട്ടാണു കഴിയുന്നതു്. ഒട്ടുവളരെ കൊലപാതകങ്ങളുടെ ഭാരം തന്റെ ഉള്ളിൽ താങ്ങുന്നുണ്ടാവും."

"അങ്ങേക്കുള്ളതിൽ കുറഞ്ഞ ഭാരമേ ഒരു കൊലപാതകിയുടെ നിലയിലെനിക്കുള്ളു. കവർച്ചയാണെങ്കിൽ അങ്ങും അങ്ങയുടെ ഭടന്മാരും നടത്തിയിട്ടുള്ളതിൽ വളരെ കുറച്ചുമാത്രം."

വളരെ അധികം ക്ലേശിച്ചാണു് ഇത്രയും പറയുവാൻ ബറാബാസിനു സാധിച്ചതു്. അയാളുടെ ശരീരം ആടി മറിഞ്ഞുവീഴുവാൻ ഭാവിച്ചു. നിൽപ്പുറപ്പിക്കുവാൻ മുറിയുടെ വിതാനം താങ്ങിയിരുന്ന ചെറിയ തൂണുകളിൽ ഒന്നിൽ പിടിച്ചു.

"താൻ വളരെ വിഷമിക്കുന്നുവല്ലോ, ബറാബാസ്. അവിടെ ഇരിക്കുവാൻ ഞാനനുവദിക്കുന്നു."

"പ്രൊക്കുറേറ്റർ, ഞാൻ അങ്ങിൽനിന്നു് യാതൊരാനുകൂല്യവും സ്വീകരിക്കുകയില്ല" ചുണ്ടുകൾ ഇറുക്കിക്കൊണ്ടു് ബറാബാസ് പറഞ്ഞു.

"തന്റെ ഇഷ്ടംപോലെ. താനിരിക്കുന്നതാണു് ഭേദമെന്നെനിക്കു തോന്നുന്നു. വെറുമൊരു പരിപന്ഥികനിൽ കവിഞ്ഞ സ്ഥാനം തനിക്കുണ്ടെന്നു വിചാരിക്കുവാൻമാത്രം ഭോഷനാണു ഞാനെന്നു കരുതരുതു്. യുദ്ധക്കളത്തിൽ എന്നെ എതിരിടുവാൻ താൻ പ്രത്യേകം അഭിലഷിക്കുന്നുവെന്നു ഞാൻ അറിഞ്ഞതുകൊണ്ടാണു് താനിവിടെ നില്ക്കുന്നതു്. താൻ ഇരുന്നിട്ടു് ചില സുപ്രധാനസംഗതികളെപ്പററി സംസാരിക്കുവാൻ ഞാനാഗ്രഹിക്കുന്നു."

ബറാബാസ് വായ് തുറന്നില്ല. പീലാത്തോസ് തുടർന്നു: "കൊള്ളാം. മര്യാദയോടുകൂടി പെരുമാറുവാൻ തന്നെ പഠിപ്പിക്കുന്ന വിഷയത്തിൽ ഞാൻ ശ്രദ്ധാലുവല്ല. എങ്കിലും കേൾക്കൂ. തന്റെ കവർച്ചകളും കൊലകളും എന്റെയും എന്റെ ഭടന്മാരുടേയും താദൃശപ്രവൃത്തനങ്ങളോടു തുലനം ചെയ്യുക യുക്തിഹീനമായ ഒരു മനസ്ഥിതിയാണു് കാണിക്കുന്നതു്. വ്യവസ്ഥാപിതമായ ഭരണകൂടത്തിന്റെ പ്രവൃത്തികളും നടപടികളും കവർച്ചയോ കൊലപാതകമോയെന്നു് നാമകരണം ചെയ്യാവുന്നതല്ലെന്നുള്ള പരമാർത്ഥം ഏതൊരു റോമനും യവനനും അറിയുന്നു. പക്ഷെ ഞാൻ പ്രസ്താവിച്ചപ്രകാരം താൻ സാധാരണരീതിയിലുള്ള ഒരപരാധിയല്ല. അതുകൊണ്ടാണു് ഞാൻ തന്നോടിങ്ങനെ ചോദിക്കുന്നതു്. ആകട്ടെ ബറാബാസ്, താൻ ഞങ്ങൾക്കെതിരായി സമരം ചെയ്യുവാനാഗ്രഹിച്ചുവെന്നതു് വാസ്തവമോ?"

"വാസ്തവമാണ്."

"സമരസജ്ജീകരണങ്ങൾക്കുമദ്ധ്യേ താൻ റോമൻഭടന്മാരെ വധിക്കുകയും മററു ദ്രോഹകൃത്യങ്ങൾ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നടത്തുകയുമുണ്ടായോ?"

വളരെ പ്രയാസപ്പെട്ടെങ്കിലും സധീരം ബറാബാസ് മറുപടി പറഞ്ഞു: "റോമൻഭടന്മാരെ അവസരം കിട്ടിയപ്പോഴൊക്കെ ഞാൻ കൊന്നുകളഞ്ഞിട്ടുണ്ടു്."

"ബറാബാസ്, താൻ എന്റെ കൃത്യനിർവ്വഹണത്തിന്നു നിക്കു് വളരെ സൗകര്യംനൽകുന്നു. ഈ കുററസമ്മതംമൂലം താൻ അനുഭവിക്കേണ്ടുന്ന വധശിക്ഷ പ്രഖ്യാപിക്കുകയാണു് ചെയ്യുന്നതെന്നറിയരുതോ?"

"ഞാനതറിയുന്നു. ആ ശിക്ഷ കഴിയുന്നതും വേഗം നടക്കേണമെന്നാണെന്റെ ആഗ്രഹം."

"ബറാബാസ്, തന്റെ ദർപ്പണമെനിക്കിഷ്ടംതന്നെ. പക്ഷെ അതുകൊണ്ടു് തനിക്കു ഗുണംവരുവാൻ പോകുന്നില്ല. തന്റെ വധം വിളംബംകൂടാതെ നടക്കുമെന്നു വാഗ്ദാനംചെയ്യുവാൻ ഞാൻ തയ്യാറില്ല. ആ കാര്യം ഞാൻ പിന്നീടു ചിന്തിക്കാം. അതിനുമുമ്പു് ഒരു ചോദ്യമുണ്ടു്. തന്റെ സൈനികസജ്ജീകരണങ്ങൾ എന്നുതന്നെ പറയാം, താൻ അവയിൽ ഏർപ്പെട്ടതു് പ്രധാനാചാര്യന്റേയും പുരോഹിതവർഗ്ഗം മുഴുവന്റേയും സംവിദാപൂർവ്വമല്ലേ?"

"ആ ചോദ്യത്തിനുത്തരംപറയുവാൻ ഞാൻ വിസമ്മതിക്കുന്നു." ബറാബാസിന്റെ ഈ സമാധാനംമൂലം തനിക്കു കോപമുണ്ടായിയെന്നു കാണിക്കാതിരിക്കുവാൻ വളരെ പണിപ്പെട്ടുകൊണ്ടു് പീലാത്തോസ് സോല്ലുണ്ഠം പ്രസ്താവിച്ചു: "താൻ വിസമ്മതിക്കുന്നോ? എത്ര വലിയ നിർബന്ധം പിടിക്കുന്നവരായാലും അവരെക്കൊണ്ടു സംസാരിപ്പിക്കുവാൻ എനിക്കു കഴിയുമെന്നു് താൻ അറിയുന്നുണ്ടല്ലോ? എന്നാൽ ഞാൻ അതിനു ഉദ്യമിക്കുന്നില്ല. തന്നിൽനിന്നു് ഏതെങ്കിലും പ്രസ്താവന എനിക്കാവശ്യവുമില്ല. ദേവാലയത്തിലുള്ള ആ ബ്രഹ്മണ്യന്മാരുടെ ചെയ്തികളെപ്പററി ഞാൻ ധാരാളം മനസ്സിലാക്കിയിട്ടുണ്ടു്. അതിലുമധികം ബുദ്ധിശൂന്യമായ ഒരു പ്രസ്ഥാനം ഊഹിക്കുവാനില്ലതന്നെ. എനിക്കു മനസ്സിലാക്കുവാൻ കഴിയാത്തതു് ആ കൂട്ടരോടുകൂടി കഴിഞ്ഞുമറിയുവാൻ സാമാന്യം ബുദ്ധിമാനെന്നു തോന്നുന്ന തനിക്കെങ്ങിനെ സാധിച്ചുവെന്നുള്ളതാണു്."

"അതു സംബന്ധിച്ചും എനിക്കൊന്നും പറയുവാനില്ല."

"ഹാ, ബറാബാസ്, താൻ മൗനിയാകുകയാണോ? മൗനം ഒരു രാജ്യദ്രോഹിക്കു് പുണ്യമത്രെ. പക്ഷെ തന്റെ മൗനം പുരോഹിതന്മാർ അർഹിക്കുന്നില്ല. അവർ തന്റെപേരിൽ അതിനുവേണ്ടി കൃതജ്ഞരായിരിക്കുകയുമില്ല. ആകട്ടെ താൻ റോമന്മാർക്കെതിരായി സമരംചെയ്വാനാഗ്രഹിച്ചതെന്തുകൊണ്ടെന്നു പറയൂ."

ബറാബാസ് പാടുണ്ടായിരുന്നവിധം നിവർന്നുനിന്നു. ചതവും മുറിവുംമററു് അത്യധികം ക്ഷീണിച്ചു് സഹായത്തിനുവേണ്ടി തൂണുംചാരിനിന്ന ആ കരിമീശക്കാരനെ ഉററുനോക്കിയപ്പോൾ ഒററക്കൈകൊണ്ടു് തൂണു താഴെയിട്ടു് കെട്ടിടം മുഴുവനും തട്ടിമറിച്ചു് അവിടെയുണ്ടായിരുന്ന സകലരുടേയും കഥകഴിക്കുവാൻ അയാൾ മതിയാകുമെന്നു് പീലാത്തോസിനു തോന്നി. ബറാബാസാകട്ടെ ഉറച്ചസ്വരത്തിൽ തെളിച്ചുപറഞ്ഞു: "വിദേശിഭരണം ദുസ്സഹമാകകൊണ്ടും ഞാൻ ബാല്യംമുതൽ റോമന്മാരെ വെറുത്തു തഴഞ്ഞിയതുകൊണ്ടും."

പ്രൊക്കുറേറ്റർ തലകുലുക്കി. അദ്ദേഹം പറഞ്ഞു: "അതേതായാലും കൗതുകാവഹമാകുന്നു. എന്തിനാണു് വെറുപ്പു്? താൻ ഭക്തനായ ഒരു യഹൂദനാണോ? അതായതു് തന്റെ മതത്തിന്റെ നിയമങ്ങളെല്ലാം ശരിക്കു പാലിക്കുന്നുണ്ടോ?"

"ഇല്ല."

"എങ്കിൽ ഇവിടെ ആരാണു് ഭരണം നിർവ്വഹിക്കുന്നതെന്നുള്ളതിനെപ്പററി ചിന്തിക്കേണ്ടതില്ല. നിങ്ങൾക്കുണ്ടായിരുന്ന ഏതാനും ചില രാജാക്കന്മാരുടെ കാലത്തു് നിങ്ങളുടെ കാര്യങ്ങൾ കൂടുതൽ ഭംഗിയായിട്ടാണോ കഴിഞ്ഞതു്?"

"അവർ ഞങ്ങളുടെ സ്വന്തം രാജാക്കന്മാരായിരുന്നു."

"ബറാബാസ്, ഇതു ഹാസ്യോത്പാദകമായി തോന്നുന്നു. അക്കാലങ്ങളിൽ നിങ്ങളുടെ സ്ഥിതിയെന്തായിരുന്നു? ഒരു കൂട്ടം ആട്ടിടയന്മാർ! നിങ്ങളിലാർക്കുംതന്നെ പുറമെയുള്ള ലോകത്തെപ്പററി യാതൊരറിവും ഇല്ലായിരുന്നു. ഒരു വമ്പിച്ച മഹാശക്തിയുമായി, ജനവാസമുള്ള ഭൂമിയിൽ അധികവും കീഴടക്കിയിരിക്കുന്ന ഒരു സാമ്രാജ്യവുമായി ബന്ധപ്പെട്ടിരിക്കുക ഗുണകരമല്ലയോ? തനിച്ചു് നിങ്ങളൊന്നുമില്ല. ഞങ്ങളോടുകൂടെയായാൽ ചരിത്രം സൃഷ്ടിക്കുന്ന ഒരു ജനസമുദായമായിത്തീരും നിങ്ങൾ."

"നിങ്ങളെ ഞങ്ങളുടെ നാട്ടിൽനിന്നു പുറത്താക്കിയാൽ ഞങ്ങൾ അപ്രകാരമുള്ള ഒരു ജനസമുദായമായിക്കൊള്ളും."

"ആയേക്കാം, ഒരു പക്ഷെ. എന്നാൽ നിങ്ങളുടെ ഉദ്യമം ഫലപ്രദമാകുമെന്നു് ഞാൻ കരുതുന്നില്ല. ഇതാ ഇവിടെ ഇരുന്നുകൊണ്ടു ഞാൻ നിങ്ങളുടെ അഹങ്കാരവിജൃംഭിതവും വിദ്വേഷസമ്പൂർണ്ണവുമായ പ്രത്യുത്തരങ്ങളെ അക്ഷോഭ്യനായി കേൾക്കുന്നു. ഈ ക്ഷാന്തിശീലമാണു് റോമന്മാരെ ലോകാധിനാഥന്മാരാക്കിത്തീർക്കുന്നതിനു സഹായിച്ചിട്ടുള്ള സുകൃതങ്ങളിലൊന്നു്. യഹൂദന്മാരാകട്ടെ ക്ഷമയില്ലാത്ത, നിയന്ത്രണാതീതമായ ഒരു സമുദായമാണു്, നിങ്ങളുടെ ചരിത്രം ഞാൻ ധരിച്ചുവച്ചിട്ടുള്ളിടത്തോളം നിങ്ങൾ ലോകത്തിനു് ദ്രോഹകാരികൾ അത്രെ. നിങ്ങളുടെ ഏകദൈവത്തെപ്പററി, അദൃശ്യനും അഗ്രാഹ്യനുമായ ദൈവത്തെപ്പററിയുള്ള ആശയംതന്നെ ആപല്ക്കരമായിരിക്കുന്നു. ലോകം നിങ്ങളുടെ ഗണത്തെ ഒട്ടുംതന്നെ സഹിക്കാതെ, നിങ്ങളുടെ പരിഷ മുഴുവനും മൂലച്ഛേദം ചെയ്യുമെന്ന ഒരു കാലം വരുമെന്നു നിങ്ങൾ ചിന്തിക്കുന്നില്ലേ?"

"അങ്ങനെ വരുന്നതിനു മുമ്പു് ഈ ദേശത്തെ സംബന്ധിച്ചിടത്തോളമെങ്കിലും നിങ്ങളുടെ മൂലച്ഛേദം സംഭവിക്കുകതന്നെ ചെയ്യും" ചുണ്ടുകൾ കൂട്ടിക്കടിച്ചുകൊണ്ടു് ബറാബാസ് പറഞ്ഞു.

പീലാത്തോസ് ഉറക്കെച്ചിരിച്ചു. "ബറാബാസ്, അതൊരു പ്രവചനംപോലെ തോന്നുന്നു; പ്രവചനങ്ങളെ വിഷയമാക്കി വിവാദം നടത്തുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങളുടെ സമരത്തിന്റെ ഫലം കണ്ടാക്കി പറയുന്നതാണെങ്കിൽ അതിൽ ഒട്ടും അർത്ഥമില്ല. കളിതുടങ്ങുന്നതിനുമുമ്പേതന്നെ നിങ്ങൾക്കു തോൽവി പററിയല്ലോ. ആ കാര്യം ആലോചിക്കുന്നില്ലേ?"

"ഞാൻ അതും ആലോചിച്ചു."

"താൻ ക്ഷമയാചിക്കുന്നുവോ?"

"എന്നെ താമസം കൂടാതെ കൊല്ലിക്കണമെന്നേ എനിക്കപേക്ഷയുള്ളു."

"ആ അഭിപ്രായം എനിക്കു രസിച്ചു. അതൊരു റോമന്റെ സംസാരമാണു്. എന്നാൽ തന്റെ ആഗ്രഹം സാധിക്കുവാൻ എനിക്കു കഴിയുമോ എന്നറിഞ്ഞുകൂടാ. അതു തന്നെ ആശ്രയിച്ചിരിക്കുന്നു. ഞാൻ ഒരു നിർദ്ദേശം നൽകാം."

ചോദ്യഭാവത്തിൽ ബറാബാസ് പീലാത്തോസിന്റെ മുഖത്തു നോക്കി.

"ക്രീഡാരംഗത്തു് പ്രകടനങ്ങൾ നടത്തുവാൻ ഞാൻ നിശ്ചയിച്ചുകഴിഞ്ഞു. ഒരു സിംഹത്തെ എതിരിടാൻ താൻ തയ്യാറാണെങ്കിൽ രണ്ടു് സംഭാവ്യതയ്ക്കു വകയുണ്ടു്. ഒന്നുകിൽ സിംഹം ജയിക്കും, അപ്പോൾ തനിക്കു ഭാവിയെപ്പററി വ്യഗ്രതകൂടാതെ കഴിക്കാം. ഈ സിംഹങ്ങൾ മനുഷ്യരെ തൊടിയിടകൊണ്ടു് കൊല്ലുകയാണു് പലപ്പോഴും ചെയ്യാറുള്ളതു്. ഏതായാലും ഒരു സിംഹവുമായി പൊരുതിമരിക്കുകയാണു് തനിക്കുചിതമായിരിക്കുക."

"ഞാൻ സിംഹത്തെ തോല്പിച്ചാലോ?" ബറാബാസ് ചോദിച്ചു.

"താൻ ശക്തനും വിദഗ്ദ്ധനുമാകയാൽ അതിനും സാദ്ധ്യതയുണ്ടു്."

"അങ്ങനെ സംഭവിച്ചാൽ നിങ്ങൾ എനിക്കു മോചനം നൽകുമോ?"

"അതു പറയുവാനെനിക്കാവുകയില്ലെന്നു് തനിക്കറിയാമല്ലോ. എങ്കിലും പറയത്തക്ക ദണ്ഡനമൊന്നുംകൂടാതെ നിങ്ങളെ പെട്ടെന്നു വധിക്കുവാൻ വ്യവസ്ഥചെയ്യാം. ഇനി തന്നോടു് ചോദ്യങ്ങളൊന്നും ചോദിക്കുകയില്ല. മന്ദഗതിയിലുള്ള മരണത്തിനു തന്നെ വിധേയനാക്കുകയില്ല. എന്തുപറയുന്നു, സിംഹത്തെ എതിരിടാമോ?"

"എതിരിടാം. നിങ്ങളുടെ വ്യവസ്ഥകളനുസരിച്ചു്."

"അതു് ശരി; ബുദ്ധിപൂർവ്വകവുമാണു്. ബറാബാസ്, തന്റെ കാര്യത്തിൽ എനിക്കു ദുഃഖമുണ്ടു്, വളരെ ദുഃഖമുണ്ടു്. ഒരൊന്നാന്തരം റോമൻഭടനാകത്തക്ക ആളാണു് താൻ. എനിക്കെതിരായി യുദ്ധം ചെയ്യുകയെന്ന നൂലാമാലയിൽ താനെങ്ങനെയാണു് തലയിട്ടു് നശിച്ചു വശായതു്? വളരെ കഷ്ടംതന്നെ."

വികാരാധിക്യത്താൽ ശരീരത്തിന്റെ ക്ഷീണം വിസ്മരിച്ചുപോയ ബറാബാസ് വിദ്വേഷം വമിക്കുന്ന കണ്ണുകളോടുകൂടി പ്രൊക്കുറേറ്ററെ തുറിച്ചുനോക്കി; ഇങ്ങനെ പറഞ്ഞു: "പ്രൊക്കുറേറ്റർ എനിക്കവിടുത്തെ സഹതാപം ആവശ്യമില്ല. അങ്ങു് എന്നോടു ചെയ്ത വാഗ്ദാനം പാലിക്കുകയും എന്നെ തടവുമുറിയിലേക്കുടൻതന്നെ അയക്കുകയും ചെയ്താൽ മതിയാകും."

"അപ്പോൾ, കാരാഗൃഹത്തോടുള്ള തന്റെ പ്രേമം അത്രയ്ക്കു ശക്തിമത്താണോ?"

"അവിടെ ഞാൻ റോമന്മാരെ കാണുന്നില്ലെന്നുള്ള ആശ്വാസമെങ്കിലും ഉണ്ടല്ലോ!"

വിസ്മയസ്വരത്തിൽ പീലാത്തോസ് പ്രസ്താവിച്ചു: "ബറാബാസ്, വിദ്വേഷപോഷണത്തി-


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്

### ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി,
കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,97,150—0—0 |
| പ്രവർത്തനമൂലധനം. | " | 39,47,506—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. ഏ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
4. " തോമസ് റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
5. " കുഞ്ചെറിയാ റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
6. " തോമസ് റ്റി. കരിമറ്റത്തൂരിൽ (മാനേജിംഗ് ഡയറക്ടർ)




# എന്നിട്ടും കരയാത്തവൾ

(പി. വി. ജോസ്, പട്ടണക്കാട്)

"...ഹൌ...എന്തു വേദന......
വെട്ടിപ്പൊളിക്കുന്ന വേദന......
ഈശോ,......ഇതു ഞാനെങ്ങനെ
സഹിക്കും....ഓഹോ.....ഓഹോ......
ത്രേസ്യാമ്മേ...എന്റെ നെഞ്ചാ
ണ്........"

അവൾ അവന്റെ അടുത്തേ
ക്ക മാറിയിരുന്നു. ആ മൃദുലമായ
കൈവിരലുകൾ ആ അസ്ഥികൾ
ക്കുമീതെ മന്ദംമന്ദം തടവിനീങ്ങി.

നിശ്ശബ്ദത.

"ത്രേസ്യാമ്മേ..."

"ഓ......"

"............"

"എന്താ ഒന്നും മിണ്ടാത്തതു്.
എന്തിനാ വിളിച്ചേ?"

"ഓ....വെറുതെ....നീയും എ
ന്റെകൂടെ വേദനിക്കുന്നുണ്ടു് അ
ല്ലേ?...നിന്നെ ഞാൻ......ഹൌ
......ത്രേസ്യാമ്മേ......എന്നോടു
ക്ഷമിക്കുമോ?......നിന്റെ ജി
വിതം ഞാൻ പാഴാക്കി...."

"അരുതേ! അങ്ങനെ പറയരു
തു്." അവൾ പുഞ്ചിരിതൂകിക്കൊ
ണ്ടു് അവനെ സമാധാനിപ്പിക്കു
കയാണു്: "എന്റെ ജീവിതത്തി
നു അർത്ഥമുള്ളതാക്കിത്തീർത്തതു്
അങ്ങാണു്. ഞാൻ ഇന്നു സന്തോ
ഷിക്കുന്നു. അങ്ങു് ഒരിക്കലും എ
ന്റെ ജീവിതം പാഴാക്കിട്ടില്ല."

പോലീസ് മർദ്ദനത്താൽ അ
സ്ഥിമാത്രമായി അവശേഷിച്ച
മാത്യുവിന്റെ ശരീരം ആ കയറു
കട്ടിലിൽക്കിടന്നു ഞെരങ്ങുന്നു.
ജീവന്റെ നേരിയ ചലനംമാത്രം.
തോലിൽപൊതിഞ്ഞ അസ്ഥിക്കൂ
ടു്....അസ്ഥികൾ....വേദന...അ
ലട്ടിപ്പിടിക്കുന്ന വേദന...ദാഹം

ത്രേസ്യാമ്മ അല്പം "ഗ്ളൂക്കോ
സ്" എടുത്തു് പാലിൽകലർത്തി.
വിടന്ന വായിലേക്കു് ഒരു കൊച്ചു
സ്പൂൺവഴി പകന്നുകൊടുത്തു.
പ്രേതത്തിന്റെ വിളറിയ, പച്ചി
ച്ചിരിപോലെ പൊളിഞ്ഞു് പല്ലി
ല്ലാത്ത വായിലേക്കു് അതങ്ങൊലി
ച്ചുവീണു. അവൾ ഒരു ആത്മാർത്ഥ
തനിറഞ്ഞ സ്നേഹംതുളുമ്പുന്ന ഹൃ
ദയത്തോടെ രോഗിയെ ശുശ്രൂഷി
ക്കുകയാണു്. അതെ—അന്നവൾ
അന്നവൾ— ആഗ്രഹിച്ചതും ഇ
തുതന്നെ.

"ഇത്രക്ക വെള്ളം കാച്ചിത്ത
ന്നോ. ഒന്നു കുളിക്കട്ടെ. നടന്നുന
ടന്നു കാലു കഴച്ചു."

"എന്തേ അപ്പച്ചാ ഇങ്ങനെ
നടക്കണേ?"

"എടി അയാളു് കഴിഞ്ഞ ഞാ
യറാഴ്ച വരാമെന്നല്ലേ പറഞ്ഞതു്.
ഇതേവരെ കണ്ടില്ല. അത്രടംവരെ
ഒന്നു പോയി."

"എന്തിനാപ്പാ അയാളെ അ
ന്വഷിക്കുന്നേ. ഞാൻ ഇങ്ങനെ
കുറേക്കാലംകൂടെ കഴിഞ്ഞോട്ടെ.
അപ്പനാരുണ്ടു്?"

"ഓ—എനിക്ക സഹായത്തി
ന്...ത്രേസ്യാമ്മേ, എനിക്കാണെ
ങ്കിൽ പ്രായമായി. ഇന്നോ നാളെ
യോ. നിന്നെ ആരുടെയെങ്കിലും
കൈയിൽ ഏല്പിച്ചിട്ടു് ഒന്നു കണ്ണട
ച്ചാൽമതി. അല്ലെങ്കിൽ......"

അതു മുഴമിപ്പിക്കുന്നതിനുമുമ്പു്
ചാക്കോച്ചൻ ഒന്നു ചുമച്ചു. അ
കത്തേക്കുകയറി കട്ടിലിൽ ഇരു
ന്നു. ത്രേസ്യാമ്മ അപ്പുറത്തുകൂടി
ഇറങ്ങിമുറിയിൽവന്നു കട്ടിലിനരി
കെ നിന്നു.

"അപ്പച്ചാ...എനിക്കിഷ്ടമില്ലാ
ത്ത കാര്യമാണതു്. വേണ്ടപ്പച്ചാ,
എനിക്ക വേണ്ടത്ര പഠിപ്പ് അ
പ്പൻ നൽകിട്ടുണ്ടു്. ഒരു കന്യക
യായിത്തന്നെ ഏതെങ്കിലും ആശു
പത്രിയിൽ രോഗികളെ ശുശ്രൂഷി
ക്കുവാനാണു് എന്റെ ആഗ്ര
ഹം."

"മോളേ, നിന്റെ ഉദ്ദേശം
നല്ലതു്. പക്ഷേ......" അപ്പന്റെ
കണ്ണുകൾ നിറഞ്ഞൊഴുകുന്നതു്
ത്രേസ്യാമ്മ കണ്ടു. അവൾ ഒന്നും
ആലോചിച്ചില്ല. "വേണ്ടപ്പച്ചാ,
അപ്പച്ചനു് വിഷമമുണ്ടാകത്തക്ക
വിധത്തിൽ ഞാൻ പ്രവർത്തിക്കു
ന്നില്ല. ദൈവതിരുമനസ്സു് എ
ന്നിൽ നിറവേറട്ടെ."

x x x

അന്തിമയങ്ങുന്നു. പട്ടണാവാളു
കൽനിന്നു് റേഡിയോഗാനം.
ശോകഗാനമോ ഈണമോ എ
ന്തോ ഉയരുന്നു. ത്രേസ്യാമ്മ അ
പ്പുറത്തേക്ക പോയി.

ഒച്ച് ഇഴഞ്ഞുപോകുംപോലെ
രണ്ടു ഞായറാഴ്ചകൾ ഇഴഞ്ഞുവ
ന്നു. ഇടവകയിലെ കൊച്ചുകപ്യാ
ർ രണ്ടു കല്യാണങ്ങൾ വിളിച്ചു
ചൊല്ലി. രണ്ടും ഒന്നാമത്തെ അ
റിപ്പാണു്.

കൈവിരലുകൾക്കിടയിൽ ജപ
മാലമണികളും അനങ്ങുന്ന ചുണ്ട
തു പുഞ്ചിരിയുമായി ത്രേസ്യാമ്മ
മുട്ടിൽനിന്നു പ്രാർത്ഥിക്കയാണു്.
കൊച്ചുകപ്യാരുടെ തപ്പിത്തട
ഞ്ഞുള്ള വായന നാട്ടിൻപുറത്തെ
കോളേജുകുമാരികൾക്കു് ഒരു രസ
മാണു്. അവരും പല്ലുകൊ ഒന്നു
പുഞ്ചിരിച്ചു. അടുത്തതു്......

ത്രേസ്യാമ്മ ഇടത്തുകൈ നില
ത്തൂന്നി കുനിഞ്ഞിരുന്നുപോയി.
രണ്ടുതുള്ളി കണ്ണുനീർ അവളറിയാ
തെ ആ മാർബിൾ തിണ്ണയിൽ
വീണുവിരിഞ്ഞു. ആരും കണ്ടില്ല.
കവണി അവൾ ശരിക്കൊന്നു വ
ലിച്ചിട്ടു. ആരും കാണാതെ ആ
കണ്ണുകൾ തുടച്ചു.

നിഷേധിപ്പെണ്ണുങ്ങൾ— അ
ല്ല, സംസ്കാരം സിദ്ധിച്ച കുട്ടികൾ
തലവെട്ടിച്ചു തിരിഞ്ഞുനോക്കി.
ചിലരവളെ ഒളികണ്ണിട്ടു നോ
ക്കി.

ത്രേസ്യാമ്മ എന്തോ ഒന്നു ഉറ
ച്ചതുപോലെ വീണ്ടും മുട്ടിന്മേൽ
നിന്നു. ജപമാലകൾ വിരലുകൾ
ക്കിടയിൽ ഉരുണ്ടു. എന്തോ അ
വളതിൽ സന്തോഷിക്കുകയാണു്.
എങ്കിലും...ആ കണ്ണുകൾ കലങ്ങി
യിരുന്നു.

കൊള്ളിയാൻ വിശ്രുംപോലെ
പകലുകൾ പലതുവന്നു.

ശനിയാഴ്ച.... ഒസാഡാലിററി
എല്ലാം കഴിഞ്ഞു. മറിയാമ്മ കൂട്ട
ത്തിലുണ്ടു്. ത്രേസ്യാമ്മയുടെ തോ
ളുതുമ്മിക്കൊണ്ടു് അവൾ നടന്നു

"ത്രേസ്യാമ്മേ,......"

"ഉം......"

"നീ പെട്ടെന്നെ ശരിക്ക ക
ണ്ടോ...?"

"ഉവ്വ്"

"അധികം തടിയുണ്ടോ...?"

"ഇല്ല, അല്പം മീശവച്ചിട്ടുണ്ടു്."

"എന്നാ ശരിയാ. ആളതുത
ന്നെ. നാത്തൂന്റെ വീടിന്റെ
തെക്കേതാന്നാ പറഞ്ഞതു്."

"ആ—പിന്നെ— നാത്തൂൻ
എന്തൊക്കെ പറഞ്ഞു. ആളു് എ
ങ്ങിനെ...?"

"ത്രേസ്യാമ്മേ, എനിക്കറിഞ്ഞു
കൂടാ. നാത്തൂൻ എന്തൊക്കെയാ
പറഞ്ഞു. ആളു് ഒരു പു. സാ.
ക്കാരനാണെന്നും, പോലീസിൽ
പോയെന്നും ഇപ്പം അയാൾക്കു്
സുഖമില്ലെന്നും ഒക്കെയാ പറഞ്ഞ
തു്."

"എന്താ ഈ പു.സാ.?"

"അയാൾ ഒരു പുരോഗമനസാ
ഹിത്യകാരനാന്നാ..."

"കൊള്ളാം. സാഹിത്യകാരൻ
പോലീസിൽ പോകണോ?"

"അല്ലേ, കമ്മ്യൂണിസ്റ്റൊക്കെ
എഴുതി മനുഷ്യനെ വഴിതെററി
ച്ച് നേതൃത്വംകൊടുക്കും. എന്നി
ട്ടു് സഖാവു് തല്ലുകൊള്ളും. ഇപ്പം
മാ ഹൌ...ഹൌ...എന്നും പറ
ഞ്ഞിരിക്കുവാ."

"കൊള്ളാമല്ലോ. അങ്ങിനെയു
ള്ള ഒരു സാഹിത്യകാരനെയാ
ണു് ഞാൻ നോക്കിയിരുന്നതു."

മറിയാമ്മ പിന്നൊന്നും പറ
ഞ്ഞില്ല. തെക്കേ വഴി തിരിഞ്ഞു
മറഞ്ഞു. ഹൃദയത്തിൽ പതുക്കെ
ഒന്നു മന്ത്രിച്ചു: "ഹൌ എന്തൊരു
വിശാലഹൃദയം—"

x x x

അന്നു് ഒരു ചൊവ്വാഴ്ചയായി
രുന്നു.

അന്തിമയങ്ങുന്നു. അമ്പിളി
പൊങ്ങുന്നു.

ഉമ്മറത്തെ പന്തലിൽ എന്തൊ
രു തിരക്കും തിരക്കു....പുല്ലാംകുഴ
ൽ ഉയരുന്ന ഒരു നല്ല നാളെയി
ലെ പുലരി, നാളെ അവൾ ദർശി
ക്കും.

അവർ തെല്ലൊന്നു മയങ്ങി
എന്നു തോന്നുന്നു. എങ്കിലും...

ആ "നല്ല നാളെ" കിഴക്കുവ
ന്നു തലപൊക്കി നോക്കി. കുന്നി
ൻചരിവുകളും കുന്നുകളും പിന്നി
ട്ടുകൊണ്ടു്—പൊള്ളുന്ന കിരണ
ങ്ങൾ വിതറിക്കൊണ്ടു്—പള്ളി
ക്കു മുൻപിൽ തെളിഞ്ഞുനിന്നു.

നേരത്തെതന്നെ പെണ്ണിൻവി
ട്ടുകാർ എത്തിക്കഴിഞ്ഞു.

ഇനിയും അരമണിക്കൂറുണ്ടു്,
ആ ദിവ്യകർമ്മത്തിനു്. പെട്ടെന്നു്
അതെ, ആരും നിനച്ചിരിക്കാ
ത്ത സമയത്തു്, പള്ളിമുററംവരെ
എ ത്തു ന്ന രാ ജ പാ ത യി
ൽ ഒരു കാർ ഹോറണടിച്ചു
ബ്രേക്കിട്ടുനിറുത്തി. ഒരു "ഷോര
ക്കാറു്." അതിന്റെ ബാക്ക്സീ
റ്റിൽ നിറയെ മാല...കുടലുമാല
കൾ...ചോരപുരണ്ട കുടലുമാലക
ൾ...അദ്ധ്വാനിക്കുന്ന ജനതയ്ക്കു
വേണ്ടി പൊരുതുന്ന "തൂലിക"ക്കു
നൽകിയ സ്വീകരണോപഹാരങ്ങൾ!

ശ്രദ്ധയില്ലാത്ത സൗന്ദര്യം—
പൊടിമീശ, സില്ക്കു ജുബ്ബാ, ഡ
ബിൾ മുണ്ടു്, കസവലുക്ക
വച്ച തോളുമുണ്ടു്. അതാ അല്പം
പൊക്കമുള്ള ഒരു കറുത്ത മനുഷ്യ
ൻ. കണ്ണിൽനിന്നും എടുത്ത "മട
ല്യ" പോലത്തെ ഫ്രേം ഉള്ള
കണ്ണട, കസവുനേരിയതുകൊണ്ടു
തുടച്ചു്, അതു വീണ്ടും മുഖത്തുവ
ച്ചു. ഒന്നുകൂടി മിനുക്കി.

ആ നവമിഥുനങ്ങൾ അൾ
ത്താരയുടെ മുമ്പിൽ നിറുത്തപ്പെ
ട്ടു. ത്രേസ്യാമ്മ തന്റെ ജീവിതര
ഹസ്യങ്ങൾ എല്ലാം തുറന്നുപറ
ഞ്ഞിട്ടുള്ള തന്റെ ആത്മീയപിതാ
വിന്റെ മൊഴികൾ ശ്രദ്ധിക്കു
ന്നുണ്ടോ?

"ത്രേസ്യാമ്മേ, നിന്റെ അരി
കിൽനില്ക്കുന്ന മാത്യുവിനെ തി
രുസഭയുടെ നിയമമനുസരിച്ചു്
നിന്റെ ഭർത്താവായി സ്വീകരിക്കു
വാൻ മനസ്സാണോ?"

"............"

"മനസ്സാണോ...?" വൈദികൻ
ജിജ്ഞാസയോടെ വീണ്ടും ചോ
ദിച്ചു.

ഏതോ സ്വപ്നലോകത്തുനി
ന്നും ഉണർന്നെണീററപോലെ അ
വൾ തലനിവർത്തി കണ്ണുകൾ
തിരിച്ചു് പറഞ്ഞു: "മനസ്സാണു്."

എന്തൊരു സ്പഷ്ടമായ വാക്കു
കൾ! പടക്കളത്തിലേക്കു നീങ്ങു
ന്ന യോദ്ധാവിന്റെ ധീരത! പൂ
തുമയുടെ നാണംപുരളാത്ത ഭാവം!

മാത്യു—അവൻ, "ഓ ഇതൊ
ക്കെ പഴഞ്ചൻ കടംകഥകൾ" എ
ന്ന മട്ടിൽ. ഈ ആവശ്യമില്ലാ
ത്ത ആചാരങ്ങൾക്കു് അടിമപ്പെ
ടുവാനും ചോദ്യങ്ങൾക്കുത്തരം പ
റയുവാനും ഉള്ള മനഃപ്രയാസം.
എങ്കിലും വിവാഹം, അവനെന്തു
കൊണ്ടു് ഇതേവരെ വിവാഹം
കഴിച്ചില്ല. ആരു പെണ്ണുകൊടു
ക്കും. വിവാഹം—അവനതു ആ
വശ്യമാണെന്നു എത്രയെത്ര കൊ
ല്ലംമുൻപു് അവൻ മനസ്സിലാ
ക്കി. വിവാഹം—ഇതെങ്കിലും
നടക്കട്ടെ. അവൻ വളരെ പ്രയാ
സപ്പെട്ടു്, "ഉം, മനസ്സാണു്."

പാവുനേരിയതിൽനിന്നു് ഉ
രിയെടുത്ത നൂലിന്റെ ചരടിനാ
ൽ ആ ഹൃദയങ്ങൾ ചേർക്കപ്പെട്ടു.
അവൾ അവന്റെ ഭാര്യയായിക്ക
ഴിഞ്ഞു.

ചാക്കോച്ചനു് എന്തോ ഒരു
വലിയ ഭാരം ഇറക്കിവച്ചതുപോ
ലെ. ആ ഓമനമകളെക്കുറിച്ചുള്ള
തന്റെ ചുമതലകൾ എല്ലാം തി
ത്തു് മാത്യുവിനു കൊടുത്തു. ആ
വാടിയമുഖത്തു പുഞ്ചിരിവിരി
ഞ്ഞു.

(തുടരും)

---

ന്നുള്ള തന്റെ വാസന അസാമാ
ന്യമാണു്. ഇതു് ഫേളവാൽ എ
നിക്ക തന്റെ പേരിൽ അസൂയ
ക്ക വകയുണ്ടു്."

പീലാത്തോസ് മാർക്കസി
ന്റെ സ്ഥാനത്തു ചെന്നു് അയാ
ളോടു മന്ത്രിച്ചു: "ഇനി അയാളെ
കാരാഗൃഹത്തിലേക്ക തിരിച്ചു
കൊണ്ടുപോകാം. ഒരു വൃത്തിയുള്ള
മുറി കൊടുത്തു് അയാളോടു മയ്യാദ
യായി പെരുമാറുവാൻ ശട്ടംകെട്ട
ണം. രാവും പകലും നാലാളുള്ള
ഒരു സംഘം കാവൽ ഉണ്ടായിരി
ക്കണം. അയാൾ തടവുചാടുവാ
നോ ആത്മഹത്യചെയ്യുവാനോ
ഉത്സാഹിച്ചുവെന്നു വരാം."

മാർക്കസ് പുറത്തുപോയി രണ്ടു
ഭടന്മാരോടുകൂടി മടങ്ങിവന്നു. ബ
റാബാസിനു വീണ്ടും വിലങ്ങുവെ
ച്ചു. ഒരക്ഷരംപോലും ശബ്ദിക്കാ
തെ അയാൾ ഭടന്മാരെ അനുഗമി
ക്കുകയും ചെയ്തു. (തുടരും)

# വിനോദവീഥി

മേരിക്കുട്ടി ഒരു തിണ്ണയിലിരു
ന്നു മാലകോർക്കുകയാണു്. ഒരു പ
പ്പടകച്ചവടക്കാരൻ വന്നു ചോ
ദിച്ചു:- "കുഞ്ഞേ, അമ്മ വീട്ടിലു
ണ്ടോ?"

മേരിക്കുട്ടി:- "ഉണ്ടു്". അമ്മ
സാധാരണ വീട്ടിൽതന്നെയുണ്ടാ
കും."

കച്ചവടക്കാരൻ പല പ്രാവ
ശ്യം വിളിച്ചു: "ഉമ്മാ പപ്പടം
വേണോ? വാതിൽ തുറക്കായേ!"
യാതൊരുത്തരവും ഉണ്ടായില്ല. അ
യാൾ കുട്ടിയോടു്:- "കുഞ്ഞേ, അ
മ്മ വിളികേൾക്കുന്നില്ലല്ലോ?"

മേരിക്കുട്ടി:- "എടോ, അമ്മ
ഞങ്ങളുടെ വീട്ടിലാണു്. ഇവിടെ
വിളിച്ചാലാരു കേൾക്കാനാ. ഇ
വിടെ ആരും താമസമില്ല."

* * *



"ആനക്കാരനില്ലാതന പെ
ണ്ണങ്ങിവരുന്നെടാ മാത്തുവേ."

"ആനക്കാരൻ മഴനനയാതെ
കുട്ടത്തിലൊണ്ടേചേട്ടാ! ആ കണ്ണട
പൊക്കിവെച്ചു നോക്കിയേ!"

x x x

ഒരു ചെറുകഥാകൃത്തു് അദ്ദേ
ഹത്തിന്റെ ആദ്യത്തെ കഥാപുസ്ത
കം പ്രസിദ്ധീകരിച്ച ശേഷം ഒരു
വിമർശകനെ സമീപിച്ചു അഭി
പ്രായമറിയാൻ.

വിമർശകൻ:- നിങ്ങളുടെ പു
സ്തകം എനിക്ക വളരെ ഉഷാറു്
വരുത്തി.

കഥാകൃത്തു്:- എന്തായിരിക്കും
അങ്ങേ ഏററം ഉത്തേജിപ്പിച്ച
തു്? കഥാഘടനയാണോ? ഭാഷാ
ശൈലിയാണോ? വർണ്ണനകളാ
ണോ?

വിമർശകൻ:- "അതൊന്നുമല്ല.
നിങ്ങളുടെ പുസ്തകം വായിച്ചുതുട
ങ്ങിയപ്പോൾത്തന്നെ നല്ലൊരുറ
ക്കം കിട്ടി. ഉണർന്നപ്പോൾ നല്ല
ഉഷാറു്!"

E. C. & Co., JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററ്, അന്നന്നത്തെ നിലവാരം.
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

പ്യാരി (REGD)
ഔഷധസോപ്പ്
ചർമ്മരോഗങ്ങളെ മാററി
ത്വക്ക് സൌന്ദര്യത്തെ
വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S



(16-ാംപേജ് തുടർച്ച)

ൻെറ ഓമനക്കുഞ്ഞിനു് ഒരുനേരം വയറുനിറച്ചു കഞ്ഞികൊടുക്കുവാൻ പക്ഷേ നിയതി അതനുവദിച്ചില്ലെന്നുമാത്രം. ക്ഷമയാറ മേരി പിച്ചച്ചട്ടയെടുത്തു തെരുവിലേക്കിറങ്ങി. അധികം താമസിച്ചില്ല ലോകം അവളെ "തെണ്ടി" യെന്നു സംബോധനചെയ്യുവാൻ. പടിവാതിലുകൾതോറും പിച്ചച്ചട്ട ഉയർന്നുവന്നപ്പോൾ പഴയ തോമസ്സുസാറിനെ എല്ലാവരും മറന്നു. ഒരുകാലത്തു സാറിൻെറ മാഷ്ടയെന്നപേരിൽ മേരിയെപ്പോലും ബഹുമാനിച്ചിരുന്ന കപടലോകം! അദ്ദേഹത്തിൻെറ ശിഷ്യഗണങ്ങൾ മരിച്ചുപോയ തോമസ്സുസാറിനെ ഓക്കുന്നുണ്ടോ എന്തോ. അങ്ങനെ ആ ജീവിതവഞ്ചി ഒഴുകിക്കൊണ്ടിരുന്നു. കയ്പ്പു ജീവിതയാതനകൾക്കിടയിലും ആ തെണ്ടിയുടെ മകൻ പഠിക്കനുണ്ടായിരുന്നു. തൊമ്മിയൊരു സെക്കൻഡുഫോം വിദ്യാർത്ഥിയായി പഠനം തുടർന്നുകൊണ്ടിരിക്കുമ്പോളാണു് അതു സംഭവിച്ചതു്. പിറേറന്നു പ്രഭാതത്തിൽ ജനങ്ങൾ കണ്ടതു് ആ യാചകിയുടെ മൃതദേഹമായിരുന്നു. അങ്ങനെ വത്സലമകനെ നിസ്സഹായതയുടെ നീലക്കയത്തിലേക്കു നിഷ്കരുണം വലിച്ചെറിഞ്ഞിട്ടു് ആ പാവനഹൃദയയുടെ ആത്മാവു പരമനാഥൻെറ തിരുസന്നിധിയിലേക്കു പറന്നുപോയി! നിസ്സഹായനായ അവനെങ്ങോട്ടു പോകണം! എങ്കിലും ദൈവം ആ ബാലനെ ഉപേക്ഷിച്ചില്ല. അവൻ തൻെറ സഹപാഠിയും, കുബേരകുമാരനുമായ ബാബുവിൻെറ പടിവാതിൽക്കലേക്കു ചെന്നു.

കുഴ്ച്ചൻേറയും റോസമ്മയുടെയും ദാമ്പത്യാരാമത്തിലെ ഏകസൂനമായിരുന്നു ബാബു. കുഴ്ച്ചനും തോമസ്സുസാറും തമ്മിലുള്ള സ്നേഹബന്ധം വച്ചുപുലർത്തുവാൻ തന്നെ റോസമ്മ തീരുമാനിച്ചു. പക്ഷേ ക്ഷയരോഗം പിടിപെട്ടു മരിച്ച ആ തെണ്ടിപ്പെണ്ണിൻെറ മകനെ മുറിക്കകത്തു കടത്തുവാൻ പോലും കുഴ്ച്ചൻെറ പിതാവിനു സമ്മതമില്ല, പട്ടണമദ്ധ്യത്തിൽ ഉയർന്നുനില്ക്കുന്ന ആ അഗതിമന്ദിരം തൻെറ മകൻ പണിയിച്ചതാണെന്നു അഭിമാനിക്കാറുണ്ടെങ്കിലും. റോസമ്മയുടെ നിർബന്ധംകൊണ്ടു് തൊമ്മിക്കു് മാന്തോപ്പിൽവീട്ടിൽ ഒരു ചെറിയ ജോലികിട്ടി. ആ പുരയിടത്തിലുള്ള ഏത്തവാഴകൾക്കും, കുരുമുളകിനുമൊക്കെ നനയ്ക്കുക, വീട്ടാവശ്യങ്ങൾക്കു അകലെയുള്ള കിണററിൽനിന്നും വെള്ളം കൊണ്ടുവന്നുകൊടുക്കുക തുടങ്ങിയ ചില്ലറപ്പണികൾ തൊമ്മിക്കുള്ളതാണു്. രാത്രിയിൽ നെല്ലുകുത്തുപുരയുടെ മൂലയിൽ കിടന്നുറങ്ങിക്കൊള്ളണമെന്നാണു് തോമ്മാച്ചൻെറ കർശനമായ നിയമം "ആരുംപോരുമില്ലാത്ത തൊമ്മിയെ സിക്സ്ത്തുവരെയെങ്കിലും പഠിപ്പിക്കണം. ഈ സ്വത്തിൻെറയൊക്കെ ഏക അവകാശി ബാബുമാത്രമല്ലേയുള്ളൂ" റോസമ്മ തോമ്മാച്ചനോടു പറയും. അദ്ദേഹം ദീർഘമായൊന്നു നിശ്വസിക്കും അത്രമാത്രം.

ബാബു. ഒരു കുസൃതിക്കുട്ടനാ. ആ നാണക്കുഴിയിൽ ആയിരം ചുംബനങ്ങളർപ്പിച്ചാലും ആ വല്യപ്പച്ചനു മതിവരില്ല. തോമ്മാച്ചൻെറ പുത്രവാത്സല്യം അതിരുകടക്കുന്നുവെന്നു് റോസമ്മ മാത്രമല്ല പലരും അദ്ദേഹത്തെ ഉപദേശിക്കാറുണ്ടു്. അന്നാട്ടിലെ ഒരു കമ്മ്യൂണിസ്റ്റു പ്രവർത്തകൻെറ മകനാണു ശശി. അവൻെറ കൂടെ കൂട്ടുപിടിച്ചു നടക്കരുതെന്നു റോസമ്മ ബാബുവിനെ വിലക്കിയിട്ടുണ്ടു്. എന്നാൽ ക്ഷയരോഗം വന്നു മരിച്ച ആ തെണ്ടിപ്പെണ്ണിൻെറ മകനോടു കൂട്ടുപിടിച്ചു നടക്കരുതെന്നേ തോമ്മാച്ചനു നിർബന്ധമുള്ളു. ബാബുവിനെപ്പററി അനേകം കേസ്സുകൾ അദ്ധ്യാപകർ തൊമ്മിയുടെ അടുക്കൽ പറഞ്ഞുവിടാറുണ്ടു്. എല്ലാത്തിനും അദ്ദേഹം കണ്ണടച്ചുകളയും. "ഓ അവനു പതിമൂന്നുവയസ്സല്ലേയുള്ളൂ. അവൻെറ അപ്പൻെറ സ്വഭാവമാ അവനും. ഞാൻ കുഴ്ച്ചനെ എന്തുമാത്രം ഓമനിച്ചു. എന്നിട്ടവനെന്തുപററി?" ഉത്തരമില്ലാത്തൊരു ചോദ്യചിഹ്നം.

"അച്ചായാ, ആ കാലമല്ലിതു്. ചെറുക്കൻ ഒന്നിനൊന്നിനു വഷളായിട്ടാ വരുന്നതു്. ഞാനെപ്പോഴും പറയും അവനെ ആ മാന്നാനത്തുകൊണ്ടുചെന്നു നിർത്താൻ" റോസമ്മയുടെ അഭിപ്രായമാണിതു്.

"നീ അങ്ങനെയൊക്കെ പറയും. എനിക്കവനെ കാണാതെ ഒരു നിമിഷംപോലും നില്ക്കാൻ സാധിക്കുകയില്ല." ആ പൌത്രസ്നേഹി കാര്യം തീർത്തുപറഞ്ഞു.

"എന്നാൽ ആ ചെറുക്കനോടു തൊമ്മിയെ കണ്ടുപഠിക്കാൻപറ" റോസമ്മ ചൊടിച്ചു.

"വേണ്ട വേണ്ട. ആ തെണ്ടിയുടെ മകനെക്കണ്ടുപഠിക്കുകയൊന്നും വേണ്ട" തോമ്മാച്ചൻെറ ശബ്ദമുയർന്നു.

"ഉം. ഞാനൊന്നും പറയുന്നില്ല." റോസമ്മ അല്പനേരം മൌനമായിരുന്നിട്ടു് മുറിക്കകത്തേക്കു കയറിപ്പോയി, നിരാശയോടെ.

കാലത്തിൻെറ ഭയങ്കരമായ ഓളപ്പാത്തിയിൽ ബാബുവും, തൊമ്മിയും രണ്ടു ചേരികളിലടിഞ്ഞു. തൊമ്മി ഹൈസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി. അവനൊരു വൈദികനാകണമെന്നു വലിയ ആഗ്രഹമുണ്ടു്. അക്കാര്യം അവൻ തോമ്മാച്ചനെ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, തനിക്കാ പണിയിില്ലെന്നു്. എങ്കിലും തൊമ്മി നിരാശനായില്ല. അവൻ അവരുടെ പള്ളിയിലെ വികാരിയച്ചനെ സമീപിച്ചു. അദ്ദേഹം തൊമ്മിയെ പട്ടത്തിനു പഠിപ്പിക്കാമെന്നേററു.

ബാബു ഫിഫ്ത്തുഫോംകൊണ്ടു് അവൻെറ ശല്യംപിടിച്ച വിദ്യാർത്ഥിജീവിതം അവസാനിപ്പിച്ചു. അവനിന്നു തികഞ്ഞ ഒരു മദ്യപാനിയാണു്. തോമ്മാച്ചനും, റോസമ്മയും കണ്ണീരാകുന്ന ഓളപ്പാത്തിയിൽക്കൂടി അവരുടെ ജീവിതനൌക തള്ളിനീക്കി. അവരുടെ ഉപദേശങ്ങൾക്കൊന്നും ബാബുവിനെ മദ്യപാനത്തിൽനിന്നും പിന്തിരിപ്പിക്കുവാൻ സാധിച്ചില്ല. ആ ഓമനമകനെക്കൻകുളിർക്കെ കാണുന്ന ദിനരാത്രങ്ങൾ കുറഞ്ഞു. തകർന്ന ഹൃദയത്തോടെ ഒരിക്കൽ റോസമ്മ തൊമ്മിയോടു പറഞ്ഞു: "തൊമ്മി, നീ ബാബുവിനെ തനിച്ചൊന്നു പദേശിച്ചുനോക്കു" അമ്മയുടെ ഉപദേശം "അപ്പടി"യനുസരിക്കുന്ന തൊമ്മി ബാബുവിനെ സമീപിച്ചു "കണ്ട തെണ്ടിയുടെ മകനൊക്കെ എന്നെ ഉപദേശിക്കാൻ വന്നിരിക്കുന്നു" ബാബു ചാടിയെണിററു തൊമ്മിയുടെ കരണത്തിനൊരടി കൊടുത്തു.

കാലമാകുന്ന താളുകൾ മറിഞ്ഞുകൊണ്ടിരുന്നിട്ടും ബാബുവിൻെറ ജീവിതത്തിനു പുതിയ ഒരദ്ധ്യായം തുടങ്ങിയില്ല. മാന്തോപ്പിൽ തോമ്മാച്ചൻേറയും, റോസമ്മയുടേയും ഹൃദയവ്യഥകൾക്കു കൂട്ടുനില്ക്കുവാൻ ആ തെണ്ടിയുടെ മകനേ ഉണ്ടായിരുന്നുള്ളൂ. കാലമാകുന്ന പുസ്തകത്തിൽനിന്നും താളുകളായ വർഷങ്ങൾ അടർന്നുപോയി; കടന്നതിൻെറ തരംഗങ്ങളിൽക്കൂടി.

അന്നു പൂർവ്വതിരിയിൽ സൂര്യൻ എഴുന്നുള്ളത്തുണ്ടായപ്പോൾ മാന്തോപ്പിൽ തോമ്മാച്ചൻ അത്യാസന്നം വലിക്കുകയായിരുന്നു! തൻെറ പൌത്രൻെറ മടിയിൽ തലചായ്ച്ചു മരിക്കണമെന്നു് മരണാസന്നനായ തോമ്മാച്ചൻ ആവശ്യപ്പെട്ടു. പക്ഷേ, ബാബു ശശിയുടെകൂടെ മദ്യഷാപ്പിലായിരുന്നുകൊണ്ടു് തൊമ്മിയാണു് ബാബു എന്ന പേരിൽ തോമ്മാച്ചൻെറ അന്തിമാഗ്രഹം നിറവേററിയതു്. "മോ...നെ...ബാബു നീ ...ന...ല്ല...വ...നായി...രിക്ക...ണം." ആ പൌത്രസ്നേഹിയുടെ നാവു മന്ത്രിച്ചു, അവസാനമായി ബാബുവിനോടെന്നപോലെ.

പൊതുനിരത്തിലൂടെ മാന്തോപ്പിൽ തോമ്മാച്ചൻെറ ശവമഞ്ചം നീങ്ങി. അതിനു പിന്നിൽ നടന്നിരുന്ന വൈദികരുടെ കൂട്ടത്തിൽ ടൌവ്വൽകൊണ്ടു കണ്ണീർ തുടച്ചുകൊണ്ടു് ഒരു ശെമ്മാച്ചനും ഉണ്ടായിരുന്നു. ശവമഞ്ചത്തിനെതിരേ കൂടി കടിച്ചുമത്തനായി വന്ന ബാബുവിനെ ആരോ പിടിച്ചുമാററിക്കളഞ്ഞു. അതിനുശേഷം ആരുടേയും അനുവാദംകൂടാതെ ആരുഴി മൂന്നു വത്സരം കടന്നുപോയി.

അന്നൊരു ഞായറാഴ്ച ആ ശ്മശാനത്തിൽ രണ്ടു ശവക്കല്ലറകൾക്കു മുന്നിലായി ഒരു യുവവൈദികൻ മുട്ടുകുത്തി പ്രാർത്ഥിക്കുന്നതു് അനേകം ആളുകൾ കണ്ടു. "തെണ്ടിയുടെ മകൻ" കൂട്ടകാരിൽ ഒരാൾ പറഞ്ഞുപോയി. നിറഞ്ഞൊഴുകുന്ന ആ വൈദികൻെറ കണ്ണുകൾ ധന്മമളയിൽ ഒരു മൺകൂനയെ ക്രൂശിത്തിയുന്നുണ്ടായിരുന്നു!

# തിരുഹൃദയഭക്തിയെപ്പററിയുള്ള മാർപ്പാപ്പാ തിരുമനസ്സിലെ ചാക്രികലേഖനം

(പരിഭാഷകൻ:- ഫാദർ സീലാസ് സി. ഡി., തേവര)

(തുടർച്ച)

## പുതിയ നിയമത്തിൽ

ദൈവവും മനുഷ്യരും തമ്മിൽ നിലവിലിരിക്കുന്ന പുതിയ ഉടമ്പടിയുടെ യഥാർത്ഥസ്വഭാവം നമുക്കു സുവിശേഷത്തിൽനിന്നു മാത്രമേ ഗ്രഹിക്കുവാൻ സാധിക്കയുള്ളു. അവതരിച്ച ദൈവവചനം തൻെറ ദിവ്യപ്രസാദംമൂലം പുതിയനിയമത്തിൻെറ കർത്താവായിത്തീർന്നു (മൂശ ദൈവവും ഇസ്രായേലും തമ്മിൽ നിലവിലിരുന്നതായി പ്രഖ്യാപിച്ചതും ഏറ്റു പ്രവചിച്ചതുമായ ഉടമ്പടി പുതിയ നിയമത്തിൻെറ ഒരു പ്രതിരൂപം മാത്രമായിരുന്നു) മുട്ടാടിൻേറയോ കാളക്കിടാവിൻേറയോ രക്തംകൊണ്ടല്ല. പ്രത്യുത അവതാരമെ ലക്ഷീകരിച്ചുവോ ആ മിശിഹായുടെ—ലോകപാപങ്ങളെ നീഹനിക്കുന്ന ദിവ്യചെമ്മരിയാടിൻെറ—രക്തംകൊണ്ടാണു് പുതിയനിയമത്തിനു മുദ്രവയ്ക്കപ്പെട്ടതു് (cf. Jo. 1—29; Heb. 9 18—28; 10. 1—17) കാരണം ക്രിസ്തുവിൻെറ നിയമം പഴയനിയമത്തെ അതിശയിക്കുന്നുവെങ്കിൽ, ദാസ്യമനോഭാവത്തിലോ ഭയത്തിലോ അല്ല, പിതാവും പുത്രനും തമ്മിലുള്ള സ്നേഹബന്ധത്തിൽതന്നെയാണു് കെട്ടിപ്പടുത്തിരിക്കുന്നതു്. സുവിശേഷകനായ യോഹന്നാൻ പറയുന്നപോലെ വരപ്രസാദത്തിൻേറയും സത്യപ്രകാശത്തിൻേറയും സമൃദ്ധമായ വർഷമാണു് അതു പോഷണവും ഉദ്ധതയും പ്രാപിച്ചിരിക്കുന്നതു്. "അവിടുത്തെ പൂർണ്ണതയിൽനിന്നാണു് നാം ധാരാളമായ പ്രസാദം പ്രാപിച്ചിരിക്കുന്നതു്. നിയമം മൂശവഴിയായി നൽകപ്പെട്ടു; എന്നാൽ വരപ്രസാദവും സത്യപ്രകാശവും ഈശോമിശിഹാമൂലവും." (Jo 1: 16—17)

"ഈശോ സവിശേഷം സ്നേഹിക്കയും തിരുവത്താഴത്തിൽ അവിടുത്തെ ഹൃദയത്തിലേക്കു ചാരിക്കിടക്കുകയും" (Jo. 21:20) ചെയ്ത ഈ പ്രേഷ്ഠശിഷ്യൻെറ വാക്കുകൾ അവതരിച്ച പരമവചനത്തിൻെറ നിത്യസ്നേഹത്തിൻെറ അഗാധതയിലേക്കു നമ്മെ നയിക്കയാണു്. മാധുര്യപ്രമേയമായ ഈ രഹസ്യത്തെപ്പററി പ്രാർത്ഥനാപൂർവ്വം അല്പം ചിന്തിക്കുന്നതു് ഏററവും സമുചിതവും രക്ഷാകരവുമാണെന്നു നമുക്കു തോന്നുന്നു. സുവിശേഷനിഷ്ഠമായ ഈ സത്യത്തിൽനിന്നു നിഷ്ക്രമിക്കുന്ന അദ്ധ്യാത്മശ്ലോകങ്ങളല്ലോമ്പാൾ, വി. പൌലോസ് എഫേസൂസുകാർക്കു് ആശംസിക്കുന്ന അനുഗ്രഹങ്ങൾ നമ്മേയും വലയംചെയ്യുവാനിടയാകും. "വിശ്വാസംവഴിയായി മിശിഹാ നിങ്ങളിൽ വസിക്കുവാനിടയാകട്ടെ. നിങ്ങളുടെ ജീവിതം സ്നേഹത്തിൽ അടിയുറച്ചും സ്നേഹത്തിൽനിന്നുയിരെടുക്കുന്നതുമായിരിക്കട്ടെ. നിങ്ങൾക്കും മററു വിശുദ്ധർക്കും മിശിഹായുടെ അഗ്രാഹ്യമായ സ്നേഹത്തിൻെറ നീളവും വീതിയും പൊക്കവും, ആഴവും അളന്നറിയുന്നതിനു് ഇടയാകട്ടെ. അങ്ങനെ ദൈവം നൽകുന്ന പൂർണ്ണതയാൽ നിങ്ങൾ നിറയട്ടെ." (Eph. 3, 17—19)

രക്ഷാകമ്മത്തിൻെറ ദിവ്യരഹസ്യം പ്രഥമവും പ്രധാനവുമായി സ്നേഹത്തിൻെറ രഹസ്യമാണു്. സ്നേഹത്തിൻേറയും അനന്തമാണത്തിൻെറയും ചൈതന്യത്താൽ പ്രേരിതനായി, ഈശോ കുരിശിലെ മഹാബലിവഴിയായി നമുക്കായ, അനന്തമായ ഒരു പരിഹാരമാണു് മനുഷ്യവർഗ്ഗത്തിൻെറ പാപങ്ങൾക്കുവേണ്ടി അർപ്പിക്കയുണ്ടായതു്. സർവ്വപിതാവിനോടുള്ള സ്നേഹപ്രകർഷമായിരുന്നു ഈ ബലിസമർപ്പിക്കുവാൻ മിശിഹായെ പ്രേരിപ്പിച്ചതു്. "തൻെറ സ്നേഹവും അനുസരണവുംമൂലം മനുഷ്യവർഗ്ഗത്തിൻെറ അപരാധമാവശ്യപ്പെട്ടതിനെ അതിശയിച്ച ഒരു പരിഹാരമാണു് ഈശോ ദൈവത്തിനു സമർപ്പിച്ചതു്" (Sum. Theol III 48-2) രണ്ടാമതായി പരി. ത്രിത്വത്തിനും ദിവ്യരക്ഷകനും അഖില മനുഷ്യവർഗ്ഗത്തോടുമുള്ള സ്നേഹത്തിൻെറ രഹസ്യമാണതു്. നമ്മുടെ പാപങ്ങൾ പരിഹരിക്കുവാൻ സ്വയം അപ്രാപ്തരായിരുന്നല്ലോ നാം. (cf. Miserentissimus) അമൂല്യമായ തൻെറ രക്തം ചിന്തിക്കൊണ്ടു് അന്തമില്ലാത്ത അനുഗ്രഹസമ്പത്താണു് മിശിഹാ നമുക്കുവേണ്ടി ആർജ്ജിച്ചതു്. അങ്ങനെ ആദ്യമായി മൌഢ്യപരദിസായിൽവച്ചുണ്ടായ ആദത്തിൻെറ അധഃപതനവും പിന്നീടു് തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ അവിശ്വസ്തതയുംമൂലം ദൈവവും മനുഷ്യരും തമ്മിലുണ്ടായിരുന്ന തകർന്നു പോയിരുന്ന ഉടമ്പടിയെ മിശിഹാ പുനഃസ്ഥാപിക്കയും പരിപൂർത്തിയാക്കുകയുംചെയ്തു. നമ്മുടെ ഏററവും പുണ്യനായ മദ്ധ്യസ്ഥനെന്ന നിലയിൽ ദിവ്യരക്ഷകൻ നമ്മോടുള്ള അപാരമായ സ്നേഹത്താൽ പ്രേരിതനായി മനുഷ്യവർഗ്ഗത്തിൻെറ കർത്തവ്യവും ദൈവത്തിൻെറ അവകാശവും തമ്മിൽ രഞ്ജിപ്പിക്കുവാൻവേണ്ടി, ദൈവത്തിൻെറ നീതിയേയും അവിടുത്തെ കരുണയേയും യോജിപ്പിച്ചു. അങ്ങനെ സർവ്വത്തേയും അതിലംഘിക്കുന്നവിധം നമ്മുടെ രക്ഷ സാധിതപ്രായമായി ഇതേപ്പററി വി. തോമസ് അക്വിനാസ് പറയുകയാണു്: "മിശിഹായുടെ പീഡാനുഭവം വഴിയായി മനുഷ്യൻ മുക്തനേടുകയെന്നതു് അവിടുത്തെ നീതിക്കും മയ്യും സുയോഗ്യമായിരിക്കുന്നു. മനുഷ്യവർഗ്ഗത്തിൻെറ പാപത്തിനുവേണ്ടി പീഡയനുഭവിച്ചുകൊണ്ടു് നീതിയെ അവിടുന്നു തൃപ്തിപ്പെടുത്തി. അങ്ങനെ മനുഷ്യൻ മിശിഹായുടെ നീതിവഴിയായി സ്വാതന്ത്ര്യം പ്രാപിച്ചു. പാപത്തിനു അർഹമായ പരിഹാരം മനുഷ്യനു ശക്യമല്ലാത്തതിനാൽ ദൈവം മനോ തൻെറ കുമാരനെ പരിഹാരമായി നൽകി. ഇതുമൂലം പരിഹാരംകൂടാതെ പാപം ക്ഷമിക്കപ്പെടുന്നതേക്കാൾ ഉപരിയായ കാരുണ്യമാണു് അവിടുന്നു പ്രദർശിപ്പിക്കുന്നതു്. അതിനാലാണു്, "കരുണാസമ്പന്നനായ ദൈവം നമ്മോടുള്ള തൻെറ സ്നേഹപാരമ്യംനിമിത്തം പാപങ്ങളാൽ മരണംപ്രാപിച്ച നമ്മെ മിശിഹാമൂലം ഉജ്ജീവിപ്പിച്ചു" എന്നു പറയപ്പെട്ടിരിക്കുന്നതു്." (Eph. 2, 4; Suma Theol III 46 1 ad 3)

മത്സ്യരയേ നമുക്കു സാധ്യമാകുന്നിടത്തോളം സ്വർഗ്ഗീയപിതാവിനോടും പാപികളായ മനുഷ്യരോടുമുള്ള അവതരിച്ചവചനത്തിൻെറ അതോധസ്നേഹത്തിൻെറ "നീളവും വീതിയും ഉയരവും ആഴവും സർവ്വവിശുദ്ധരോടുംകൂടെ ഗ്രഹിക്കുവാനായി" (Eph 3. 18)

(ശേഷം 12-ാംപേജിൽ)




Reg. No. M. 2298

# Sathya Deepam

Vol. 29 Ernakulam July 4 1956 No. 44



## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




കുട്ടികൾക്കു വിശന്നാൽ അവരെന്തുചെയ്യും? അമ്മേ! എന്നു വിളിച്ചു കരയും ഭക്ഷണം കിട്ടുന്നതുവരെ. അവർക്കെന്തെങ്കിലും ഭയമുണ്ടായാൽ എന്തുചെയ്യും? അമ്മേ! എന്നു വിളിച്ചു കരഞ്ഞുകൊണ്ടു അമ്മയുടെ മടിയിൽ അഭയം പ്രാപിക്കും. മൂത്തകുട്ടികളോ കൂട്ടുകാരോ കൂടി വഴക്കുണ്ടാക്കിയാൽ എന്തുചെയ്യും? അമ്മേ! എന്നു വിളിച്ചു കരയും, അമ്മവന്നു കേസ് തീർത്തു കുറ്റക്കാരെ ശിക്ഷിക്കുന്നതുവരെ. ഈ പ്രകൃതി എല്ലാവർക്കും സുപരിചിതമാണ്. "ബാലാനാം രോദനംബലം" എന്നാണല്ലോ തത്വം. എന്നാൽ വിശന്നാലും ഭയപ്പെട്ടാലും മററുള്ളവർ ഉപദ്രവിച്ചാലും മരപ്പാവപോലെയിരിക്കുന്ന മൂകരായ ചില കുട്ടികളും ഇല്ലാതില്ല. ആ പാവങ്ങളെപ്പററി മററുള്ളവർ അനുശോചിക്കുകയേയുള്ളു. ചെയ്യേണ്ടതു ചെയ്യുവാൻ, സ്വയരക്ഷ നേടുവാൻ അവർക്കറിഞ്ഞുകൂടാ!

മനുഷ്യമക്കളെ സംബന്ധിച്ച് ദൈവപിതാവുമായുള്ള ഇടപാടിൽ ഇതുപോലുള്ള ഒരു രംഗമുണ്ട്. മനുഷ്യരായ നാം ദുർബലരാണല്ലോ, പ്രത്യേകിച്ചും ആദ്ധ്യാത്മികജീവിതത്തിൽ. നമ്മുടെ ആദ്ധ്യാത്മികവും ലൗകികവുമായ ആവശ്യങ്ങളിലും അപകടങ്ങളിലും അധഃപതനങ്ങളിലും സർവ്വശക്തനായ ആ സ്വർഗ്ഗീയപിതാവിനെ ആശ്രയിക്കണമെന്നുള്ളതു നമ്മുടെ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ആവശ്യമാണ്. ഈ ആശ്രയനിർവ്വഹണമാണ് പ്രാർത്ഥനയുടെ ഒരു ഭാഗം. പ്രാർത്ഥനയിൽ ദൈവത്തെ ആരാധിക്കുക, അവിടുത്തോടു കൃതജ്ഞത രേഖപ്പെടുത്തുക, നമ്മുടെ പാപങ്ങൾക്കായി യാചിക്കുക മുതലായ കർത്തവ്യങ്ങൾ നാം നിറവേററുന്നുണ്ട്. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒരു ഭാഗമാണ് നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി പിതാവിനെ ആശ്രയിക്കുക എന്നുള്ളതും. ഈ ഭാഗത്തിനാണ് ഒരുവിധത്തിൽ പറഞ്ഞാൽ കൂടുതൽ പ്രാമുഖ്യം സാധാരണ നൽകപ്പെടുന്നതു്. എന്നാൽ ഇതു വേണ്ടവിധത്തിൽ നിർവ്വഹിക്കുവാൻ നമുക്കു കഴിയുന്നില്ലെങ്കിൽ നമ്മുടെ സ്ഥിതി വളരെ ശോചനീയമാണ്, കരയാൻ അറിയാത്ത കുട്ടിയെപ്പോലെ. അതുകൊണ്ടു നമ്മുടെ എല്ലാ ആവശ്യങ്ങളിലും വിശ്വാസ്തതാപൂർവ്വം മാതാവും ശിശുവും തമ്മിലുള്ള വിശ്വാസമനസ്ഥിതിയോടെ നാം ദൈവത്തെ പ്രാർത്ഥിക്കണം. ഈ പ്രാർത്ഥനാരൂപി നമുക്കു ഒരുവിധത്തിൽ പറഞ്ഞാൽ സ്വാഭാവികമാണ്. അതു നിരന്തരമായ നമ്മുടെ പരിശീലനംകൊണ്ടു ഒരു സ്വഭാവമാക്കി പകർത്തണം.

ജെമ്മായുടെ ചരിത്രത്തിലേക്കു തിരിയാം. ആ ബാലികയ്ക്കു ഒരു കന്യാസ്ത്രീയാകണമെന്നാണാഗ്രഹം. എന്നാൽ അവൾ രോഗക്കിടക്കയിൽ മരണത്തിന്റെ വായിൽക്കിടന്നു പിടയുകയാണ്. അവളെന്തുചെയ്യും? അതാ, അവളുടെ ആത്മീയപിതാവു അവളെ സമാശ്വസിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ വിഷമഘട്ടങ്ങളിൽ നമ്മെ സമാശ്വസിപ്പിക്കുന്ന ദൈവദൂതനാണ് നമ്മുടെ ആത്മീയപിതാവ്. നമ്മെ സുഖപ്പെടുത്തുന്ന ആത്മീയവൈദ്യനും അദ്ദേഹംതന്നെ. മോൺ. വോൾപിയും ജെമ്മായുംകൂടി പ്രശ്നം ചർച്ചചെയ്തു. അവർ ഒരു തീരുമാനത്തിലെത്തി, പ്രാർത്ഥിക്കുവാൻ; ഒരു നവനാൾപ്രാർത്ഥന നടത്തുവാൻ. നമ്മുടെ ജീവിതത്തിലെ വിഷമഘട്ടങ്ങളിലും ജെമ്മായെപ്പോലെ പരമാർത്ഥതയോടുകൂടി നമ്മുടെ




### 75-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ചാരായണാം

### പ്രശ്നം നമ്പ്ര് 76

(കെ. എം. ചെറിയാൻ Reg. No. 37)

ഗൗരിയമ്മ അമ്പലത്തിലെ നാലു നടക്കലും വിളക്കിടുവാൻ എണ്ണയുംകൊണ്ടു രാധാപാലനെ അയച്ചു. ഓരോ നടക്കലും കൊണ്ടുചെല്ലുന്നിടത്തോളം എണ്ണ അമ്പലത്തിൽനിന്നും, ചെല്ലുന്ന ആൾക്കു കൊടുക്കും. അതുംകൂട്ടി ഓരോ നടക്കലും ഇടങ്ങഴി എണ്ണവീതം വിളക്കിലൊഴിച്ചുകൊള്ളണമെന്നും അവസാനം പാത്രത്തിൽ എണ്ണ ബാക്കി വരരുതെന്നുമാണ് ഗൗരിയമ്മയുടെ നിർദ്ദേശം. അതനുസരിച്ചാണ് അവർ രാധാപാലനെ എണ്ണ അളന്നേല്പിച്ചതും. എങ്കിൽ എത്ര എണ്ണയാണ് ഗൗരിയമ്മ കൊടുത്തയച്ചതു്?

(ഉത്തരം അടുത്തതിൽ)

---

ആത്മീയപിതാക്കന്മാരെ സമീപിക്കുന്നതിനും, അവരുടെ ഉപദേശങ്ങൾ സ്വീകരിക്കുന്നതിനും, പ്രാർത്ഥനയാകുന്ന പ്രബലമാർഗ്ഗം കൈവരിക്കുന്നതിനും നമുക്കു സാധിച്ചിരുന്നെങ്കിൽ എത്ര ഭാഗ്യമായിരുന്നേനെ! അതിനുവേണ്ടി നമുക്കു പരിശ്രമിക്കാം. പ്രാർത്ഥനാശിലം നമുക്കു കൈവളർത്താം.

വല്യേട്ടൻ

---

ചെറുകഥ

## മാതൃസങ്കേതം

(അഗസ്റ്റിൻ എം. Reg. No. 3)

സന്തോഷത്തിന്റെയും സൗഭാഗ്യത്തിന്റെയും അത്യുച്ചാവസ്ഥയിൽ നിലകൊള്ളുന്ന ഒരു കുടുംബമാണ് പൈലിച്ചേട്ടന്റേതു്. പൈലിച്ചേട്ടന്റെയും കുഞ്ഞേലിച്ചേടത്തിയുടെയും ഏകസന്താനമാണ് ബേബിച്ചൻ. നഗരങ്ങളിലൂടെയും ഗ്രാമങ്ങളിലൂടെയും വിഹരിക്കുന്ന ബാലികാബാലന്മാർക്കു് ഉത്തമദൃഷ്ടാന്തവുമാണവൻ. എല്ലാവരുടെയും കണ്ണിലുണ്ണി.

അരുവികൾ കാലക്രമേണ വലുതാകുന്നതുപോലെ, ചെടികൾ വളരുന്നതുപോലെ, നമ്മുടെ ബേബിച്ചനും ദൈവഭക്തിയിൽ അനുദിനം വളർന്നുവരികയാണ്. അവനു് അനുഭവപ്പെടുന്ന അനുദിനസന്താപസന്തോഷങ്ങളെല്ലാം മിശിഹായ്ക്കു വേണ്ടി കാഴ്ചവെച്ചു് ലില്ലിപ്പുഷ്പങ്ങളാക്കി മാററും. പല പുണ്യവതീപുണ്യവാന്മാരുടെ മാദ്ധ്യസ്ഥം വഴിയായി അനേകകാര്യങ്ങൾ അവൻ സാധിക്കാറുപതിവാണ്. ബേബിച്ചനു് വയസ്സ് 12 കഴിഞ്ഞു. ദൈവഭക്തിക്കു് യാതൊരു വാട്ടവും കോട്ടവും ഇന്നുവരെ സംഭവിച്ചിട്ടില്ല.

ബേബിച്ചനു് ഒരു കാര്യംമാത്രം സാധിച്ചുകൊടുക്കുവാൻ ആരെയും ലഭിച്ചില്ല. നിദ്രാദേവിയുടെ അടിത്തട്ടിലേക്കു് കാലപ്പിശാചു് അവനെ വലിച്ചിഴച്ചുകൊണ്ടു പോകുകയാണ്. പഠിച്ചപണി പതിനെട്ടും ബേബിച്ചൻ പ്രയോഗിച്ചുനോക്കി. ഒരു പിടിയും കിട്ടുന്നില്ല. അവസാനം ബേബിച്ചൻ നിശ്ചയിച്ചു ഇനി മാതാവിനെ പിടികൂടിയാലോ? അവൻ വിചാരിക്കുകയാണ്: "പാപികളുടെ സങ്കേതമാണ്. ക്ലേശിതരുടെ ആശ്വാസമാണ്. ദുഃഖിക്കുന്നവർക്കു് സമാധാനം ലഭിച്ചുതരുന്നവളാണ്. അപ്പോൾ എന്റെ അപേക്ഷയെ സ്വീകരിക്കാതിരിക്കുമെന്നോ? ഇല്ല." എങ്കിലും സ്വപ്നം കാണും എന്നുള്ള ഭയം അവനെ വിട്ടുമാറിയിട്ടില്ല. രാത്രി കിടക്കാനുള്ള സമയമായി. ബേബിച്ചൻ കാവൽമാലാഖായുടെ സഹായം അപേക്ഷിച്ചു. യൗസേപ്പുപിതാവിന്റെ സഹായം അപേക്ഷിച്ചു. പേരിനു് കാരണമായിരിക്കുന്ന പുണ്യവാന്റെ സഹായം അപേക്ഷിച്ചു. ഒടുവിൽ 3 ആകാശങ്ങളിലിരിക്കുന്നതും 3 നന്മനിറഞ്ഞ മറിയവും മൂന്നു ത്രിത്വസ്തുതിയും ചൊല്ലി മാതാവിനോടു് അപേക്ഷിച്ചു. "എന്റെ അമ്മേ, എന്റെ ആശ്രയമേ, കണ്ടാൽ പേടിക്കുന്നതിനെ ഒന്നും സ്വപ്നം കാണിക്കല്ലേ. എന്റെ അമ്മേ എന്നെ കൈവിടല്ലേ." ബേബിച്ചൻ കിടന്നുറങ്ങി. സ്വപ്നമേ കണ്ടില്ല.

ഒരാഴ്ച കഴിഞ്ഞപ്പോൾ ബേബിച്ചൻ ഒരു സിനിമ കാണാൻ പോയി. രാത്രി 10 മണി ആയപ്പോൾ വീട്ടിൽ തിരിച്ചെത്തി. ക്ഷീണമാണ്. അമ്മച്ചി ചോറും കൊടുത്തില്ല. അവൻ കിടന്നുറങ്ങി. മാതാവിനോടു് അപേക്ഷിച്ചുമില്ല. സ്വപ്നം കാണാൻ തുടങ്ങി. അങ്ങേ വീട്ടിലെ ചാണ്ടിച്ചേട്ടന്റെ കൈസർ വരുന്നു. കടിയൻ നായ് ...ബൗ...ബൗ... അയ്യോ! അയ്യോ എന്നു കരഞ്ഞിട്ട് ശബ്ദം പുറത്തുവരുന്നില്ല. ബേബിച്ചൻ നാലുപാടും നോക്കി. രക്ഷ ഒന്നുമില്ല. ഓടാൻ നിശ്ചയിച്ചു. ടും... ടും....ടും... വിട്ടില്ല, പട്ടിയും പിറകേ. ഒടുവിൽ ഒരു പാലത്തിൽ കയറി. കൈസറും പിറകേ. അവിടന്നും ഓടി. കൈസർ പിറകിലെത്താറായി. ബേബിയുടെ മുണ്ടുമഴിഞ്ഞു. മുണ്ടിന്റെ അററത്തു പിടികൂടി... ഉറക്കവും തെളിഞ്ഞു. ബേബിച്ചൻ ആലിലപോലെ വിറച്ചുകിടക്കുകയാണ്. ഒരു വിധത്തിൽ നേരം വെളുത്തു. അതിൽ പിന്നെ ബേബിച്ചൻ ആ അമ്മയുടെ സഹായം ആവശ്യപ്പെടാതിരുന്നിട്ടില്ല. സ്വപ്നം കണ്ടിട്ടുമില്ല.

ചെറുകഥ

## തെണ്ടിയുടെ മകൻ

(മേരി ജെയിക്കബ്ബ് തത്തമ്പിള്ളി)

"എന്റെ ഷർട്ടിൽനിന്നും വിടു ബാബു."

"ഞാൻ വിടത്തില്ല. അല്ലെങ്കിൽ നീ ഞങ്ങളുടെകൂടെ സിനിമ കാണാൻ വാ."

"ബാബൂ, ദയവുചെയ്തു ഞാൻ പറയുന്നതു കേൾക്കൂ. നമുക്കു വീട്ടിൽ ചോദിച്ചിട്ടു സിനിമകാണാൻ പോയാൽമതി."

"നീ പറയുന്നതു കേൾക്കാൻ നേരം അതിനു സമയമായില്ലെടാ."

"ബാബു ഒന്നാലോചിച്ചുനോക്കൂ. അമ്മച്ചി ഇന്നാലേംകൂടി പറഞ്ഞതല്ലേ ശരിയുടെകൂടെ കൂട്ടുപിടിച്ചുനടക്കരുതെന്നു്."

"ഓ, നീ ഏതു മഹാനാ ഇതു ഉപദേശിക്കാൻ. എടാ തൊമ്മീ, അതൊക്കെ അങ്ങനെ കിടക്കും. ശരിപറഞ്ഞു "ഗണിക" ഒന്നാംതരം സിനിമയാണെന്നു്. നമുക്കിന്നു ഉച്ചയ്ക്കു ക്ലാസ്സില്ലല്ലോ. മററിനി കാണാൻ പോകാം."

"കുട്ടികൾ സിനിമ കാണരുതെന്നു് ഇന്നാള് അച്ചൻ പള്ളിയിൽ പ്രസംഗിച്ചതു കേട്ടില്ലേ?"

"പോടാ, എനിക്കു നിന്റെ വേദാന്തമൊന്നും കേൾക്കണ്ടാ. നീ ഞങ്ങളുടെകൂടെ സിനിമകാണാൻ വരുന്നോ ഇല്ലയോ?"

"ഞാൻ വരുന്നില്ല."

"തീർച്ചയാണോ?"

"തീർച്ച. നോക്കു, ബാബു എന്റെ ഷർട്ടുകീറി. ബാബുവിന്റെ കാര്യം ഞാൻ പറഞ്ഞുകൊടുത്തില്ലെങ്കിൽ നോക്കിക്കോ."

"ഓ, നീയങ്ങോട്ടു ചെന്നേച്ചാൽമതി പറയാൻ. നീ പോടാ കള്ളാ. ഞാൻ ദേ ഇൗ കല്ലുവച്ചെറിയും."

"ഞാൻ കള്ളനല്ല ബാബു."

"പിന്നെയാരാ, തെണ്ടിയാ, അല്ലേ?"

"അതേ ബാബു, ബാബു അതു പറയുമെന്നെനിക്കറിയാം."

തൊമ്മിക്കു് അടക്കാനാവാത്ത ദുഃഖമുണ്ടായി. അവനൊരു തെണ്ടിയാണ്. കരളുരുകിക്കരയിക്കുന്ന ഒരു ജീവിതകഥ അതിനുപിന്നിലുണ്ട്.

ബാബുവിന്റെ പിതാവു് ഒരു വക്കീലും തൊമ്മിയുടെ പിതാവു ഒരു പ്രൈമറിസ്കൂളദ്ധ്യാപകനുമായിരുന്നു. അഗതികളുടെ വിഷമസ്ഥിതിയിൽ അകമഴിഞ്ഞനുതപിക്കുന്ന ഒരു ഹൃദയം കുഴ്ച്ചനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാധുജനസംരക്ഷണത്തിന്റെ മകുടോദാഹരണമാണ് അങ്ങ് ആ കാണുന്ന അനാഥമന്ദിരം. കുഴ്ച്ചൻവക്കീലും, തോമസ്സുസാറും തമ്മിലുള്ള ആത്മാർത്ഥസ്നേഹം എല്ലാവർക്കും സുപരിചിതമായിരുന്നു. അവർ ബാല്യകാലസുഹൃത്തുക്കളുമായിരുന്നു. സിക്സ്ഫിൽ ഹൈസ്കൂൾക്ലാസ്സിൽ പാസ്സായ തോമസ്സ് മരിച്ചു ചുമതലകൾ ഏറെറടുത്തപ്പോൾ സെപ്ററംബറിൽ എഴുതി പാസ്സായ പ്രഭുകുമാരനായ കുഴ്ച്ചൻ കോളേജിലേക്കുംപോയി. എങ്കിലും അവരുടെ സ്നേഹം വേർപിരിഞ്ഞില്ല. പക്ഷേ കാലമാകുന്ന ആ ഭടന്റെ വെടിയുണ്ടകളാണ് ആ ഇണക്കയിലുകളെ വേർപെടുത്തിയതു്. വെറും മൂന്നു ദിവസം ദീർഘിച്ച തോമസ്സ്സാറിന്റെ പനി അദ്ദേഹത്തിന്റെ ജീവനും കൊണ്ടാണു തിരികെപ്പോയതു്. ഒരു വയസ്സുള്ള തന്റെ ഓമനക്കുഞ്ഞിനെ കുഴ്ച്ചനെ ഏല്പിച്ചിട്ടാണ് ആ പാവപ്പെട്ട അദ്ധ്യാപകന്റെ ദേഹി ലോകംവിട്ടതു്. കുഴ്ച്ചനാണ് തോമസ്സ്സാറിന്റെ ശവസംസ്കാരം നടത്തിയതു്. മാർബിൾകൊണ്ടു കെട്ടിഉയർത്തിയ ആ ശവകുടീരമില്ലേ, അതിനകത്തു് ആ ആത്മാർത്ഥസുഹൃത്തു് അന്തിമവിശ്രമംകൊള്ളുകയാണ്. ദിവസങ്ങളും മാസങ്ങളും കൈകോർത്തുപിടിച്ചുകൊണ്ടു് വർഷങ്ങൾ ആറു കടന്നുപോയി. ഒരു ബോട്ടപകടത്തിൽപ്പെട്ടു കുഴ്ച്ചൻ മരിച്ചിട്ടു് മൂന്നുമാസം കഴിഞ്ഞു. ആ സ്നേഹസമ്പന്നന്റെ മൃതദേഹംകൂടി കാണുവാൻ ആർക്കും സാധിച്ചില്ല.

കുഴ്ച്ചൻവക്കീലിന്റെ മരണം തോമസ്സ്സാറിന്റെ കുടുംബത്തിനു ഇടിവെട്ടേററപോലെയായി. ഒരു ക്ഷയരോഗിണിയായിരുന്നിട്ടും മേരി കഴിവതു യത്നിച്ചു. ശേ

ശേഷം 15-ാംപേജിൽ

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1